MADRAS 1931

# ഗുരുനാഥൻ.

| പുസ്തകം 10 | 1106 ധനു | ലക്കം 5 |
| --- | --- | --- |

## കാശി

അഥവാ

## പൌരസ്ത്യദേശത്തിലെ

## അനശ്വരമായ വിജ്ഞാനകേന്ദ്രം.

സ്മരണീയമായ ഈ സമ്മേളനം ഉൽഘാടനം ചെയ്യുവാൻ ആവശ്യപ്പെട്ടതുനിമിത്തം അഖിലഏഷ്യാവിദ്യാഭ്യാസസമ്മേളനത്തിന്റെ ഭാരവാഹികൾ എന്നോട്ട് കാണിച്ച ബഹുമാനത്തെ ഞാൻ വിലയേറിയതായി കരുതുന്നു. വിദഗ്ദ്ധനായ ഒരു വിദ്യാഭ്യാസപ്രവർത്തകനെന്ന നിലയിൽ ഈ ബഹുമാനത്തിന് ഞാൻ അർഹനല്ലെങ്കിലും, കാശിയിലെ പൌരസ്ത്യവും പാശ്ചാത്യവുമായ വിദ്യാഭ്യാസപ്രസ്ഥാനങ്ങളുമായി സുദൃഢമായ ബന്ധത്തെ പരിപാലിച്ചുപോരുന്ന ഒരു കുടുംബത്തിലെ ഒരു അംഗമായതുകൊണ്ട്, വിദ്യാഭ്യാസത്തിനുവേണ്ടി എന്നാൽ ചെയ്യാവുന്ന ഒരു എളിയജോലിയായി പരിഗണിച്ച് ഈ സന്തോഷകർമ്മം നിറവേററാമെന്ന് ഉൽകണ്ഠയോടും കൃതജ്ഞതയോടും കൂടി സമ്മതിച്ചു. എന്റെ കുറവുകൾ നല്ലപോലെ അറിയാവുന്ന ഞാൻ നിങ്ങളുടെ സൗമനസ്യത്തെ അവലംബിച്ചുകൊണ്ട്, നിങ്ങളുടെ ബുദ്ധിപൂർവകമായ വിചിന്തനത്തിനായി ചില സംഗതികൾ ചൂണ്ടിക്കാണിക്കാമെന്ന് വിചാരിക്കുന്നു. ഈ സമ്മേളനത്തിന്റെ വിജയത്തെപ്പററി ഞാൻ ഉറപ്പുപറയുന്നതു് നിങ്ങൾ വിശ്വസിച്ചാലും. വിജയത്തിന്റെ പകുതിയും നിങ്ങൾ ബുദ്ധിപൂർവം ഈ സ്ഥലം തിരഞ്ഞെടുത്തതുകൊണ്ടു തന്നെ സിദ്ധിച്ചിരിക്കുന്നു. വിജ്ഞാനത്തിന്റെ അനശ്വരകേന്ദ്രമായ ഈ സ്ഥലത്തേക്കാൾ ഈ സമ്മേളനത്തിനനുയോജ്യമായ വേറൊരു സ്ഥലം ഏതാണ്.? കാശിയുടെ നാമംതന്നെ എന്റെ ഹൃദയത്തിൽ വിശ്വാസത്തേയും ആനന്ദത്തേയും അഭിമാനത്തേയും അങ്കുരിപ്പിക്കുന്നു.

* അഖിലഏഷ്യാവിദ്യാഭ്യാസസമ്മേളനത്തിൽ കാശിയിലെ മഹാരാജാവായ സർ പ്രഭു നാരായണസിംഗ് ചെയ്ത ഉൽഘാടനപ്രസംഗസംഗ്രഹം.

പുരാതനകാലം മുതല്ക്കുതന്നെ കാശി ഹൈന്ദവപരിഷ്കാരത്തിൻെറ അടിസ്ഥാനമായ ആദ്ധ്യാത്മികതത്വത്തിൻെറ ഇരിപ്പടമാണ്; പ്രാചീനകാലം മുതൽ ഇന്നുവരെ അതിൻെറ അന്തരീക്ഷത്തിൽ സാമവേദത്തിൻെറ ഹൃദയാകർഷവും ദൈവികവുമായ ഗാനങ്ങൾ മാറെറാലിക്കൊണ്ടിരിക്കുന്നു; വ്യാസൻ, വസിഷ്ഠൻ, ഗൌതമൻ, പതഞ്ജലി മുതലായ മഹർഷിമാർ തപോനിഷ്ഠരായിരുന്ന ലോകപ്രസിദ്ധമായ മണ്ണ് ഇതുതന്നെയാണ്; ഇവിടെയാണ് കാരുണ്യമൂർത്തിയായ ഗൌതമബുദ്ധൻെറ ലോകപ്രചുരിതമായ മതം സ്ഥാപിക്കപ്പെട്ടതു്; അദ്വൈത മഹാജ്ഞാനിയായ ശങ്കരാചാര്യർ കാശിയിൽവച്ചാണ് ആദ്യമായി ബ്രഹ്മസൂത്രനിരൂപണം ആരംഭിച്ചതു്; ഭക്തിയോഗമഹാപണ്ഡിതനായ വല്ലഭാചാര്യരുടെ ശുദ്ധാദ്വൈതസിദ്ധാന്തം സൂര്യപ്രകാശം കണ്ടതു് പാവനമായ ഈ മണ്ണിൽവച്ചാണ്; പരിശുദ്ധമായ ഈ വിജ്ഞാനകേന്ദ്രത്തിലാണ് ഭഗവാൻ ശ്രീകൃഷ്ണനും ചൈതന്യനും സർവ്വജനീനസ്നേഹത്തിൻെറ സകലലോകവശ്യമായ ധ്വജം നാട്ടിയതു്; അസംഖ്യം യോഗികളുടേയും ജ്ഞാനികളുടേയും ഭക്തന്മാരുടേയും ഇരിപ്പടമായ ഈ പ്രവൃത്തിരംഗത്തിൽ വച്ചുതന്നെ മതവിശ്വാസമുള്ള എല്ലാ ഹിന്ദുക്കളും അവരുടെ അന്ത്യശ്വാസം വലിക്കുന്നതിന് അതിയായി മോഹിക്കുന്നു. എന്തുകൊണ്ടെന്നാൽ മണികർണ്ണികയുടെ സദാ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാഗ്നിയിൽ അവരുടെ ആത്മാവിനെ ലയിപ്പിക്കാമെന്നാണ് അവരുടെ വിശ്വാസം.

ഈ ആനന്ദോദ്യാനം—ലോകേശ്വരൻെറ സന്നിധി-ഹിന്ദുമതത്തിൻെറ അനശ്വരാത്മാവിന് ജീവശ്ശക്തിയും പ്രേരണശക്തിയും നൽകിയിരുന്ന അക്ഷയസരസ്സാണ്. കാശിയിലെ ആകാശം ആദ്യമായി പ്രകാശിച്ചതു് തുളസീദാസൻെറ കവിതയുടെ പരിശുദ്ധവും നിസ്തുല്യവുമായ ചന്ദ്രികകൊണ്ടാണ്. രാമാനന്ദനും, കബീറും മററു ഗുരുജനങ്ങളും ലോകത്തിനുള്ള അവരുടെ സന്ദേശങ്ങൾ ഇവിടെവച്ചാണു നൽകിയതു്. ഇന്നും ലൌകികവും ആദ്ധ്യാത്മികവുമായ വിഷയങ്ങളിൽ എല്ലാ സനാതനന്മാരും, അനശ്വരമായ ഹൈന്ദവപരിഷ്കാരത്തിൻെറ മാഹാത്മ്യം പ്രതിഫലിക്കുന്ന ഈ പാവനനഗരിയിലെ പണ്ഡിതന്മാരുടെ തീരുമാനത്തെയാണ് പ്രതീക്ഷിക്കുന്നതു്.

ഈ ഭൂമുഖത്തു് ഇത്ര മഹത്വത്തോടുകൂടി ഏറിയനാളായിട്ടു നിലകൊള്ളുന്ന വേറൊരു നഗരമുണ്ടോ?. എന്നാൽ ഈ ആധുനികകാലത്തും കാശി ഭാരതീയവിജ്ഞാനത്തിൻെറ പ്രധാനകേന്ദ്രമാകുന്നു. പൌരാണികസംസ്കാരദീപ്തിയെ പരിരക്ഷിച്ചുകൊണ്ടിരിക്കുന്ന അനവധി വിദ്യാമന്ദിരങ്ങൾ ഇവിടെയുണ്ടു്. ഈ സ്ഥാപനങ്ങളിൽ ബുദ്ധിമാന്മാരായ അനവധി പണ്ഡിതന്മാർ അവരുടെ തൊഴിലിലുള്ള പ്രാഗത്ഭ്യത്തെയും പാണ്ഡിത്യ

ത്തേയും നിത്യേന പരീക്ഷിച്ചുവരുന്നു. പുരാതനാദർശത്തിനനുരൂപങ്ങളായ ഈ സ്ഥാപനങ്ങൾ അസംഖ്യം വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസം നൽകുന്നതു കൂടാതെ ഭോജനം, വസ്ത്രം, അഭയം എന്നിവയും നൽകുന്നുണ്ട്. അതു് മഹത്തായ ഭൂതകാലത്തിൻെറ ഒരു സജീവലക്ഷണമല്ലേ.?

വളരെ നാളായിട്ട് പാശ്ചാത്യവിദ്യാഭ്യാസപ്രചരണത്തിനായി പല വിദ്യാലയങ്ങളും കലാശാലകളും കാശിയിൽ നല്ല വേലചെയ്തുവരുന്നുണ്ട്. ശ്രേഷ്ഠമായ കാശിഹിന്ദുസർവ്വകലാശാല അതാ കാണുന്നു. അതു് ആരംഭിച്ചിട്ടുള്ളതു പുരാതനഹൈന്ദവസംസ്കാരത്തെ പരിരക്ഷിക്കയും വിമർശിക്കയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനും പാശ്ചാത്യകലകളേയും ശാസ്ത്രങ്ങളേയും പഠിപ്പിക്കുന്നതിനും ആകുന്നു. ഭാരതീയയുവജനങ്ങൾ പുരാതനസംസ്കാരത്തിൻെറ ഉത്തമഭാഗത്തെ സ്വീകരിക്കുന്നതോടുകൂടി കാലാനുസൃതമായി ജീവിച്ച് ജീവിതത്തിൻെറ നാനാമുഖങ്ങളിലും യോഗ്യരെന്നു തെളിയിക്കയും ചെയ്യാം.

അതുകൊണ്ട് പുരാതനവും പരിപാവനവുമായ ഈ നഗരം—വിജ്ഞാനത്തിൻേറയും വിദ്യാഭ്യാസത്തിൻേറയും അനശ്വരകേന്ദ്രമായ ഈ നഗരം—പൌരസ്ത്യദേശത്തിൻെറ മഹത്വവും അഭിവൃദ്ധിയും സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസവിഷയത്തെപ്പററി വിചിന്തനം ചെയ്യുന്നതിന് പ്രസിദ്ധവിദ്യാഭ്യാസപ്രവർത്തകന്മാരെ ആകർഷിച്ചതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളതു്.? വിദ്യാഭ്യാസവിഷയത്തെപ്പററിയുള്ള ശരിയായ ഒരു തീരുമാനം പൌരസ്ത്യദേശത്തിലെ നവീനജീവിതത്തിൻെറ അരുണോദയത്തെ കാണിക്കുന്നതാണ്.

നിങ്ങളുടെ ചിന്തകൾ ഒരു പൌരസ്ത്യവിജ്ഞാനോദ്ധാരണത്തിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇതു് പൌരസ്ത്യചരിത്രത്തിലെ ഒരു അതിപ്രധാന സംഭവമാണെന്നുള്ളതും ആരും വിസംവദിക്കുമെന്ന് വിചാരിക്കുന്നില്ല. സംഘടനാബലത്തെ ദൃഢീഭൂതമാക്കുവാൻ വേണ്ടിയുള്ള പൌരസ്ത്യദേശത്തിലെ ബുദ്ധിമാന്മാരുടെ ഈ മഹൽസമ്മേളനം, വിദ്യാഭ്യാസം മുഖേന പൌരസ്ത്യപരിഷ്കാരത്തിൻെറ സർവ്വതോമുഖമായ ഉദ്ധാരണത്തിന് സർവ്വജനീനമായ ഒരു മാർഗ്ഗം കണ്ടുപിടിക്കാതിരിക്കയില്ല.

പൌരസ്ത്യദേശമൊട്ടുക്ക് കാണുന്ന ഒരു നവ്യജീവിതത്തിൻെറ ലക്ഷണമായ വികാരത്തിൻെറ അപ്രതിഹതമായ പ്രവാഹം ദേശീയവും സർവ്വദേശീയവുമായ അഭിവൃദ്ധിക്കും മനസ്സിനും പററിയ ഉത്തമമാർഗ്ഗങ്ങളിൽ കൂടി നയിക്കപ്പെടുകയാണെങ്കിൽ ഫലപ്രദമായ ഒരു വസന്തകാലത്തെ ഉണ്ടാക്കുമെന്നാണ് എൻെറ ദൃഢവിശ്വാസം.

മനുഷ്യരിൽ സമത്വം, സാഹോദര്യം, സ്നേഹം, അനുഭാവം, ഐ

ക്യം എന്നീ ബോധത്തെ ഉണ്ടാക്കുന്നതും, ഈർഷ്യ, അസൂയ, അവിശ്വാസം എന്നിവയെ ദൂരീകരിക്കുന്നതുമായ വിദ്യാഭ്യാസം ഏതോ അതാണ് പൌരസ്ത്യപരിഷ്കാരത്തിന്റെ ഏകഅടിസ്ഥാനം. ഓരോ രാജ്യത്തിനും അതിന്റെ മതപരവും, സാമുദായികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പ്രത്യേകസ്ഥിതിഗതികളനുസരിച്ച് വളരുന്നതിനു പര്യാപ്തമാകത്തക്കവണ്ണം എല്ലാ രാജ്യങ്ങൾക്കും സ്വീകാര്യമായിട്ടുള്ള പുരാതന പൌരസ്ത്യസംസ്കാരസിദ്ധാന്തങ്ങളടങ്ങിയിട്ടുള്ള വിശാലമായ ഒരു വിദ്യാഭ്യാസപദ്ധതി രൂപവൽക്കരിക്കുന്നതിന്, ഏററവും പരിപാവനമായ പൌരസ്ത്യവിജ്ഞാനകേന്ദ്രത്തിൽ വിളിച്ചുകൂട്ടിയിട്ടുള്ള വിജ്ഞന്മാരുടെ ഈ മഹൽസമ്മേളനത്തെ എന്നും ഭക്തിയോടുകൂടി സ്മരിക്കുന്നതായിരിക്കും.

ആദ്ധ്യാത്മികചിന്താരാമത്തിലെ ആനന്ദം അനുഭവിക്കുന്നതിനും, ആദ്ധ്യാത്മികം, സാന്മാർഗ്ഗികം, ബുദ്ധിജന്യം, സൌന്ദര്യബോധജന്യം, കായികം എന്നീ ജീവിതത്തിന്റെ വിവിധശാഖകളിലും ജീവിതധർമ്മങ്ങളെ നിറവേററുന്നതിനും, തത്വശാസ്ത്രം, കലകൾ, ശാസ്ത്രങ്ങൾ, കൃഷി, കൈത്തൊഴിൽ, വ്യവസായം എന്നിവയിൽ സമർത്ഥരാകുന്നതിനും, സ്വതന്ത്രജീവിതം നയിക്കുന്ന ദേശാഭിമാനികളായ ഉത്തമപൌരന്മാരെ സൃഷ്ടിക്കുന്നതിനും, ഈ രാജ്യത്തിന്റേയും ഏഷ്യാഖണ്ഡത്തിന്റേയും മഹത്വത്തെ മനസ്സിലാക്കുന്നതിനും പര്യാപ്തമാകത്തക്കവണ്ണം ഒരു പൌരസ്ത്യവിദ്യാഭ്യാസപദ്ധതി രൂപവൽക്കരിക്കുന്നതിന് നിങ്ങളുടെ ജീവശ്ശക്തിയും, പ്രായോഗികപരിജ്ഞാനവും ഭൂതവർത്തമാനകാലങ്ങളെപ്പററിയുള്ള ജ്ഞാനവും ഉപയോഗകരമായിത്തീരുന്നതിന് സർവേശ്വരനായ വിശ്വനാഥനെ ഞാൻ ഹൃദയപൂർവം പ്രാർത്ഥിച്ചുകൊള്ളുന്നു. ഈ ഉദ്ദേശസാദ്ധ്യങ്ങൾക്കായിട്ടാണ് ഇന്നു ഹൈന്ദവസർവകലാശാല പ്രയത്നിക്കുന്നത്. അതുകൊണ്ടാണ് ഇൻഡ്യയും ഏഷ്യയും അതിൽനിന്നും പല നന്മകളും പ്രതീക്ഷിക്കുന്നതും മററു പൌരസ്ത്യരാജ്യങ്ങളിലെ അനവധി സ്ഥാപനങ്ങൾക്കു മാതൃകയായിത്തീരണമെന്ന് ആഗ്രഹിക്കുന്നതും.

പാശ്ചാത്യപൌരസ്ത്യദേശങ്ങൾ തമ്മിൽ സംയോജിക്കേണ്ട ആവശ്യം എത്രയും സ്പഷ്ടമായിട്ടുള്ളതാണ്. പണ്ട് പൌരസ്ത്യദേശം പാശ്ചാത്യദേശത്തുനിന്നും വിഭിന്നമായ നിലയിലായിരുന്നു വർത്തിച്ചിരുന്നത്. എന്നാൽ ഇന്ന് അവ രണ്ടും തമ്മിൽ അഭേദ്യമായ ബന്ധം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. രണ്ടു സംസ്കാരങ്ങളും പരസ്പരം വിഭിന്നങ്ങളാണെന്ന് തോന്നുമെങ്കിലും ഒന്നുതന്നെ. രണ്ടിന്റേയും ശരിയായുള്ള ഒരു ഘടന, അഖിലലോകത്തേയും ആകർഷിക്കുന്നതും യോജിപ്പുണ്ടാക്കുന്നതുമായ ഒരു ഗീതത്തെ പുറപ്പെടുവിക്കുന്നതാണ്. ഇതെല്ലാം വിദ്യാഭ്യാസംകൊണ്ടാണു സാധിക്കേണ്ടത്. നിരായുധീകരണം കൊണ്ടല്ല.

വിദ്യാഭ്യാസവിഷയത്തെപ്പററി ഇന്നുവരെ നാം ചിന്തിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ശ്രദ്ധാപൂർവ്വം ആലോചിക്കേണ്ടിയിരിക്കുന്നു. രൂപവൽക്കരണത്തെയും പാഠപദ്ധതിയേയും പററി ആലോചിക്കുന്നതിനു മുൻപ് പ്രധാനോദ്ദേശ്യത്തെപ്പററി തീരുമാനിക്കേണ്ടതാണ്.

സാമുദായികകാര്യക്ഷമതയാണ് പാശ്ചാത്യദേശത്തിലെ പരമോദ്ദേശ്യം. എന്നാൽ അതു് വേണ്ടിടത്തോളം ഉൽകൃഷ്ടമായ ഒരു ആദർശമല്ല. മനുഷ്യവർഗ്ഗത്തെപ്പററി ചിന്തിക്കുമ്പോൾ സമുദായാദർശവും ദേശാദർശവും എത്രയും നിസ്സാരവും അയോഗ്യവുമായി തോന്നുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം കുട്ടികളെ കാട്ടുമൃഗങ്ങളുടെ നിലയിൽനിന്നും സാമുദായികജീവിതനിലയിലെത്തിക്കുക മാത്രമാണെങ്കിൽ മനുഷ്യവർഗ്ഗം ഒട്ടുംതന്നെ അഭിവൃദ്ധി പ്രാപിക്കുമെന്നു തോന്നുന്നില്ല. അഭ്യസ്തവിദ്യരായിട്ടുള്ളവർ കറുത്ത മനുഷ്യരിലും വെളുത്ത മനുഷ്യരിലും ചുവന്ന മനുഷ്യരിലും കാണുന്ന ചൈതന്യം എല്ലാം ഒന്നുതന്നെയാണെന്ന് അറിയാതിരിക്കുന്നിടത്തോളം കാലം ലോകസമാധാനത്തേയും ഐക്യത്തേയും സ്ഥാപിക്കുവാൻ അവർക്കു സാധിക്കുന്നതല്ല.

ആധ്യാത്മികത്വം പൌരസ്ത്യദേശത്തിന്റെ സമ്പാദ്യമാണെങ്കിലും, ചില ഉൽകൃഷ്ടപാശ്ചാത്യചിന്തകന്മാരും വിദ്യാഭ്യാസം ആധ്യാത്മികമായ അടിസ്ഥാനത്തിന്മേൽ ആരംഭിക്കേണ്ടുന്നതിന്റെ പ്രാധാന്യതയെ അറിഞ്ഞുതുടങ്ങിയിട്ടുണ്ട്. "സാവിദ്യായാ ബ്രഹ്മഗതിപ്രദാ" എന്ന ശങ്കരാചാര്യരുടെ വചനം പാശ്ചാത്യദേശത്തുനിന്നും കേട്ടുതുടങ്ങിയിട്ടുണ്ട്. നിങ്ങളെല്ലാവരും ഈ ആധ്യാത്മികബോധത്തെ പുനരുദ്ധരിച്ചു് അടുത്ത ജനപരമ്പരകളിൽ അതുണ്ടാക്കുക. ഒരു ബാലനോ ബാലികയോ മനുഷ്യവർഗ്ഗത്തോടുള്ള ബന്ധത്തെ മറക്കരുതു്. ഇതോടൊന്നിച്ചുതന്നെ പൌരസ്ത്യബാലികാബാലന്മാർ പാശ്ചാത്യഭൌതികകലകളിലും ശാസ്ത്രങ്ങളിലും ഉത്തമമായിട്ടുള്ളതിനെ സ്വീകരിക്കയും വേണം. ഏഷ്യാക്കാർ ആദ്ധ്യാത്മികദീപത്തെ തുടച്ചു് പൌരസ്ത്യദേശത്തിൽ പ്രകാശിപ്പിക്കട്ടെ. അതിന്റെ വെളിച്ചം ഭൂമുഖത്തു വിളങ്ങട്ടെ. ഭൌതികപരിഷ്കാരത്തിന്റെ ചൂടിലും മിന്നലിലും വിരക്തിതോന്നി, ആശ്വാസത്തിനും സമാധാനത്തിനും ആനന്ദത്തിനുമായി അതിനെ ആശ്രയിക്കുന്ന കാലം വിദൂരമായിട്ടുള്ളതല്ല. ഈ സമ്മേളനം വിദ്യാഭ്യാസം മുഖേന ഏഷ്യയുടെ സംഘടനയുടെ അസ്ഥിഭാരം സ്ഥാപിക്കട്ടെ! അതിന്മേൽ ലോകസംഘടന കെട്ടിപ്പുലർത്തട്ടെ.! തന്മൂലം പരസ്പരസ്നേഹവും, അനുഭാവവും, യോജിപ്പും മനുഷ്യവർഗ്ഗത്തിനു ക്ഷേമവും ഉണ്ടാകുമാറാകട്ടെ.

# സമസ്തകേരള സാഹിത്യപരിഷത്ത്.

## സ്വാഗതപ്രസംഗം

(തുടർച്ച)

(കെ. ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ.)

ഇദമന്ധം തമഃകൃത്സ്നം
ജായേത ഭുവനത്രയം
യദശബ്ദാഹ്വയംജ്യോതി-
രാസംസാരം നദീപ്യതേ.

സാഹിത്യദീപം അണഞ്ഞാൽ ഭുവനത്രയം മുഴുവൻ അന്ധകാരമയമായിത്തീരുമെന്നുള്ള ഈ സുഭാഷിതത്തിന്റെ യാഥാൎത്ഥ്യം അപ്പോൾ ബോധപ്പെടുന്നതാണു്.

ദിവ്യമായ ഈ സാഹിത്യാനന്ദം നൽകാൻ മതിയാകുന്ന വിശിഷ്ട കാവ്യങ്ങൾ നമ്മുടെ ഭാഷയിലുണ്ടോ എന്നു് ചോദിച്ചാൽ ഉണ്ടെന്നു സധൈൎയ്യം മറുപടി പറയാൻ ആരും ശങ്കിക്കേണ്ടതില്ല. സാഹിത്യഗ്രന്ഥങ്ങളുടെ എണ്ണം മാത്രം നോക്കിയാൽ പക്ഷേ മലയാളഭാഷ മററനേകം ഭാഷകളുടെ പിന്നിൽതന്നെ നിൽക്കേണ്ടതായി വന്നേക്കും. എന്നാൽ രസപ്രകൎഷം, അലങ്കാരവൈചിത്ര്യം മുതലായ ഗുണങ്ങളാലുണ്ടാകുന്ന ചമൽക്കാരം, അർത്ഥസമ്പത്തി, വിജ്ഞാനവിതരണം ഇവയെല്ലാമാണു് ഒരു കാവ്യത്തിന്റെ വൈശിഷ്ട്യമെങ്കിൽ ഏതു ഭാഷയിലെയും ഒന്നാന്തരം കാവ്യങ്ങളോടു തുല്യതയെ അൎഹിക്കുന്ന കാവ്യങ്ങൾ നമ്മുടെ ഭാഷയിൽ ഉണ്ടെന്നു സഹൃദയന്മാരായ സാഹിത്യനിഷ്ണാതന്മാർ ആരുംതന്നെ സമ്മതിക്കാതിരിക്കയില്ല. കഴിഞ്ഞ അൻപതു വൎഷത്തിനിപ്പുറം ഗദ്യപദ്യശാഖകളിൽ നമ്മുടെ ഭാഷയ്ക്കു് സിദ്ധിച്ചിട്ടുള്ള സാഹിത്യോൽക്കർഷം അദ്ഭുതപൂൎവ്വമാണെങ്കിലും കേരളീയരുടെ പ്രമാണസാഹിത്യമായി ഗണിക്കപ്പെടേണ്ട അനേകം കാവ്യങ്ങൾ അതിനു വളരെ മുമ്പുതന്നെ ഉണ്ടായിക്കഴിഞ്ഞു. ഭാരതീയചിന്താശക്തിയുടെ സ്മാരകസ്തംഭമെന്നും ലോകത്തിന്റെ വിജ്ഞാനദീപമെന്നും പ്രശംസിക്കപ്പെടുന്ന ഭഗവൽഗീതയ്ക്കു്, എത്ര സ്ഥൂലമെങ്കിലും, പ്രഥമമായി ഒരു ഭാഷാവിവൎത്തനം സിദ്ധിച്ചതു കൈരളിയിൽ തന്നെ ആണെന്നുള്ള വസ്തുത നമുക്കെത്ര അഭിമാനജനകമായിരിക്കുന്നു. പുനം, മഴമംഗലം, ചെറുശ്ശേരി, നിരണംകവികൾ, കുഞ്ചൻനമ്പ്യാർ ഇവർ നമ്മുടെ സാഹിത്യത്തിൽ ഓരോ നവീനപ്രസ്ഥാനങ്ങളുടെ അവതാരകന്മാരും സാ

ക്ഷാൽ അനുഗ്രഹകവികളുടെ ഗണനയിൽ അഗ്രപൂജക്ക് അർഹന്മാരും എഴുത്തച്ഛൻ കേരളകവികളുടെ കുലപതിയുമാണല്ലൊ. ഉണ്ണായിവാരിയരും, രവിവമ്മൻതമ്പിയും, അശ്വതിതിരുനാളും, കോട്ടയത്തുരാജാവും സ്വാരസ്യനിഷ്യന്ദികളായ നാട്യപ്രബന്ധങ്ങളുടെ നിബന്ധനയാൽ കൊട്ടാരക്കരരാജാവിന്റെ മനോരഥത്തെ പൂരിപ്പിക്കയും കേരളസാഹിത്യത്തെ പോഷിപ്പിക്കയും ചെയ്തിട്ടുള്ളവരാണ്. മഹാമനസ്കനും, വാഗ്ദേവീവത്സലനുമായ കേരളവമ്മ വലിയകോയിത്തമ്പുരാൻ ഗദ്യപദ്യശാഖകളിൽ ഉത്തമങ്ങളായ കാവ്യതല്ലജങ്ങൾ നിമ്മിച്ചും സംസ്കൃതത്തിലും ഇംഗ്ലീഷിലും നിന്ന് പ്രൌഢഗ്രന്ഥങ്ങളെ തജ്ജിമചെയ്തും അന്യാദൃശസൌകമായ്യത്തോടുകൂടിയ ഒരു ഗദ്യസരണിയെ അവതരിപ്പിച്ചും സവ്വോപരി സാഹിത്യപരിശ്രമികളായ യുവാക്കന്മാരെ അനുകമ്പാപൂവ്വം പ്രോത്സാഹിപ്പിച്ചും മലയാളസാഹിത്യത്തിന് അപ്ലേതരമായ ഹസ്താവലംബം നൽകിയിരുന്നു. സരസനായ ചന്തുമേനോൻ നോവലുകൾകൊണ്ടും കവനകലാവിദഗ്ദ്ധനായ സി. വി. നിസ്തുലപ്രൌഢങ്ങളായ ആഖ്യായികകൾകൊണ്ടും മലയാളസാഹിത്യത്തിന്റെ കല്പിതകഥാശാഖയെ കൊഴുപ്പിച്ച് ആ ശാഖയിൽ പരിശ്രമിക്കാൻ മനസ്സുള്ളവക്ക് മാഗ്ഗദശികളായി വത്തിക്കുന്നു. ഉള്ളൂർ, വള്ളത്തോൾ, ആശാൻ എന്നിങ്ങനെ ഇന്നു പരശുരാമക്ഷേത്രം മുഴുവൻ കീത്തിക്കപ്പെടുന്ന നാമത്രയം ഈ കവികളുടെ മഹാകാവ്യങ്ങൾക്കും ഖണ്ഡകാവ്യങ്ങൾക്കും പ്രേമഗീതങ്ങൾക്കും സാർവത്രികമായി ലഭിച്ചിട്ടുള്ള പ്രചാരത്തെയും സഹൃദയന്മാക്ക് അവയോടുള്ള വാത്സല്യത്തേയും സ്പഷ്ടമായി ദ്യോതിപ്പിക്കുന്നു. കൊടുങ്ങല്ലൂർതമ്പുരാക്കന്മാർ, വെണ്മണിമാർ മുതലായി ഇന്നത്തേയും പണ്ടത്തേയും എത്രയെത്ര കവികളുടെ പേരുകൾ ഇനിയും പറയുവാനുണ്ടെന്ന് ആലോചിക്കുക. ഈ കവിസഞ്ചയത്തിന്റെ സൂക്തിമുക്താഹാരങ്ങളാൽ അലംകൃതയായ കൈരളീദേവിയെ അഷ്ടാംഗപ്രണാമപൂർവം അഭ്യത്ഥിച്ചു പ്രസാദപ്രാത്ഥനചെയ്യാൻ വിമുഖനായ ഒരു മലയാളിയുണ്ടെങ്കിൽ അവന്റെ ഭാഗധേയം നമ്മുടെ അസൂയയെ അഹിക്കുന്നില്ലെന്നു മാത്രമെ പറയേണ്ടു.

ഇവിടേയും സാഹിത്യോത്സുകരായ ചെറുപ്പക്കാരിൽ ഈയിടെ ഒരു രുചിഭേദം കടന്നുകൂടിയിരിക്കുന്നതായി എനിക്കു തോന്നുന്നു. കഴിഞ്ഞ ഏതാനുംകാലമായി അനേകം സഭായോഗങ്ങളിൽ സന്നിഹിതനാകാൻ എനിക്കിടയായിട്ടുണ്ട്. പല യോഗങ്ങളിലും പ്രതിപാദ്യവിഷയം സാഹിത്യം തന്നെ ആയിരുന്നു. എന്നാൽ കവിതാഗുണവിഷയത്തിൽ പ്രാസംഗികന്മാർ പ്രശംസിച്ചു കേട്ടതും ചമൽക്കാരവിശേഷങ്ങൾക്കു ദാഹരണമായി ഉദ്ധരിക്കപ്പെട്ടതും എല്ലാം ഇന്നത്തെ ഖണ്ഡകാവ്യങ്ങളും പ്രേമഗീതങ്ങളും മററുമേ ആയിരുന്നുള്ളു. എഴുത്തച്ഛൻ മുതലായ നമ്മുടെ മഹാകവിക

ളെപ്പററി ഒട്ടും അസംഗതമല്ലാതെയും കൂടുതൽ ഉദ്ദേശസിദ്ധിയോടുകൂടിയും പ്രസ്താവിക്കാമായിരുന്നു എന്ന് എനിക്ക് പലപ്പോഴും തോന്നാതിരുന്നില്ല. എങ്കിലും അവരെപ്പററി ഒരക്ഷരംപോലും പറകയുണ്ടായോ എന്നു സംശയംതന്നെ. മഹാകാവ്യങ്ങളെ അവഗണിച്ച്, സാഹിതീഭക്തരായ ചെറുപ്പക്കാർ ഈ ഖണ്ഡകാവ്യങ്ങളിൽതന്നെ ലയിച്ചിരിക്കയാണെന്നുള്ള ആ ശങ്ക വാസ്തവമായിരിക്കുമോ.? അങ്ങനെയാണെങ്കിൽ 'ഉത്തുംഗരമണീയമായ ആ അധിത്യകയെ വെടിഞ്ഞ് ഈ അന്തുപത്തിൽ വിഹരിക്കാനാണോ നിങ്ങൾ ആഗ്രഹിക്കുന്നതു?, എന്ന് ഹാംലററ് (Hamlet) തൻെറ അമ്മയോട ചോദിച്ച ചോദ്യം ഇവരോടും ചോദിക്കേണ്ടിയിരിക്കുന്നു. ഖണ്ഡകാവ്യങ്ങൾ യാതൊരു വിധത്തിലും മോശമാണെന്ന് ഞാൻ വിവക്ഷിക്കുന്നില്ല. അവയിൽ പലതും കാവ്യരസസമ്പൂർണ്ണങ്ങളാണ്. അവയെ വായിച്ച അവ്യാഖ്യമായ ആനന്ദം ഞാനും അനുഭവിച്ചിട്ടുണ്ട്. നളിനി, മംഗലമറിയം, ഹീര, പിങ്ഗള മുതലായ ഖണ്ഡകാവ്യങ്ങളുടെ അവ്യാജസൂക്ഷ്മതയേയും ആകർഷണശക്തിയേയും സഹൃദയന്മാർ ആരുംതന്നെ അപലപിക്കയില്ല. അന്നപ്രാശനം കഴിഞ്ഞാൽ അടുത്ത നേരത്തെ ആഹാരത്തിനുള്ള വക ആ ശിശുതന്നെ സമ്പാദിക്കണമെന്ന് വന്നിരിക്കുന്ന ഇക്കാലത്ത് ഖണ്ഡകാവ്യങ്ങളിലേയും ചെറുകഥകളിലേയും സാഹിത്യരസം ആസ്വദിക്കുന്നതിനെ സാധാരണന്മാൎക്ക കഴിവുള്ളായിരിക്കാം. സംഗീതാധ്യായികൾ വീണവച്ച് ഹാർമോണിയം എടുത്തിരിക്കുന്നതും നാം കാണുന്നുണ്ടല്ലോ. എന്നാൽ സാഹിത്യത്തിൻെറ സ്വരൂപവും മാഹാത്മ്യവും പൂർണ്ണമായി ഗ്രഹിക്കാൻ താല്പര്യമുള്ളവർ പുരാതനസാഹിത്യഗുരുക്കന്മാരെത്തന്നെ ശരണീകരിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ സാഹിത്യകലാവിചക്ഷണനായ ഹാസ്ലിററിൻെറ അഭിപ്രായത്തെ നാം ഗൗനിക്കേണ്ടതാണ്. അദ്ദേഹം ഇപ്രകാരം പറയുന്നു: ഗണിതം, പ്രകൃതിശാസ്ത്രം, രസതന്ത്രം മുതലായി ബുദ്ധിശക്തിയെ അഭിമുഖീകരിക്കുന്ന ശാസ്ത്രങ്ങൾ അനുസ്യൂതവിചിന്തനത്താലും നിരീക്ഷണപരിക്ഷണങ്ങൾകൊണ്ടും കാലാതിക്രമത്തിൽ ഉത്തരോത്തരം ഉൽക്കർഷത്തെ പ്രാപിക്കുന്നു; എന്നാൽ ഒരിക്കലും അവയുടെ പരമാവസ്ഥയിൽ എത്തുന്നുമില്ല. ശോകഹർഷാദി മനോവികാരങ്ങൾക്ക് വിഷയീഭൂതമായ സാഹിത്യത്തിൻേറയും മററു സരസകലകളുടേയും ഗതി ഇതിനു വിപരീതമാണ്. ഉത്ഭവിച്ച വളരെനാൾ കഴിയുന്നതിനു മുമ്പിൽ ഈ വിദ്യകൾ അവയുടെ പരമകോടിയെ ആരോഹണം ചെയ്യുന്നു. അനന്തരം അവയ്ക്കു അപകർഷം നേരിടുകയും പിന്നീട് ഓരോ കാലങ്ങളിൽ വിപര്യയേണ ഒരുമാതിരി വൃദ്ധിക്ഷയങ്ങൾ സംഭവിച്ചുകൊണ്ടിരിക്കയും ചെയ്യും." ഹാസ്‌ലിററിൻെറ ഈ അഭിപ്രായം യഥാർത്ഥമെന്നല്ലേ നമ്മുടെ അനുഭവം.? വാത്മികിയുടേയും വ്യാസൻേറയും സ്ഥാനത്തെ ഒരു ഭാരതീ

യകവിയും എഴുത്തച്ഛന്റെ സ്ഥാനത്തെ ഒരു കേരളീയകവിയും സമീപിച്ചിട്ടുള്ളതായി നാം കാണുന്നില്ല. മററുദേശങ്ങളിലെ കഥയും ഇതുതന്നെ. അതുകൊണ്ടാണ് സാഹിത്യതല്പരരായ ചെറുപ്പക്കാർ പുരാതനമഹാകാവ്യങ്ങളെ നിഷ്കർഷയോടെ അഭ്യസിക്കണമെന്നു പറയുന്നത്. ഇതു പക്ഷെ ശ്രമാവഹമായിരിക്കാം. ജരാമരണങ്ങളെ നിവാരണംചെയ്യുന്ന അമൃതം സമുദ്രമഥനം കൊണ്ടല്ലാതെ ലഭിക്കയില്ല. സംസ്കൃതാഭിനജ്ഞരായ മലയാളികൾക്ക് വാത്മീകിയേയും വ്യാസനേയും അഭിഗമ്യരാക്കിത്തീർത്ത വള്ളത്തോളിനോടും കുഞ്ഞിക്കുട്ടൻതമ്പുരാനോടും നമുക്കുള്ള കടപ്പാട് ഒട്ടും തന്നെ ചെറുതല്ല. വിപുലങ്ങളായ ആ ഇതിഹാസങ്ങളുടെ തർജ്ജിമകളെ നമ്മുടെ ചെറുപ്പക്കാർ ശ്രദ്ധാപൂർവ്വം അഭ്യസിക്കയെന്നല്ലാതെ ഈ കടപ്പാടിനെ ഏകദേശമെങ്കിലും പരിഹരിക്കാൻ മററെന്തു മാർഗ്ഗമാണുള്ളത്.?

ഉത്തമങ്ങളായ പുരാതനകാവ്യങ്ങൾ എല്ലാവരും അദ്ധ്യയനം ചെയ്യണമെന്ന് നാം അനുശാസിച്ചാൽ പോരാ. ആ കാവ്യങ്ങൾ വിശുദ്ധപാഠങ്ങളായി അച്ചടിപ്പിച്ചു കൊടുക്കേണ്ട ചുമതലയും സാഹിത്യപണ്ഡിതന്മാർക്കുള്ളതാണ്. ഈ ചുമതല നിർവ്വഹിക്കാൻ പരിഷത്തിന്റെ ഒരു കമ്മിററി ഉണ്ടായിരുന്നാൽ കൊള്ളാം. എല്ലാ കാവ്യങ്ങളും പരിശോധിച്ചു പ്രസാധനം ചെയ്യാൻ കമ്മിററിക്കു സാധിക്കാതെ വന്നേക്കാം. എങ്കിലും ഉപദേശം ആവശ്യപ്പെടുന്ന പ്രസാധകന്മാരേയും പ്രസിദ്ധീകരണക്കമ്പനികളേയും സഹായിപ്പാൻ കമ്മിററിക്ക് കഴിയുമല്ലൊ. ഇപ്പോൾ ലഭിച്ചുവരുന്ന അനേകം കാവ്യപ്രസാധനങ്ങൾ സ്ഖലിതബഹുലങ്ങളായിരിക്കുന്നു. ഇത് വളരെ ശോച്യമാണല്ലൊ. ഒന്നുരണ്ടു ദൃഷ്ടാന്തം കാണിച്ചുകൊള്ളട്ടെ.

1. അവളെനിശിചരപുരിയിൽ–വിരവിനൊടുചെന്നുക–
ണ്ടദ്യവാശേ‌ഷാവാവരുന്നതു–മുണ്ടുഞാൻ
2. വേണ്ടാത്തകാട്ടുന്നകള്ള–ക്കുഴിയന്നെ
ക്കൊണ്ടുപോയ് വാടപ്പുറം കടത്തീടുവാൻ
പണ്ടാരമാംമുതൽതിന്നുമുടിക്കുന്ന
ചണ്ടികൾക്കൊട്ടും മിടുക്കുമില്ലാതെയായ്.
3. പണ്ടൊരിക്കൽപാണ്ഡവമഹിഷി-യുടെശാകോദന–
മുണ്ടുനാമിന്നുഭവാൻെറപ്പൃഥുകംതിന്നു,
രണ്ടുകൊണ്ടുമുണ്ടായോന്നം സുഖവും–തൃപ്തിയുംകീഴ!–
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കുസഖേ.

നമ്മുടെ സാഹിത്യസമ്പത്തിനെ ഇങ്ങനെ ചുമതലയില്ലാത്തവിധത്തിൽ കൈകാര്യം ചെയ്യുന്നതു ദ്രോഹമാണ്. ഉപദേശരൂപേണയെങ്കിലും ഇതിനെ നിരോധിക്കാനാണ് പരിഷത്തിന്റെ ഒരു കമ്മിററി ഉണ്ടായിരിക്കേണ്ടത്.

കൃതവിദ്യരായ മലയാളികൾ മാതൃഭാഷയോട് കാണിച്ചുവരുന്ന അനാസ്ഥയെപ്പററിയും ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. സ്വഭാഷയ്ക്കു പുറമെ ഒന്നും രണ്ടും വിദേശ്യഭാഷകൾ കൂടി പഠിക്കുന്ന സമ്പ്രദായം യൂറോപ്പു മുതലായ ഇതരദേശങ്ങളിലും നടപ്പുണ്ട്. രാജ്യകാൎയ്യങ്ങളിലും വ്യവസായവാണിജ്യങ്ങളിലും ഏൎപ്പെട്ടുന്നവൎക്ക് ഈ പരഭാഷാജ്ഞാനം ആവശ്യമായി അവർ ഗണിക്കുന്നു. എന്നാൽ പരഭാഷയെ മാതൃഭാഷയുടെ സ്ഥാനത്തിൽ വാഴിക്കുന്ന സമ്പ്രദായം അവിടങ്ങളിൽ നടപ്പില്ല. നമുക്കാകട്ടെ കോടതികളിലും കച്ചേരികളിലും നിന്നു ഗളഹസ്തം ചെയ്യപ്പെട്ട മലയാളം പാമരഭാഷയായും ഇംഗ്ലീഷ് പണ്ഡിതഭാഷയായും തീൎന്നിരിക്കുന്നു. ഇംഗ്ലീഷ് ഒരു വിധമെങ്കിലും അറിയാവുന്നവൎക്ക് ഉദ്യോഗകാൎയ്യത്തിൽ മാത്രമല്ല, നാട്ടുകാൎയ്യത്തിലും വീട്ടുകാൎയ്യത്തിലും ആ ഭാഷതന്നെ ഉപയോഗിക്കുന്നതിലാണ് സുഖം.

(തുടരും)

# വിഹായസ്സവിഹാരം.

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

## ആറാം അദ്ധ്യായം.

പകൽ ചൂടും രാത്രിയിൽ തണുപ്പുമുണ്ടെന്നു ആരോടും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. എന്നാൽ എവിടെയാണ് ഇതിന് വലിയ കൂടുതൽ കുറവുകാണാവുള്ളതെന്ന് അറിയാമൊ? ഈൎപ്പം കുറവുള്ള പ്രദേശങ്ങളിലാണ്. സഹാറാ, ഗോബി മുതലായ സൈകതങ്ങളിലും, അറേബിയാ, രജപുട്ടാണാ, കോളറാഡോ മുതലായ മരുപ്രദേശങ്ങളിലും രാവും പകലും തമ്മിലുള്ള ഉഷ്ണമാനത്തിനു നാല്പതു ഡിഗ്രിയോളം വ്യത്യാസംവരുന്നു. സമുദ്രമദ്ധ്യസ്ഥങ്ങളായ ഹോണലുലു, മെഡീറ, ബൎമ്മുഡാ മുതലായ ദ്വീപങ്ങളിലാകട്ടേ, രാപ്പകൽ തമ്മിലുള്ള ഉഷ്ണവ്യത്യാസം കുറവായിരിക്കുന്നു. നമ്മുടെ നാട്ടിൽതന്നെ സമുദ്രതീരങ്ങളിലും ഉൾനാട്ടുകളിലും ഈ ഭേദം സ്പഷ്ടമായി കാണാം. ഇൻഡ്യയിൽ, പഞ്ചാബിൽ 30 മുതൽ 40 ഡിഗ്രിവരെയും സെൻട്രൽപ്രാവിൻസസ്സിൽ 20 മുതൽ 30 ഡിഗ്രിവരെയും കാണുന്ന വ്യത്യാസം, കല്ക്കത്താവിലാകുമ്പോൾ 16, ബാംബെയിൽ 8, സിലോണിലെ ശാ

ലി തുറമുഖത്തിൽ 6 ഡിഗ്രിയായി കുറയുന്നു. ഭൂമദ്ധ്യരേഖയിൽനിന്നു ധ്രുവങ്ങളിലേക്ക് അടുക്കുന്തോറും ദിനരാത്രികൾ തമ്മിലുള്ള ഉഷ്ണവ്യത്യാസം കുറഞ്ഞുവരും. അതിനു കാരണമെന്തെന്നാൽ, സൂര്യൻ എല്ലാപ്പോഴും ഒരുവശം ചാഞ്ഞാണ് ഉദിക്കുന്നതും അസ്തമിക്കുന്നതും, നേരെയല്ല, എന്നുള്ളതാണ്. ധ്രുവത്തിൽ രാപ്പകലുകൾ തമ്മിലുള്ള ഉഷ്ണമാനത്തിനു ഭേദമില്ലെന്നുതന്നെ പറയാം. മേലോട്ടു പൊങ്ങുന്ന ക്രമത്തിനും രാപ്പകൽ തമ്മിൽ ചൂടിനുള്ള വ്യത്യാസം കുറഞ്ഞുവരുന്നു. ഹിമവാൻെറ വടക്കുപടിഞ്ഞാറൻ അധിത്യകകളിൽ ആറായിരം അടി പൊക്കത്തിൽ സ്ഥിതിചെയ്യുന്ന മസ്സൂറി, റാനിക്കെട്ട് എന്ന സ്ഥലങ്ങളിൽ 13 മുതൽ 15 ഡിഗ്രിവരെ ഭേദംവരുന്നതേയുള്ളു. ബറീലി, റുക്കി എന്നുള്ള അയൽതാഴ്വരകളിലാകട്ടെ, 23-ം 24-ം ഡിഗ്രിക്കു വ്യത്യാസം കാണുന്നു. ഇതിനു കാരണം മേൽഭാഗത്തുള്ള വായുവിൻെറ ഉഷ്ണം എളുപ്പം പ്രസരിച്ചുപോകുന്നതും കീഴടിഞ്ഞിരിക്കുന്ന വായുവിനു ഇറുക്കം കൂടുതലുള്ളതിനാൽ ഉഷ്ണത്തെ വെടിയുന്നില്ലെന്നുള്ളതുമാകുന്നു. ഉപത്യകകളിൽ (Valleys) പകൽ സമയത്തു വായു ചൂടുപിടിക്കുമ്പോൾ ഡിഗ്രിയൊന്നിനു 13 അടി വീതം അതു വ്യാപരിക്കുന്നു (expands). അധിത്യകകളിലാകട്ടെ (elevated grounds) വായു സ്ഥിരമായിരിക്കുന്നു. ഇപ്രകാരം വരുമ്പോൾ മേൽനിന്നു കീഴോട്ട് തണുത്ത കാററ് അടിക്കയും അതിനു മേൽഭാഗത്തുള്ള തണുത്തകാററ് ആ സ്ഥാനം പിടിക്കയും ചെയ്യുന്നു. തന്നിമിത്തം പർവ്വതോപരിയുള്ള കാററ് ഉച്ചക്കുകൂടി തണുപ്പായിരിക്കുന്നു. രാത്രിയിലാകട്ടെ, പർവതം നല്ല വിസർജ്ജനശക്തി (radiation)യുള്ളതാകകൊണ്ട് എളുപ്പം തണുക്കുന്നു. തണുക്കുമ്പോൾ വായുവിനു ഭാരം കൂടുന്നതിനാൽ കീഴോട്ടടിയുന്നു. അപ്പോൾ മലയുടെ മുകളിലുള്ള വായുവിനു തണുപ്പ് അസഹ്യമാകാനാണ് ന്യായം. പക്ഷെ, കീഴിലുള്ള ചൂടുകാററ് മേലോട്ടു വ്യാപിക്കുന്നതുകൊണ്ട് അപ്രകാരം വരുന്നില്ല. ഇതാണ് മലയുടെ മുകളിൽ രാവും പകലും തമ്മിൽ ഉഷ്ണത്തിന് ഏറെ ഭേദഗതി വരാതിരിക്കാനുള്ള കാരണം

വിപരീതമാണ് താഴ്വരകളിൽ (Valleys). മലയുടെ കീഴിലുള്ള വായു പകൽ വെയിലേററു പഴുത്തിരിക്കയും, രാത്രി മലമേലുള്ള തണുത്തവായു കീഴോട്ടടിഞ്ഞു് കൊടുന്തണുപ്പുകൊള്ളുകയും ചെയ്യുന്നു. അതുകൊണ്ടാണ് 11,500 അടി പൊക്കമുള്ള മലയിടുക്കിൽ സ്ഥിതിചെയ്യുന്ന തിബററിലുള്ള ലേ (Leh) എന്ന സ്ഥലത്തു് രാവും പകലും തമ്മിൽ ചൂടിനു 29 ഡിഗ്രിക്കു വ്യത്യാസമുണ്ടായിരിക്കുന്നതു്. അവിടെ ഹിമവർഷം (frost) സാധാരണമാണ്.

മലമേലുള്ളപോലെതന്നെ സമുദ്രക്കരയിലും രാപ്പകലുകൾ തമ്മിൽ ശീതോഷ്ണമാനത്തിനു വലിയ വ്യത്യാസം കാണുകയില്ല. അതുകൊണ്ടു, ക

ന്നിൽ താമസിക്കുന്ന ഗുണം കടൽക്കരയിലും കിട്ടും.

സ്ഥലഭാഗങ്ങളിൽ വായുവിനു ഉഷ്ണം ഏററവും കുറവുണ്ടായിരിക്കുന്നതു സൂര്യോദയത്തിനു മുമ്പായിട്ടാണ്; ഏററവും കൂടുതൽ പകലേ രണ്ടിനു മേൽ മൂന്നുമണിക്കുള്ളിലും, ഋതുഭേദമനുസരിച്ച് ഇതിനു അല്പം ഭേദഗതിവരാം. സമുദ്രത്തോടുള്ള സാമീപ്യംകൊണ്ടും അതു വരാം; ഉൾനാടായും ഈറപ്പുംകുറഞ്ഞുമിരിക്കുന്ന സ്ഥലത്തു വായുവിനുള്ള ചൂടു ഏററവും കുറഞ്ഞും കൂടിയുമിരിക്കുന്ന വേള താമസിച്ചുവരും. കടലിൽ മധ്യാഹ്നസമയത്തോടടുത്തുതന്നെ അത്യുഷ്ണവേളയും അഞ്ചുവെളുപ്പിനു (നാലുമണിക്കു) ഏററവും തണുപ്പുള്ള സമയവുമായിരിക്കും.

ശീതോഷ്ണമാനത്തിന് ആഹ്നികമായുണ്ടാകുന്ന കൂടുതൽകുറവുപോലെ സാംവത്സരികമായുമുണ്ട്. ഭൂമധ്യരേഖയോടടുത്തുള്ള ദേശങ്ങളിൽ അത്യുഷ്ണങ്ങളും അതിശീതങ്ങളുമായ മാസങ്ങൾ കുറവും ധ്രുവങ്ങളോടടുക്കുന്തോറും കൂടുതലുമാകുന്നു. കടൽക്കരയിൽനിന്ന് ഉൾഭാഗത്തു കടക്കുന്തോറും അതുപോലെ കൂടുതലുണ്ടായിരിക്കും. കൊളമ്പിൽ അത്യുഷ്ണവും അതിശീതവുമായ സമയങ്ങളിലുള്ള വായുവിൻെറ ശീതോഷ്ണമാനത്തിനു 3½ ഡിഗ്രിക്കു വ്യത്യാസം മാത്രമേയുള്ളു. ബാംബയിലായപ്പോൾ അതു 11 ഡിഗ്രിയായി; കല്ക്കട്ടാവിൽ 21 ഡിഗ്രിയാണ്; ഇൻഡ്യയുടെ വടക്കുപടിഞ്ഞാറൻദേശത്തു 30 മുതൽ 40 ഡിഗ്രിവരെ താരതമ്യംവരുന്നു. ശീമയിൽ വേനലും വർഷവും തമ്മിലുള്ള ശീതോഷ്ണഭേദം ഇരുപതു ഡിഗ്രിയാകുന്നു. മധ്യരേഖയോടടുത്തുള്ള ഹോണലൂലുവിൽ അഞ്ചു ഡിഗ്രിയേയുള്ളു. വടക്കേധ്രുവത്തോടടുത്തിരിക്കുന്ന സൈബീരിയാവിലെ വർക്കോജാൻസ്കി എന്ന സ്ഥലത്തു് 120 ഡിഗ്രി ഭേദമുണ്ട്! ഉത്തരധ്രുവത്തോടു ചേർന്നാണു ഭൂമിയിൽ സ്ഥലഭാഗമധികം; ദക്ഷിണധ്രുവത്തോടുചേർന്നു അധികം സമുദ്രവും. അതുകൊണ്ടു ദക്ഷിണസമുദ്രത്തിലെ ദ്വീപുകളിൽ വേനൽവർഷങ്ങൾകൊണ്ടുള്ള വ്യത്യാസം അധികമില്ല. ന്യൂസിലണ്ടിൽ (Newzealand) ഋതുക്കൾ രണ്ടിലുമുള്ള വായുവിൻെറ ശീതോഷ്ണമാനത്തിനു പത്തു ഡിഗ്രിയിൽ കൂടുതലായ വ്യത്യാസമില്ല.

മറെറാരു സംഗതികൊണ്ടും വായുവിൻെറ സാംവത്സരശീതോഷ്ണസ്ഥിതിക്കു ഭേദംവരുന്നുണ്ട്. അതെന്തെന്നാൽ (Sun spots) ജാജ്വല്യമാനമായി കാണുന്ന സൂര്യഗോളത്തിൽ കറുത്തപാടുകൾ കാണാൻ എന്തു കാരണമെന്നുള്ളതിനു പണ്ഡിതന്മാർ പല അനുമാനങ്ങളുമുണ്ടാക്കീട്ടുണ്ട്. ചന്ദ്രബിംബത്തിൽകാണുന്ന കളങ്കംപോലെ സൂര്യബിംബത്തിലുമുണ്ടെന്നു കുഴൽക്കണ്ണാടിയിൽകൂടി നോക്കിയാൽ കാണാം. ഈ പാടുകൾ അനവധിയുണ്ട്. സൂര്യൻെറ പരിവൎത്തനത്തിൽ അവ കൂടുതലും കുറവുമായി കാണാറുണ്ട്. വലിപ്പത്തിലും വ്യത്യാസമുണ്ട്. സാധാരണ പതിനൊന്നു കൊല്ലത്തിലൊരി

ക്കൽ ഈ വ്യത്യാസം വരുന്നു. അതിന് നിദാനമെന്തെന്നു തിട്ടമില്ല. എങ്കിലും പാട്ടുകളുടെ വ്യത്യാസം നിമിത്തം ഭൂമിക്കുള്ള ചൂടിന് വ്യത്യ സം വരുന്നുണ്ടെന്നു നിശ്ചയം തന്നെ. ഈ പാട്ടുകൾ ഏറിയിരുന്ന എ. ഡി. 1860, 71, 83, 93 എന്നീ ആണ്ടുകളിൽ ശരാശരി ഉഷ്ണം കുറവും, കുറഞ്ഞിരുന്ന 1811, 23, 34, 43, 56, 67, 77, 88 എന്നീ ആണ്ടുകളിൽ കൂട്ടുതലുമായിരുന്നു എന്നു കണക്കെടുത്തിട്ടുണ്ട്. ഉഷ്ണമേഖലയിലാണ് ഈ വ്യത്യാസം അധികമായി അറിയുന്നത്. ഇൻഡ്യയിൽ രണ്ടു ഡിഗ്രി വരെ വാഷികശരാശരിച്ചൂടിനു വ്യത്യാസം കണ്ടിരിക്കുന്നു. ഈ പാട്ടുകൾ അധികമാകുമ്പോൾ കൊടുങ്കാററ്, അതിവഷം, കൃഷിപ്പിഴ, ഹിമാനികളുടെ വദ്ധന (Glaciers), ഉറ്റിനങ്ങളുടെ ആധിക്യം എന്നീവക വിപത്തുകൾ ഭൂമിയിലുണ്ടാകുന്നുണ്ട്. ഹിന്ദുക്കൾ കുററമാണോ സൂയ്യാരാധനകളും നവഗ്രഹപൂജകളും മററും നടത്തുന്നത്.? സൂയ്യനും ഗ്രഹങ്ങളും ഭൂമിക്ക് എത്രമാത്രം ഗുണദോഷങ്ങളെ ഉണ്ടാക്കാൻ ഉതകുന്നുണ്ടെന്ന് ശാസ്ത്രജ്ഞന്മാക്കറിയാം. ഗ്രഹനിലകൊണ്ട് മനുഷ്യരുടെ ജാതകം ഗണിക്കുന്നതിനുള്ള നിദാനവും ഇതുതന്നെയാണ്.

സ്ഥലജലഭേദംകൊണ്ട് ശീതോഷ്ണവ്യത്യാസങ്ങളുണ്ടാകുന്നതിനെപ്പററി നോക്കാം. തറയിൽ തൊട്ടിരിക്കുന്ന വായുവിൻെറ സമ്മദ്ദം (Pressure) 30 ഇഞ്ചാണെന്നിരിക്കട്ടെ. ആ വായു ചൂടുപിടിക്കുമ്പോൾ സമ്മദ്ദം കുറഞ്ഞുപൊങ്ങുന്നു. അതിനു മേന്മേലായുള്ള വായുവും അപ്രകാരം ചെയ്യുന്നു. മദ്ധ്യഭാഗത്തുള്ള വായു ഉഷ്ണിച്ചുയരുമ്പോൾ എന്താണു സംഭവിക്കുന്നത്.? അത് ഇരുവശങ്ങളിലേക്കും പായും; പാശ്ചഭാഗങ്ങളിലുള്ള തണുത്ത വായു ഉള്ളിലേക്ക് കടക്കും. വായുവിൻെറ ഈ പോക്കുവരവ് (Inflow & ontflow) ആകാശത്തിൽ മേലോട്ട് ഉയരുന്തോറും കൂട്ടുതലാണ്. ഇതുകൊണ്ടാണ് അവിടെ എപ്പോഴും കാററുണ്ടായിരിക്കുന്നത്. സൂയ്യരശ്മി പതിക്കുമ്പോൾ ജലത്തേക്കാൾ എളുപ്പം തറ ചൂടുപിടിക്കുമല്ലൊ. ദ്വീപുകളിൽ കാററധികം അടിക്കുന്നതിനു കാരണമതാണ്. പകൽ കടക്കാററും (Sea breeze) രാത്രി കരക്കാററു (Land breeze) മായിരിക്കും. കരൊ അധികം പൊക്കമേറുമ്പോൾ കാററിൻെറ ഗതാഗതങ്ങൾക്കുള്ള ശക്തി ഒപ്പമായി, അവിടം കാററില്ലാതെ സ്തബ്ധമായിപ്പോകുന്നു. വായുവിൻെറ പോക്കുവരവുകൾ പരന്ന് വിസ്തൃതമായ സ്ഥലത്താകുമ്പോൾ വരുന്ന ഫലങ്ങളല്ല, അടഞ്ഞു ചുരുങ്ങിയ പ്രദേശങ്ങളിലുണ്ടാകുമ്പോൾ വരുന്നത്. രണ്ടാമതു പറഞ്ഞയിടങ്ങളിൽ കൊടുങ്കാററും കൊള്ളിയാനും പെരുമഴയുമുണ്ടായേക്കും. ഈ സംഗതിയെല്ലാം മറെറാരദ്ധ്യായത്തിൽ വിവരിക്കാം.

ഓരോ ദേശവിഭാഗങ്ങളിൽ വായുവിനുണ്ടാകുന്ന ശീതോഷ്ണാവസ്ഥയെപ്പററിയാണ് ഇതുവരെ വിവരിച്ചുള്ളു. ഭൂമിയൊട്ടുക്ക് കണക്കാ

ക്കി ഒരു ഭാഗത്തുനിന്നു് മറെറാരു ഭാഗത്തേക്കു് ചൂടും തണുപ്പും സംക്രമിക്കുന്നതിനെപ്പററി കുറച്ചു ഇനി നമുക്കു് അല്പം മനസ്സിലാക്കാം. ഒരു പ്രദേശത്തിൻെറ ശീതോഷ്ണസ്ഥിതി അവിടേക്കു് അടിക്കുന്ന കാററിൻെറ അവസ്ഥ പോലിരിക്കുമെന്നു് പറയേണ്ടതില്ലല്ലൊ. സമുദ്രത്തിൽ അടിയൊഴുക്കുകളുണ്ടെന്നും, അവയിൽ ചിലതു് ഉഷ്ണങ്ങളും ചിലതു ശീതങ്ങളുമാണെന്നും ഭൂമിശാസ്ത്രം പഠിച്ചിട്ടുള്ളവർ ഗ്രഹിച്ചിരിക്കാനിടയുണ്ടു്. സമുദ്രത്തിൽനിന്നു കരയിലേക്കു വീശുന്ന കാററു് ഈ മഹാർണ്ണവരയങ്ങളുടെ(Ocean currents) ശീതോഷ്ണാവസ്ഥയ്ക്കനുസരിച്ചു് തണുപ്പായോ ചൂടായോ ഇരിക്കും. മഹാഖണ്ഡങ്ങളുടെ മദ്ധ്യപ്രദേശങ്ങളിൽനിന്നു പുറപ്പെടുന്ന കാററു് സമുദ്രത്തിൽനിന്നു വരുന്നതിനേക്കാൾ വേനൽക്കാലത്തു് ഉഷ്ണതരമായിരിക്കും; തണുത്തിരിക്കും വർഷക്കാലത്തു്. മഹാർണ്ണവരയങ്ങളെ തൊട്ടടിക്കുന്ന കാററിനുള്ള ശീതോഷ്ണസ്ഥിതി ഏതാണ്ടു സ്ഥിരമാണു്. അതുകൊണ്ടു് യൂറോപ്പിൻെറ പടിഞ്ഞാറുഭാഗത്തും, ശാന്തസമുദ്രത്തിൽ നാല്പതു ഡിഗ്രി അക്ഷാംശത്തിൻെറ വടക്കുവശത്തും, തെക്കെ അമേരിക്കയുടെ കിഴക്കുവശത്തും 'ഗൾഫ് സ്ട്രീം' (Gulf Stream) എന്നും 'ജപ്പാൻ സ്ട്രീം'(Japan Stream) എന്നും പാശ്ചാത്യർ പേരുകൾ കല്പിച്ചിട്ടുള്ള മഹാർണ്ണവരയങ്ങളുടെ ഉഷ്ണം തട്ടി ചൂടായിരിക്കുന്നു. ഈ ഉഷ്ണരയസംപൃക്തമായ വായുവിൻെറ വരവുകൊണ്ടു് ഇംഗ്ലണ്ടിൽ പത്തും, നാർവേരാജ്യത്തു പതിനാറും, ഉത്തരസമുദ്രത്തിലുള്ള സ്പിററ്സ്ബർജൻ എന്ന സ്ഥലത്തു പത്തൊമ്പതും ഡിഗ്രിവീതം സാധാരണയിൽ കൂടുതലായ ചൂടുണ്ടായിരിക്കുന്നു. നേരെ മറിച്ചു്, ശീതരയസംമ്പക്കമേററ വായുവിനാൽ കാനഡാരാജ്യത്തിൻെറ കിഴക്കുഭാഗം, ചീനയുടെ വടക്കുഭാഗം, തെക്കെ അമേരിക്കയുടെ പടിഞ്ഞാറുഭാഗം, തെക്കെ ആഫ്രിക്കയുടെ പടിഞ്ഞാറുഭാഗം എന്നീ ദേശങ്ങൾ അക്ഷാംശസ്ഥിതിക്കു് ന്യായമായി കരുതാവുന്നതിൽ കൂടുതൽ തണുപ്പുള്ളവയായിരിക്കുന്നു. ന്യൂഫൌണ്ട്ലാൻഡ്ദ്വീപിൽ സമാക്ഷാംശസ്ഥങ്ങളായ സ്ഥലങ്ങളെക്കാൾ പത്തു ഡിഗ്രി ചൂടു കുറവാണു്; വടക്കൻചീന ഏഴുഡിഗ്രിയും, ശാന്തസമുദ്രവത്തിയായ ഹോണലൂലു അഞ്ചു ഡിഗ്രിയും കൂടുതൽ തണുപ്പുള്ളവയായിരിക്കുന്നു.

മഹാർണ്ണവരയങ്ങൾ നിമിത്തം ഭൂമിക്കു് എത്രമാത്രം ശീതോഷ്ണാവസ്ഥയ്ക്കു് ഭേദഗതി വരുന്നുണ്ടെന്നു് ഫെറൽ (Ferrel) എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ കണക്കുകൂട്ടിയതിൽ, മഹാർണ്ണവരയരാഹിത്യത്തിൽ ഭൂമദ്ധ്യരേഖയിൽ 130° ഡിഗ്രി ചൂടും ധ്രുവങ്ങളിൽ ശൂന്യത്തിനു കീഴിൽ 108° ഡിഗ്രി തണുപ്പുമുണ്ടായിരിക്കുമായിരുന്നു എന്നു് നിർണ്ണയിച്ചിരിക്കുന്നു. രയങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു് സത്യത്തിൽ മദ്ധ്യരേഖാപ്രദേശങ്ങളിൽ രാവും പകലും ശരാശരി 80° ഡിഗ്രിയിൽ കൂടുതലായ ചൂടില്ല; ധ്രുവദേശങ്ങളിൽ

ശരാശരി തണുപ്പ് ശൂന്യത്തിൽനിന്നു താഴുന്നില്ല. അപ്പോൾ മധ്യരേഖയിൽ 50°-ം ധ്രുവങ്ങളിൽ 100°-ം ഡിഗ്രിവീതം ശീതോഷ്ണമാനവ്യത്യാസം ഈ രയങ്ങളുടെ സാന്നിദ്ധ്യംകൊണ്ടുണ്ടാകുന്നതാണെന്നു മനസ്സിലാക്കാം. അവയുടെ അസാന്നിദ്ധ്യത്തിൽ എത്ര കുറച്ചു പ്രദേശങ്ങൾ മാത്രമെ ഭൂമിയിൽ മാനുഷാവാസയോഗ്യങ്ങളാകുമായിരുന്നുള്ളു എന്നാലോചിക്കുക. അതുപോലെതന്നെ ഉപയോഗമുള്ളതാണ് ഭൂമിയുടെ അന്തരിക്ഷാവരണവും. അതില്ലായിരുന്നെങ്കിൽ, മധ്യരേഖാപ്രദേശങ്ങളിൽ ശൂന്യത്തിനു കീഴിൽ 94°-ം ധ്രുവദേശങ്ങളിൽ ശൂന്യത്തിനു കീഴിൽ 328°-ം ഡിഗ്രിവീതം കൊടുംതണുപ്പുകൊണ്ടു ജീവൽപ്രാണിയുണ്ടായിരിക്കയില്ല. ഈ മൂടാവിയുടെ സാന്നിദ്ധ്യംകൊണ്ടു തറയോടടുത്തുള്ള വായുവിന്ന് ശരാശരി 60° ഡിഗ്രി ചൂടുണ്ട്. അതിനാലത്രേ നാം സുഖമായി ഭൂമിയിൽ പാക്കുന്നതു്. ഇത്ര മാത്രം മാഹാത്മ്യം ശൂന്യമായി തോന്നുന്ന അന്തരിക്ഷാവരണത്തിനുണ്ടെന്നു് അല്ലയോ സ്നേഹിതന്മാരേ! നിങ്ങൾ ധരിച്ചിരുന്നോ?

# ആഫ്ഗാനിസ്ഥാനിലെ അന്തഃഛിദ്രം.

(പീ. ആർ. നീലകണ്ഠൻനായർ)

1928—1929

## I

### അമാനുള്ളയുടെ അശുഭ പര്യവസാനം

അർവാചീന കാലത്തു് ആഫ്ഗാനിസ്ഥാനിലുണ്ടായ അന്തഃഛിദ്രം മൂന്നു രംഗമായി പ്രതിപാദിക്കാം. ഇവയിലെ പ്രധാനനടന്മാർ ഒന്നു് സിംഹാസനഭ്രഷ്ടനായ അമാനുള്ള രാജാവും, രണ്ടാമത്തെ പാത്രം സേനാനായകനായ ബാച്ചായിസാക്കവും, അടുത്തതു ജനറൽനാഡിർഖാനുമത്രെ.

പരേതനായ അമീർ ഹബിബുള്ളായുടെ രണ്ടാമത്തെ പുത്രനായ അമാനുള്ള സിംഹാസനാരൂഢനായതു് അവിചാരിതമായിട്ടെങ്കിലും രസാവഹമായിട്ടുള്ളതാണ്.

യൌവനം, കർമ്മകുശലത്വം, സ്വരാജ്യാഭിമാനം, പരിഷ്കാരേച്ഛ

എന്നീ ഗുണങ്ങളോടുകൂടിയ അമാനുള്ളക്ക് പൈതൃകമായി സുശിക്ഷിതമായ ഒരു സൈന്യവും ആധുനികസമ്പ്രദായത്തിലുള്ള ഭരണരീതിയും സിദ്ധിച്ചിരുന്നതുകൊണ്ട് അമാനുള്ള പാരമ്പര്യമഹത്വത്തോടെ രംഗപ്രവേശം ചെയ്തു ഭാവിനടനം മംഗളപരിണാമിയാക്കുന്നതിൽ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. പ്രാരംഭം ശ്രേയഃപിശുനമായിരുന്നു. മൂന്നാമത്തെ ആഫ്ഗാൻ യുദ്ധഫലമായി അമാനുള്ള ബ്രിട്ടീഷുകാരിൽനിന്ന് വിദേശങ്ങളുമായി ഇടപെടുന്നതിന് പരിപൂർണ്ണസ്വാതന്ത്ര്യം കരസ്ഥമാക്കി. 'നാഷണൽ ഇൻഡിപെൻഡൻസ് ഡെ' എന്ന നാമത്തിൽ കൊല്ലത്തിലൊരിക്കൽ ഈ ദിനം ആഫ്ഗാനിസ്ഥാനിൽ കൊണ്ടാടിത്തുടങ്ങി. ഇങ്ങിനെ സിദ്ധിച്ച സ്വാതന്ത്ര്യം നിമിത്തം യൂറോപ്പിലുള്ള പല രാജ്യങ്ങളിലും അമാനുള്ള സഞ്ചരിക്കയും ആഫ്ഗാനിസ്ഥാൻ യൂറോപ്പിലുള്ള ഓരോ രാജ്യത്തോടും സമത്വസ്വാതന്ത്ര്യനിലയിൽ സഖ്യം സമ്പാദിക്കുകയും ചെയ്തു.

നവസ്വതന്ത്രനായ ഒരു ഏഷ്യാരാജാവിന് യൂറോപ്പും ഇംഗ്ലണ്ടും ഒരുപോലെ ആതിഥ്യം അരുളി അഭിനന്ദിച്ചത് അത്ര സാധാരണമല്ല. എന്നാൽ ഈ അഭിനന്ദനത്തിൽ മാത്രം ചാരിതാർത്ഥ്യം അടവാനല്ല അദ്ദേഹം അവിടെ സഞ്ചരിച്ചിരുന്നത്. അദ്ദേഹത്തിൻെറ ഈ പ്രയാണോദ്ദേശം വിദ്യാർത്ഥിയുടെ നിലയിൽ വേലചെയ്യാനത്രെ. സ്വരാജ്യത്തിൻെറ മഹത്വമേറിയ സ്ഥിതിവിശേഷത്തേയും ഭരണതന്ത്രദൃഷ്ട്യാ യൂറോപ്യൻരാജ്യങ്ങൾക്ക് തന്നോടു മൈത്രീബന്ധകാംക്ഷയുണ്ടെന്നുള്ള പരമാർത്ഥത്തേയും ആഫ്ഗാനിസ്ഥാനിലുള്ള ഏതൊരുവനേയും—16 വയസ്സുമുതൽ 60 വയസ്സുവരെയുള്ള ഏതൊരുവനേയും ക്രമീകൃതവും നിയന്ത്രിതവുമായ നിലയിൽ സംരക്ഷിക്കുന്നപക്ഷം ഒരു ഒന്നാംതരം യോദ്ധാവാകുന്നതിനുള്ള സകലവിധശക്തിയും അവനിൽ അന്തർലീനമായി സ്ഥിതിചെയ്യുന്നുണ്ടെന്ന സംഗതിയും അമാനുള്ള വിശദമായി അറിഞ്ഞിരുന്നു. അദ്ദേഹം വിനോദാർത്ഥം യൂറോപ്പിൽ സഞ്ചരിച്ചിരുന്നില്ല. യൂറോപ്പിൽ പല രാജ്യങ്ങളിലും നടന്നു അവിടത്തെ ആധുനികസ്ഥിതിഗതികളെ സശ്രദ്ധം പഠിച്ച് സ്വന്തനാടിൻെറ അഭ്യുന്നതിക്ക് അവയെ പ്രയോഗപദ്ധതിയിൽ വരുത്തുവാനുള്ള ഒരു തീർത്ഥാടനമായിട്ടാണ് അദ്ദേഹം ഈ കൃത്യം അനുഷ്ഠിച്ചുപോന്നത്. യൂറോപ്യൻരാജ്യങ്ങളുമായി രഹസ്യസന്ധികളെക്കൊണ്ടോ, ഉടമ്പടികൾ മൂലമോ സ്വാഭീഷ്ടസിദ്ധി വരുത്തിയില്ല. വിദഗ്ദ്ധന്മാരേയും വിദ്യാർത്ഥികളേയും കൈമാററം ചെയ്യുന്നതിനു തുറന്ന ഒരു അപേക്ഷ മാത്രം അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. രാജ്യപരിഷ്കാരമത്രെ അദ്ദേഹത്തിൻെറ ലക്ഷ്യം. പക്ഷെ ഭാഗ്യദോഷത്താൽ അദ്ദേഹത്തിൻെറ നാട്ടുകാർ തെററിധരിച്ചു. പഴയ സ്ഥാപനങ്ങളേയൊ, നടപടികളേയൊ അദ്ദേഹം നശിപ്പിച്ചില്ല. അവരുടെ വിശ്വാസഭംഗം ചെയ്യാൻ ഉദ്യമിച്ചില്ല. പിടിവാദമുള്ളവർക്ക്

മനോവേദനയുണ്ടാക്കിയില്ല. പ്രകൃത്യാതന്നെ അദ്ദേഹം പരപീഡനത്തിൽ വിമുഖനാണ്. വശേഷിച്ച് തൻെറ ജീവിതത്തിൽ അത്യന്തമായി സ്നേഹിക്കുന്ന അഫ്ഗാന്മാരോട് അഹിതം പ്രവർത്തിക്കുന്നത് ഒരിക്കലും അദ്ദേഹത്തിന് സ്മരിക്കാവുന്നതല്ല. അദ്ദേഹത്തിൻെറ സംഹാരം തന്നെ സുസ്ഥിരസൃഷ്ടിക്കുള്ള അടിസ്ഥാനമായിരുന്നു. അദ്ദേഹത്തിൻെറ പരിഷ്കാരപ്രാരംഭംതന്നെ സംസ്കൃതിപരമായ ചില കർമ്മങ്ങളായിരുന്നു. രാജ്യത്തോട്ട അകളങ്കിതമായ പ്രേമത്തോടും അവഗാഢവും അക്ഷീണവുമായ ശ്രമത്തോടും യുവാവായ രാജാവ് തൻെറ രാജ്യഭരണക്രമത്തെ പുനസംഘടിപ്പിക്കാൻ ഉദ്യമിച്ചു. രണ്ടുകൊല്ലത്തിനിടയിൽ അത് അത്ഭുതമായ ഒരു ഫലത്തെ ഉണ്ടാക്കിത്തീർത്തു. ആഫ്ഗാനിസ്ഥാൻ കുറച്ചുകാലംകൂടി പൂർവസ്ഥിതിയിൽ തന്നെ കഴിഞ്ഞുകൂടേണ്ടതായിട്ടോ എന്തോ വാമമായ വിധി അതിൻെറ ഫലം അനുഭവിപ്പിച്ചില്ല. ഏതു ആഫ്ഗാനേയും അതിക്രമിച്ച ഗുണമഹിമാവുള്ള ഒരു മാന്യദേഹത്തിൻെറ സകലാദർശങ്ങളേയും, മൂഢവും, കർക്കശവും, വർഗ്ഗീയവുമായ പ്രാതികൂല്യത്തിന് അടിമപ്പെടുത്തി ധൂസരമാക്കിക്കളഞ്ഞു. ഇത് ആഫ്ഗാനിസ്ഥാനു മാത്രമായിട്ടുള്ളതല്ല, പൌരസ്ത്യരാജ്യങ്ങൾക്ക് ഒട്ടുക്കുള്ള ഒരു ശാപമായിട്ടാണു കാണുന്നത്. ആധുനികകാലത്തെ ഉത്തരവാദഭരണം, സ്ത്രീസ്വാതന്ത്ര്യം, സാമാന്യജനങ്ങളുടെ വിദ്യാഭ്യാസം, സാങ്കേതികവും ഉൽകൃഷ്ടവുമായ വിദ്യാഭ്യാസം, ആഫ്ഗാൻ ബാലികമാരെ യൂറോപ്പിലയച്ച് അധ്യാപനം, രോഗശുശ്രൂഷണം, സൂതികർമ്മം, വൈദ്യം ഇവയിൽ വിശേഷജ്ഞാനലബ്ധി, ആൺകുട്ടികളെ എൻജിനിയറിംഗ്, മെക്കാൻസ് മുതലായവയിൽ പാണ്ഡിത്യം, എന്നിവയത്രെ അദ്ദേഹത്തിൻെറ പ്രാഥമ്യശ്രദ്ധക്കു വിഷയീഭവിച്ചിരുന്നത്. ഒരു ദീർഘകാലഭരണത്തിന് സംഗതിവന്നിരുന്നു എങ്കിൽ ആഫ്ഗാനിസ്ഥാൻ നവീനവും സംസ്കാരവും ഉത്തമശക്തിയും ഉള്ള ഒരു രാജ്യമാകുമായിരുന്നു. നിർവഹണസാധ്യമല്ലാത്ത ഒരു വെറും മനോരാജ്യമായിരുന്നുവോ.? അന്ധകാരനിബിഡതയിൽ ആണ്ടുകിടന്നിരുന്ന ഒരു പൌരസ്ത്യരാജ്യത്തെ ആധുനികപരിഷ്കാരംകൊണ്ടു ബലിഷ്ഠമാക്കിത്തീർക്കുന്നതിന് പീററർ എന്ന മഹാനോ മുസ്റ്റാഫ് കമാലിനോ കഴിഞ്ഞില്ലേ.? അവർക്ക് എന്തൊരപരാധമാണുള്ളത്.? അമാനുള്ളയെ അദ്ദേഹത്തിൻെറ ശത്രുക്കൾ ദോഷാരോപണം ചെയ്യുന്നത് അദ്ദേഹം പാശ്ചാത്യപരിഷ്കാരത്തെ കണ്ണടച്ചു പകർത്തി എന്നുള്ളതുകൊണ്ടാണോ.? ഒരിക്കലും അങ്ങിനെ ആയിരിക്കാവുന്നതല്ല. പരിഷ്കാരം, പാശ്ചാത്യമോ, പൌരസ്ത്യമോ ആകട്ടെ, അതിൻെറ ജന്മഭൂവിൽ മാത്രം സുസ്ഥിതി ചെയ്യേണ്ടതുമല്ല. പീററർ, മുസ്റ്റാഫ്കമാൽ എന്നിവരെ പദംപ്രതി അനുഗമിച്ച് ആഫ്ഗാനിസ്ഥാനെ ഒരു സംയുക്തവും, സ്വതന്ത്രവും, ബലിഷ്ഠവുമായ സാമ്രാജ്യമാക്കുന്നതിന് ആവശ്യ

മായ പാശ്ചാത്യപരിഷ്കാരത്തെ മാത്രമെ അമാനുള്ള കാംക്ഷിച്ചിരുന്നുള്ളൂ. പാശ്ചാത്യപരിഷ്കാരത്തിന് ഈ വഴിക്കും ചില സ്ഖലിതങ്ങൾ ഉണ്ടെന്ന് സമ്മതിക്കാമെങ്കിലും സകലത്തേയും നിസ്സാരമാക്കുന്ന ഒരു ഗുണം ആ പരിഷ്കാരത്തിൽ ഉണ്ടെന്നു സമ്മതിച്ചേ മതിയാകയുള്ളൂ. ഇതു സ്വാതന്ത്ര്യമത്രെ. പാശ്ചാത്യ പരിഷ്കാരം രാഷ്ട്രീയവും, വ്യക്തിപരവും ആത്മപരവുമായ സ്വാതന്ത്ര്യത്തെ പ്രഖ്യാപനം ചെയ്യുന്നു. ഒരു പാശ്ചാത്യൻ സ്വാതന്ത്ര്യത്തെ പ്രേമത്തോടെ ആരാധിക്കുന്നു. എങ്ങിനെ സ്വാതന്ത്ര്യം രക്ഷിക്കപ്പെടണമെന്നും, അതിനായി എങ്ങിനെ ത്യാഗത്തെ വരിക്കണമെന്നും അവനറിയാം. അതിനാൽ സ്വരാജ്യാഭിമാനത്തെ എങ്ങിനെ കാക്കണമെന്നും അവൻ ധരിച്ചിട്ടുണ്ട്. പാശ്ചാത്യർ എത്ര വലിയവരായാലും ചെറിയവരായാലും പൗരസ്ത്യദേശങ്ങളാൽ പരിത്യക്തമായ സ്വാതന്ത്ര്യത്തെ അവർ അനുഭവിക്കുന്നു. പാശ്ചാത്യപരിഷ്കാരത്തിനു പൌരസ്ത്യരോട് ഒരു മഹാസന്ദേശം അറിവിക്കുവാനുണ്ട്. അതു സ്വാതന്ത്ര്യവും സംസ്കാരവുമാണ്. സ്വാതന്ത്ര്യം കൂടാത്ത സംസ്കാരത്തിന് എന്തു വിലയാണുള്ളത്.? ഒരു അടിമരാജ്യത്തിന് സ്വതന്ത്രരാജ്യത്തേക്ക് എന്തു സന്ദേശമാണു നൽകുവാനുള്ളത്.? അതു കേൾക്കുന്നതാര്.? പൌരസ്ത്യസംസ്കാരത്തിന്റേയും തത്വജ്ഞാനത്തിന്റേയും നട്ടെല്ലു തകർന്നിരിക്കയാണ്. 'അതിനു പാരതന്ത്ര്യം പററിയതത്രെ അതിനുള്ള കാരണം.പാശ്ചാത്യർ പ്രാഥമ്യമായി സ്നേഹിക്കുന്നതു് സ്വാതന്ത്ര്യത്തേയാണ്. ആധുനികകാലത്തെ യുദ്ധസാധനസജ്ജീകരണശാല, ആകാശവിമാനം, ആഗ്നേയഗോളം,പീരങ്കി എന്നിവയെല്ലാം രാഷ്ട്രസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നു. അവിടത്തെ സംസ്കാരം പ്രായോഗികമായും ആദർശപരമായും സ്വാതന്ത്ര്യത്തെ നിത്യത്വേന നിലനിറുത്തി കാത്തുപോരുന്നു. സ്വാതന്ത്ര്യം ഈ വഴിക്ക് ആ രാജ്യത്തിന് ഒരനുഗ്രഹമെന്നു മാത്രമല്ല, ലോകമൊട്ടുക്ക് അതു ഉപകാരവുമായിരിക്കുന്നു. അത്യന്തമഹത്വമുള്ള ഈ സന്ദേശം, സ്വാതന്ത്ര്യസന്ദേശം, ഒരു ദിക്കിനു മാത്രമായിട്ടുള്ളതല്ലാത്തതും സംസ്കാരജന്യവും, സർവ്വജനീനസ്വീകാര്യവുമായ ഒരു പദ്ധതിയെ പടിഞ്ഞാറുനിന്നും തന്റെ നാട്ടിൽ പ്രചരിപ്പിക്കണമെന്നാത്രെ അമാനുള്ള സർവ്വോപരി കാംക്ഷിച്ചിരുന്നതു്. അദ്ദേഹത്തെ കാഫർ എന്ന പേരിനു പാത്രമാക്കിത്തീർത്തതു് മുള്ളമാരുടെ ഭീമാജ്ഞതയും മക്കടമുഷ്ടിയും മാത്രമാണ്. ഈ വിധമുള്ള ഒരു മിത്രത്തെ നാട്ടിൽനിന്നും ബഹിഷ്കരിച്ചതുകൊണ്ട് ആഫ്ഗാനു പററിയ നഷ്ടമെന്തെന്നു അവർ അറിയുന്നില്ല. വിദ്യാഭ്യാസംകൊണ്ടു ഭാവിസന്തതികൾ രാജ്യത്തിന്റെ വാസ്തവശ്രേയസ്സിന്നാതെന്നറിയുമ്പോൾ അമാനുള്ളയുടെ സിംഹാസനഭ്രഷ്ടിനു നിദാനീഭൂതമായ സംഭവങ്ങളെ അവർ ശപിക്കുന്നതായിരിക്കും. ഉൽകൃഷ്ടനായ അമാനുള്ള ഒരു ദീർഘദർശിയും, സങ്കല്പശക്തിയുള്ളവനും, ക്രിയാകുശ

ലനുമാണ്. അദ്ദേഹത്തിന്റെ രംഗപ്രവേശം ശോഭനവും, നടനം ആകർഷണീയവും, പരിണാമം ദുഃഖപര്യവസായിയുമായിരുന്നു. ദുർദ്ദൈവപീഡിതമായ ആ രാജ്യവാസികളിൽ അമാനുള്ളയുടെ സ്നേഹിതന്മാരും ശ്രേയഃകാംക്ഷികളും ആശാകലുഷമായ ചിന്തകൊണ്ട് 'അമാനുള്ള ഇനിയും സിംഹാസനാരോഹണം ചെയ്യുകയില്ലേ' എന്ന ചോദ്യം സദാ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു ജനാവലി അർഹിക്കുന്ന ഗവൺമെന്റ അവൎക്കു സിദ്ധിക്കുകയുള്ളു എന്ന് ഇക്കാലത്തു ആഫ്ഗാന്മാർ ചിന്തിക്കാതിരിക്കുന്നില്ല.

## II

### ബാച്ചഇസാക്കുവിന്റെ പ്രവേശനം

കാബൂളിലെ ഒരു ബിഷ്ടിവാലയുടെ പുത്രനും പെഷവാറിൽ ഒരു ചായക്കടക്കാരനും ആയ ബാച്ചഇസാക്കു് അഫ്ഗാൻ എതിർശക്തിയുടെ നേതാവായിരുന്നു. ഈ പ്രസിദ്ധപുരുഷന്റെ ജീവിതചര്യ അസാധാരണം തന്നെ. പെഷവാറിൽ നടത്തിക്കൊണ്ടിരുന്ന ചായക്കട ഉപേക്ഷിച്ച് അമാനുള്ളയുടെ പട്ടാളവകുപ്പിൽ ഒരു യോദ്ധാവായിത്തീൎന്നു. ആഫ്ഗാനിസ്ഥാനിലെ മൎക്കടമുഷ്ടികളായ ജനങ്ങളെപ്പോലെ തന്നെ സാക്കുവും പട്ടാളവകുപ്പിലെ വസ്ത്രധാരണം തുടങ്ങിയ പല വ്യവസ്ഥകളും നവീനമായി ഏൎപ്പെടുത്തിയ സകല പരിഷ്കാരങ്ങളും ഇസ്ലാംമതത്തിന്റെ പരിശുദ്ധിയെ മലിനപ്പെടുത്തുന്നതെന്നുറച്ച് സൈന്യവകുപ്പിനെ വെറുത്തു രാജാവിന്റെ സൎവീസിൽ നിന്ന് ഒഴിഞ്ഞു. മതധ്വംസകനായ അമീറിനു എതിരായും കാലിമ, ദൈഖം ഈ കാൎയ്യത്തിനു അനുകൂലമായും, ഉലാമ, ഷാരിയററ എന്നിവയുടേയും പരിശുദ്ധപ്രാഫററിന്റേയും നാമധേയത്തിൽ അവൎക്കു സഹായമായും ജീവിക്കുമെന്നും സാക്കു ഒരു പ്രതിജ്ഞയും ചെയ്തു. അയാൾ ഒരു കവൎച്ചക്കാരനായി, പതിനാലുപേരുടെ നേതൃസ്ഥാനവും വഹിച്ചു. കാബൂളിനു വടക്കുവശത്തുള്ള രാജപാതയിൽ അവരുടെ അധികാരം പ്രയോഗിച്ചും തുടങ്ങി. അയാളുടെ കവൎച്ചയും, വേണ്ടിവന്നാൽ ഹിംസയും മുറക്കു നടത്തിക്കൊണ്ടിരുന്നു. എങ്ങിനയോ കാബൂളിൽ ഒരു ഭീതി ഒന്നോടെ വളൎന്നു. പക്ഷെ അയാൾക്കു് അനുചരന്മാരെ ധാരാളം കിട്ടിത്തുടങ്ങി. ഷിൻവാറികളുടെ വിപ്ലവത്തിനു അടുത്ത മുമ്പു് സാക്കുവിന്റെ കീഴിൽ ആയുധപാണികളായ മുന്നൂറു ഭടന്മാർ സന്നദ്ധരായിരുന്നു. ഇയ്യാളെ തടവുകാരനായി പിടിക്കുന്നതിനോ അഥവാ വധിക്കുന്നതിനു തന്നെയോ അമാനുള്ളയുടെ സൈന്യം ചെയ്ത ശ്രമം കേവലം നിഷ്ഫലമായെന്നേ പറയേണ്ടു. അതിനാൽ അയാളുടെ കവൎച്ച പൂൎവ്വാധികം വൎദ്ധിച്ചു. ഒരു

ചുരുങ്ങിയ കാലംകൊണ്ട് ഈ നേതാവിൻെറ പേർ ആഫ്ഗാനിസ്ഥാനിൽ പരന്നു. എന്തോ ഒരു ദിവ്യശക്തിയുള്ള ആളെന്ന ഭയഭക്തിക്ക് ഇയ്യാരം പാത്രീഭവിച്ചു. ഈ കാലത്തു് അമാനുള്ളയെ അനവധി ദുരന്തങ്ങരം വല യംചെയ്തു കഴിഞ്ഞിരിക്കുന്നു. ബാച്ചഇസാക്കു അംഗമായ ടാജിക്‌വർഗ്ഗക്കാർ-വെറും യാഥാസ്ഥിതികർ- അമാനുള്ളയുടെ സകല പ്രവൃത്തികളേയും തുറ ന്ന് ആക്ഷേപിച്ചുതുടങ്ങി. അവർ നിയമലംഘനവും ആരംഭിച്ചു. രാജ്യ വാസികളായ പല വർഗ്ഗക്കാരെ മുള്ളമാർ പ്രക്ഷോഭിപ്പിച്ചു. അവരുടെ ശ്ര മം ഡ്യൂറൻഡ് എന്ന ഇൻഡ്യൻ പാർശ്വത്തിൽ സഫലമായിത്തീൎന്നു. ഷാ റിയാററിനോട് എതിൎക്കുന്ന നാസ്തികനും അവിശ്വാസിയുമായ രാജാവി നോടു എതിൎക്കണമെന്നത്രെ ഇവരുടെ ഉപദേശം. ബലവാന്മാരും രണോ ത്സുകരും ആയി ആഫ്ഗാനിൻെറ കിഴക്ക് കാബൂളിനു തെക്ക് ഷിൻ വാർഡ് രാജാധികാരത്തെ വിഗണിച്ച് കലഹം ആരംഭിച്ചു. അഹമ്മദ ഷാഡുറാണി സിംഹാസനാരോഹണം ചെയ്തു. ആ വംശത്തെ കാബൂളിൽ അധീശശക്തിയായി വാഴിച്ച അന്നുതൊട്ടു അവരോട് ബദ്ധശത്രുക്കളായി വൎത്തിച്ചിരുന്നവരും, കാബൂളിനു അല്പം പടിഞ്ഞാറുള്ള ഒരു പ്രാവിൻസിൽ വസിക്കുന്നവരും സമ്പന്നന്മാരും ജനപ്പെരുപ്പമുള്ളവരുമായ ഗിൽസാളർസ് എന്ന ഒരു വൎഗ്ഗക്കാർ രന്ധ്രപ്രതീക്ഷികളായി വൎത്തിച്ചിരുന്നു. അവർ രാ ജവംശത്തോട് എതിൎക്കുവാൻ അവസരം പ്രതീക്ഷിക്കുന്ന കാലമാണിതു്. ഈ ജനവൎഗ്ഗത്തിൻെറ സഹകരണത്തെയൊ സഹപ്രവൎത്തനത്തെയൊ അ മാനുള്ളക്ക് ഒരിക്കലും വിശ്വസിക്കാവുന്നതല്ല. ബാച്ചഇസാക്ക് രാഷ്ട്രീയ സ്ഥിതികളെ സൂക്ഷ്മമാംവണ്ണം പഠിച്ചു. കാബൂളിലുള്ള രാജദ്രോഹികളുമാ യി ഗൂഢാലോചനകരം നടത്തിത്തുടങ്ങി. ഇവർ രാജാവിൻെറ വിശ്വ സ്തഉദ്യോഗസ്ഥന്മാരും സ്നേഹിതന്മാരുമെന്നഭിമാനിച്ചിരുന്നു. വാസ്തവ ത്തിൽ ഇവർ പരമവഞ്ചകന്മാരാണ്. അത്യന്തവാശിയോടെ എതിൎത്ത ഷിൻവാറികളേ അമൎത്തുന്നതിൽ അമാനുള്ളക്കു നെരിട്ട പരാജയം സാക്കു നല്ലപോലെ ഗ്രഹിച്ചു. ഒരു കവൎച്ചക്കാരനെന്ന നിലയെ അതിക്രമിച്ചു ള്ള പദപ്രാപ്തിക്ക് മറെറാരു കൌശലം ചെയ്യുന്നതിന് സാക്കു ഉറച്ചു. അ തു് വിചാരിച്ചതിലധികം ഫലപ്രദമായിരുന്നു. സ്വാനുചരന്മാരായ മുന്നൂ റു പേരോടും ആയുധസാമഗ്രികളോടും കൂടി രാജാവിനു കീഴ്പ്പെടുകയാണ ഇതിൻെറ പ്രാരംഭകൃത്യം. ആജീവനാന്തം നിയമാനുവൎത്തനം ചെയ്തു രാ ജാവിനെ സേവിച്ചുകൊള്ളാമെന്ന് അമാനുള്ളയുടെ മുമ്പിൽവച്ചു കൊറാ ൻ എടുത്തു് സത്യവും ചെയ്തു. അമാനുള്ള തൻെറ മഹാമനസ്കതയുടേ യും അന്യന്മാരെ വിശ്വസിക്കുന്ന ശീലത്തിൻേറയും ഫലമായി ഷിൻവാറി കളോടു യുദ്ധംചെയ്യുന്നതിന് 80000 രൂപയും യുദ്ധോപകരണങ്ങളും ഒരു പട്ടാളവും അയച്ചുകൊടുത്തു. സാക്കുവിനു കൎണ്ണൽ എന്ന ഉദ്യോഗപ്പേരും

നൽകി. തൻെറ സൈന്യം ഈ വിധത്തിൽ വദ്ധിക്കയും, കോശസ്ഥിതി അഭിവൃദ്ധമാകുകയും ചെയ്തതോടുകൂടി സാക്കു സ്വഗ്രഹമായ കോഹഡ്മാൻ എന്ന സ്ഥലത്തേക്കുപോയി സ്വവഗ്ഗത്തിൽനിന്ന് കുറെ ആളുകളെ പട്ടാളത്തിൽ ചേത്തു. ഇങ്ങിനെയുണ്ടാകുന്ന സൈന്യം രാജാവിനെ സഹായിപ്പാനെന്നത്രെ പുറമെ ഭാവിച്ചിരുന്നത്. ബാച്ചഇസാക്കു ഷിൻവാറികളോട് യുദ്ധത്തിന്നു പുറപ്പെടുന്നതിന്നുപകരം കാബൂളിനെ രോധിച്ചതായി അറിഞ്ഞപ്പോൾ അമാനുള്ളയുടെ നിരാശയും, വ്യാകുലതയും എത്രയെന്ന് ഊഹിക്കുന്നതായിരിക്കും അധികം നല്ലത്. ബാച്ചഇസാക്കു സൈനികോചിതമായ ബുദ്ധി പ്രദശിപ്പിച്ച ഈ അവസരത്തിൽ അമാനുള്ള സ്ഥൈയ്യമോ, വിഗ്രഹതന്ത്രമോ, സാമത്ഥ്യമൊ ഇല്ലാത്തവനായി. രാജശക്തി, യുദ്ധസാമഗ്രികളേക്കൊണ്ടു പരിപൂണ്ണമായിരുന്നുവെങ്കിലും ബാച്ചഇസാക്കു തൻെറ രണ്ടായിരം ഭടന്മാരോടുകൂടി കബൂളിനെ വളഞ്ഞു. പല യുദ്ധങ്ങളിലും വിജയിയായി. അനവധി കോട്ടകൾ കൈവശപ്പെടുത്തുകയും ചെയ്തു. ഇങ്ങിനെ പന്ത്രണ്ടു ദിവസം കഴിഞ്ഞു. കാബൂളിനെ സ്വാധീനമാക്കുന്നതിന് കൂടുതൽ സൈന്യബലം ആവശ്യമെന്ന് സാക്കുവിന്നു പൂണ്ണബോധം വന്നതുകൊണ്ട് അയാൾ സാവധാനമായി പിന്നോട്ടു മാറിത്തുടങ്ങി. ഒടുവിൽ ഒരു കാട്ടിൽചെന്നു മറഞ്ഞു. അമാനുള്ളയുടെ സൈന്യം ഇവരെ പിന്തുടൎന്നു. ഇതുതന്നെയായിരുന്നു സാക്കുവിൻെറ പരമമായ ലക്ഷ്യം. രാജസേനയെ അവിടെവച്ച് ഒരു കുടുക്കിൽ അകപ്പെടുത്തി. അവരുടെ സാമാനങ്ങളും ആയുധസാമഗ്രികളും കരസ്ഥമായതോടുകൂടി സാക്കു പൂവാധികം ശക്തനായിത്തീൎന്നു. വീണ്ടും കാബൂളിനെ നിരോധിക്കുന്നതിന് പുറപ്പെട്ടു. അമാനുള്ള യാതൊരു കരുതലും ചെയ്തിരുന്നില്ല. ഈ വിഷമഘട്ടത്തിൽ ഷോർബസാറിലെ പിർസാഹിബ് രംഗപ്രവേശം ചെയ്തു. ഇയ്യാൾ അനവധി അനുചാരന്മാരുള്ള ഒരു ബലിഷ്ഠനാണ്. അമാനുള്ളയുടെ സഹോദരനായ ഇനായത്തുള്ളക്കു വേണ്ടി സിംഹാസനം ഒഴിഞ്ഞ് ആഫ്ഗാനിസ്ഥാനിലെ ആഭ്യന്തരകലഹത്തെ ശാന്തത വരുത്തണമെന്നും, അതിനാൽ അനവധി ജനങ്ങളുടെ ജീവരക്ഷയ്ക്കും നാടിൻെറ ക്ഷേമത്തിനും സംഗതിവരുമെന്നും അമാനുള്ളയോട് ജനങ്ങൾ അപേക്ഷിച്ചു. ഇയ്യാളുടെ വാക്കിനുള്ള മാധുയ്യം ഹൃദയത്തിന്നുണ്ടായിരുന്നില്ല. അമാനുള്ളയുടെ ഹൃദയം ഈ മുള്ളായുടെ വഞ്ചകവൃത്തിയോടു സാധൎമ്മ്യം വഹിച്ചിരുന്നതുകൊണ്ട് ഈ കാൎയ്യം എളുപ്പത്തിൽ സാധിച്ചു. സിഹാസനത്തിനുവേണ്ടി താൻ സ്നേഹിക്കുന്ന പല ജനങ്ങളുടെ ജീവനാശത്തിനൊ, രക്തപ്രവാഹത്തിനൊ അമാനുള്ള ആഗ്രഹമുള്ളവനായിരുന്നില്ല. സ്വസുഖത്തേയൊ, സ്വപ്രതാപത്തേയൊ, സ്വതഃഫലാഭത്തേയൊ നേടുന്നതിനുള്ള ഒരു ഉപകരണമാണ് സിംഹാസനമെന്നു അമാനുള്ള ഒരിക്കലും വിശ്വസിച്ചിട്ടില്ല.

ഉത്തരവാദിത്വവും, കടമയുമുള്ള ഒരു സ്ഥാനം അല്ല, ഒരു നിയമനം മാത്രമായിട്ടാണു രാജപദത്തെ അമാനുള്ള കരുതിയിരുന്നതു്. ഈ നിലയിൽ മാത്രം ഇദ്ദേഹം ചില പരിപാടി നിർണ്ണയിച്ചു. അന്തഃഛിദ്രത്തിന്റെ കാരണം ഈ പരിഷ്കാരപരിപാടിയാണെന്ന് പീർസാഹിബ് യുക്തിവാദം ചെയ്തിരുന്നു. രാജ്യക്ഷേമത്തിനു പര്യാപ്തമാകുമെങ്കിൽ താൻ സഹോദരനുവേണ്ടി സ്ഥാനത്യാഗം ചെയ്യുന്നതു് ഉചിതമെന്നും അമാനുള്ള ഉറച്ചു. രാജ്യപരിഷ്ക്കരണത്തിനു താൻ ഇച്ഛിച്ചിരുന്ന നിർദ്ദേശങ്ങൾ സാക്കുവിനെ ഏല്പിക്കുന്നതിലധികം നല്ലതു് സഹോദരനെ ഏല്പിക്കുന്നതെന്നും അദ്ദേഹം നിശ്ചയിച്ചു. ഇന്ന് എതിരായി നില്ക്കുന്നവർ സാക്കുവിനെ ഓടിക്കുന്നതിന് ഇനായത്തുള്ളയെ സഹായിക്കുമെന്നും അമാനുള്ള വിശ്വസിച്ചുപോയി. ഈവിധമുള്ള പല ചിന്താവിഷമങ്ങളോടും, സംതൃപ്തിയോടും അമാനുള്ള സകുടുംബം രാജധാനിയെ ഉപേക്ഷിച്ചു കാൻഢഹാറിലേക്ക് മാറിത്താമസിച്ചു. പക്ഷേ, ഇനായിത്തുള്ളയുടെ ഭരണം ക്ഷണസ്ഥായിയായിരുന്നതേ ഉള്ളു. അല്പദിവസത്തിലധികം സിംഹാസനത്തിലിരിപ്പാൻ സാക്കു അനുവദിച്ചില്ല. ഇനായത്തുള്ള അമാനുള്ളയെപ്പോലെ ബുദ്ധിമാനോ കർമ്മകുശലനൊ അല്ലായിരുന്നു. ബാഹ്യാഡംബരങ്ങളിൽ കുതുകിയായിരുന്ന ഇയ്യാൾ നായാട്ടും ടെന്നിസ്സും മാത്രം ജീവിതവൃത്തിയായി കരുതിയിരുന്നവനാണ്. രക്ഷയെ ലാക്കാക്കി സിംഹാസനവുമുപേക്ഷിച്ച് സഹോദരൻ അഭയംനേടിയിടിക്കുന്ന കാൻഢഹാറിൽ എത്തി.

ഈ വിധത്തിൽ തസ്കരപ്രമാണിയുടെ പ്രാർത്ഥന ലബ്ധാവകാശമായിത്തീർന്നു. ആഫ്ഗാനിസ്ഥാനിൽ ഉൽകൃഷ്ടവംശ്യരെന്ന് അഭിമാനിക്കുന്ന ഡുറാണിവംശക്കാരാൽ അലംകൃതമായ സിംഹാസനം ഇതാ തസ്കരരാജാവിനാൽ അപഹൃതമായിക്കഴിഞ്ഞു. ഈ തസ്കരൻ ഹാബിബുള്ള ഗാസി എന്ന അഭിമാനനാമംകൊണ്ടു് വിശ്രുതനായി. പേരിന് എത്ര വൈശിഷ്ട്യമുണ്ടെങ്കിലും അയാളുടെ മലിനരക്തത്തെ അതു മറയ്ക്കുമോ? അയാളുടെ അടിമത്വത്തിന് ആവരണമാകുമോ.? അയാളുടെ നീചമനസ്ഥിതിക്ക് വല്ല മാററവും ഉണ്ടാകുന്നതാണോ.? ആഫ്ഗാൻ സിംഹാസനത്തെ അലങ്കരിച്ചിരുന്നവരിൽ നടുനായകവും എന്നാൽ അന്ധമായ മതഭ്രാന്തുകൊണ്ടും, പരിതാപകരമായ അജ്ഞതകൊണ്ടും നിർഭാഗ്യവാന്മാരായ ആഫ്ഗാന്മാരാൽ തിരസ്കൃതനായ അമാനുള്ളയെ സിംഹാസനഭ്രഷ്ടനാക്കി, കാരാഗാരമോ, കഴുമരമൊ മാത്രം ഉചിതസങ്കേതമായിരിക്കേണ്ട ഒരുവന് ആ സ്ഥാനം നൽകിയ ആഫ്ഗാന്മാരുടെ കഥ കഷ്ടംതന്നെ.

ദീർഘകായനല്ലാതേയും, എന്നാൽ സദാ ബീഭത്സഭയാനകരസം നടനംചെയ്യുന്ന മുഖത്തോടു കൂടിയവനുമായ സാക്കു സാധാരണ ആഫ്ഗാനേക്കാൾ അല്പം കറുത്ത നിറത്തോടുകൂടിയവനാണ്. ഇയ്യാൾ അക്ഷ

ജ്ഞാനം പോലുമില്ലാത്ത ഒരുവനത്രെ രാജകല്പനകളെ ദൂഷ്യം ചാത്തുന്നതന പകരം കൈവിരൽ പതിക്കുകയാണത്രെ സാധാരണ പതിവ്. കഴിഞ്ഞ രാജാവിൻെറ മതവിദ്വേഷകമായ സകല പരിഷ്കാരങ്ങളോടും അതികുപിതനായിട്ടാണ് ഇദ്ദേഹത്തിൻെറ പരിശുദ്ധഭരണപരിപാടി ആദ്യമായി നിർമ്മിച്ചത്. പക്ഷെ അയാളുടെ സാക്ഷാൽ രൂപം താമസംവിനാ പ്രത്യക്ഷമായി. നീചകുലജാതൻെറ മനസ്ഥിതിയും, അനിയന്ത്രിതവികാരവും പ്രതികാരേച്ഛയാൽ മലിനചിത്തവും സാധുദ്രോഹവാസനയും ശത്രുക്കളെന്നു പറയുന്ന സ്വജനങ്ങളോട്—വിശേഷിച്ച് അമാനുള്ളയോടു അനുഭാവമുള്ളവരോട്—അതികക്കശമാംവണ്ണം പ്രവത്തിച്ചുതുടങ്ങി. തസ്കരനായ ഈ രാജാവിൻെറ ദുർഭരണം ഒൻപതു മാസത്തിലധികം അഫ്ഗാന്മാർ അനുഭവിക്കേണ്ടി വന്നില്ല. ഏഴുകൊല്ലക്കാലം അമാനുള്ളയുടെ അംഗരക്ഷകനായിരുന്ന ആഗ അഹമ്മദ് ഖാൻ അമാനുള്ളയുടെ സാക്ഷാൽ രൂപത്തെ ചിത്രീകരിച്ചു നമുക്കു തന്നിരിക്കുന്നതു എത്ര ആശ്വാസത്തോടും സന്തുഷ്ടിയോടും നാം വീക്ഷണം ചെയ്യുന്നു. അസോഷിയേറ്റഡ് പ്രസ്സിൻെറ ഒരു പ്രതിനിധി 1929 ഫെബ്രുവരി 19-ാംനു പെഷ്വാറിൽവച്ച് ആഗ അഹമ്മദുഖാനെ സന്ദർശിച്ച അവസരത്തിൽ ഇങ്ങിനെ പറയുകയുണ്ടായി. "അദ്ദേഹം ഒരു മാതൃകാഭരണകത്താവാണ്. ആദ്ദേഹം ഒരോ 'നിമാസ്' കഴിയുമ്പോഴും അഫ്ഗാനിസ്ഥാൻെറ പരിതാപസ്ഥിതിക്ക് ശാന്തികിട്ടുവാൻ പ്രാത്ഥിച്ചിരുന്നു. അദ്ദേഹം ഉൽകൃഷ്ടാശയവും ഹൃദയവുമുള്ളവനും സ്വരാജ്യാഭിമാനിയും ആയിരുന്നു. ഇങ്ങിനെ ഒരു രാജാവ് ഇവിടെ വാണിട്ടില്ല. അവിടുക്കുവേണ്ട സകല പരിഷ്കാരങ്ങളും ഒന്നോടെ അവിടെ ഉണ്ടാകണമെന്നു തോന്നത്തക്കവണ്ണം അത്ര സ്വജനസ്നേഹത്തോടുകൂടിയവനായിരുന്നതുകൊണ്ടു പരിഷ്കാരം ക്രമപ്രവൃദ്ധമാക്കിയാൽ മതിയെന്ന സ്വമന്ത്രിമാരുടെ ഉപദേശത്തെ അമാനുള്ള അവഗണിച്ചതെ ഉള്ളു. അഫ്ഗാനിസ്ഥാൻെറ ശ്രേയഃകാംക്ഷികളായ സകലജനങ്ങളും അമാനുള്ളയുടെ നഷ്ടപ്പെട്ട സിംഹാസനത്തിൻെറ പുനരാരോഹണത്തിൽ അദ്ദേഹത്തിന് വിജയം സിദ്ധിച്ചില്ലെങ്കിൽ അമാനുള്ളയെപ്പോലുള്ള ഒരു വിശിഷ്ടഭരണകത്താവിനെ സ്മരിക്കുന്ന ഒരു കാലം അഫ്ഗാനിസ്ഥാന് വരും. അന്ന് സൌമനസ്യം, കർമ്മഠത്വം, സ്വരാജ്യാഭിമാനം എന്നിങ്ങനെ അഫ്ഗാനിസ്ഥാനു സിദ്ധിക്കാവുന്ന ഗുണങ്ങളുടെ ധ്വംസകന്മാരായിരുന്ന മുല്ലാമാരേയും പുരോഹിതന്മാരേയും അവർ ശപിക്കയും ചെയ്യും.

(നാദിർഖാൻെറ രംഗപ്രവേശം അടുത്തതിൽ)

# നരേന്ദ്രന്റെ ത്യാഗം.

(വെള്ളാംയ്ക്കൂൽ ഗോവിന്ദമേനോൻ)

(പാന)

“എത്രനേരമായെങ്ങുപോയെൻകുഞ്ഞേ!
ക്ഷുത്തുമേനിന്നെബ്ബാധിക്കയില്ലെന്നോ?
നമ്മൾതന്നേകസമ്പത്താംധേനുവിൻ-
വെൺമൃദുസ്വാദുകാരുണ്യസദ്രസം,
ക്ഷീരമല്പംതിളപ്പിച്ചുവെച്ചിട്ടു
നേരമെത്രയായ് വേഗംകുടിച്ചാലും.”
ദാരിദ്ര്യമുഴതിടുംമാർത്തട്ടോടും,
പാരിക്കുംക്ഷുത്തമർത്തുംവയറൊടും,
അത്തൻമാന്തിനനെററിത്തടത്തൊട്ടു-
മെത്തുംപുത്രൻ നരേന്ദ്രനോടായ് തദാ
പുത്രവാത്സല്യം ഉള്ളിത്തുളുമ്പുന്ന
ചിത്തമൊത്തമ്മചൊല്ലിനാളിങ്ങിനെ.
ആടലാംകൊടുംക്രൂരിരുട്ടൊട്ടുക്ക-
മോടിടുമൊരുപുഞ്ചിരിപ്പൂൺപൊട്ടും
മാതൃസ്നേഹവിവശീകൃതാശയൻ
പൂതശീലൻ പറഞ്ഞാനനന്തരം.
“ഇന്നുഞാനൊരുമാന്യസുഹൃത്തിന്റെ
ധന്യമായുള്ളൊരാതിഥ്യമേല്ക്കയാൽ
എന്നുദരംനിറഞ്ഞു; വിശപ്പേററാൽ
പിന്നെയെങ്ങാനും നില്ക്കുവോനല്ലിവൻ.
ഉള്ള പാലമ്മതന്നെകുടിച്ചാലു-
മുള്ളുരുകേണ്ടിപ്പുത്രനെയോർത്തോട്ടും.”
ക്ഷുൽപിശാചിന്നുതൻചുടുചോരതാ-
നല്പമെന്യേകുടിപ്പാൻകൊടുത്തിട്ടും
അമ്മതൻവന്ദ്യദേഹംരക്ഷിച്ചതാ-
ണമ്മഹാശയൻ ബാലനെന്നാകിലും.
“ഹന്ത! പെററവയററിൽജ്വലിക്കുന്ന
ചെന്തീയിന്നുക്കചെററുശമിക്കുവാൻ
ഓതിസത്യസ്വരൂപ, ഞാൻമായമൊ-

ന്നേതുമായതിലെന്നെ വെറുക്കൊല.
അല്ലെങ്കിലതിനുള്ളൊരുശിക്ഷയെന്താ-
നല്ലാസമോട്ടമേല്ക്കാംകൃപാംബുധേ!
നിൻപദങ്ങൾസുദൃഢം പിടിച്ചുഞാൻ
വൻപെഴുമഴലെന്തും സഹിച്ചിടാം.
മൽക്കുടുംബം ദഹിപ്പിക്കുംദാരിദ്ര്യ-
ത്തീക്കനൽച്ചൂടിതെന്നു കുറഞ്ഞിടും.!"
പൊന്നുമോരോവികാരങ്ങളിങ്ങിനെ-
യന്തരീക്ഷത്തിൽ മേഘങ്ങൾപോലവെ,
വന്നുയർന്നിതവന്നു; നയനങ്ങൾ
നിന്നിടാത്തമഴയും ചൊരികയായ്.
തൻമുറിക്കെഴും ഭിത്തിമേൽ മിന്നുന്നോ-
രമ്മുകിൽവർണ്ണവിഗ്രഹം നോക്കിയും,
തച്ചരിതങ്ങൾ സാദരം വായിച്ചും,
കൊച്ചുകൈകളിടയ്ക്കിടേ കൂമ്പിയും,
മേവുമബ്ബാലനത്രെ ഭരതോർവീ-
പാവനപുണ്യപൂരാങ്കുരം പരം.
ഉഗ്രദുർഭിക്ഷരാക്ഷസിതൻനെടു-
വക്ത്രത്തിൽനിന്നു ചാടിരക്ഷപ്പെട്ടു
ശാന്തിതൻമുഖം ചുംബനംചെയ്യൊര-
ക്കാന്തിതാൻ വിവേകാനന്ദസ്വാമികൾ.

# അധ്യാപകന്മാരുടെ പ്രാവിഡൻറ്ഫണ്ട്

## I

### നാട്ടുഭാഷാധ്യാപകന്മാരുടെ ഇന്നത്തെ രണ്ടാവശ്യങ്ങൾ

സമസ്തതിരുവിതാംകൂർ നാട്ടുഭാഷാധ്യാപകന്മാരെ സംബന്ധിച്ചിട ത്തോളം ഇന്ന് അതിപ്രാധാന്യത്തെ ആർഹിക്കുന്ന രണ്ടാവശ്യങ്ങളിൽ ഒന്നാ മത്തത്, സർക്കാർജീവനക്കാരും അല്ലാത്തവരും എന്നുള്ള ഭേദം ഗണിക്കാ തെ അവർക്കൊരു സംഘടനയുണ്ടാകണമെന്നുള്ളതും, രണ്ടാമത്തത്, പൈ

തന്ത്യം അററ് 'അദ്ധ്യാപകസങ്കടം' എന്നുകൂടെ വിളിക്കപ്പെട്ട് ഇപ്പോഴും യാന്ത്രികമായി നടന്നുവരുന്ന അധ്യാപകസംഘങ്ങൾ നിശ്ശേഷമായി നിറുത്തിക്കളയണമെന്നുള്ളതും ആകുന്നു. തിരുവനന്തപുരത്തെ ചില കാളേജ് അധ്യാപകന്മാരും അപൂർവ്വം ചില ഹൈസ്കൂൾകാരും ചേൎന്ന് അഖില തിരുവിതാംകൂർ അധ്യാപകസംഘം എന്ന ഒരു സ്ഥാപനം ഉള്ളതായി അറിയാഞ്ഞല്ല ഒരു പുതിയ സംഘടനയിൽ നമ്മൾ ഒരുമിക്കണമെന്നു ആഗ്രഹിക്കുന്നതു്. വന്ദ്യഗുരുനാഥൻ ശ്രീമാൻ രാമവൎമ്മതമ്പാൻ അവർകളുടെ സാന്നിദ്ധ്യലോപാനന്തരം നാട്ടുഭാഷാദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പററി ശരിയായ ജ്ഞാനമൊ, അവരോട് അനുകമ്പയൊ ഇല്ലാത്തവരുടെ കൈയിൽപെട്ട് ഒരുതരം മൃതപ്രായമായി ജീവിക്കുന്ന ടി. സമാജത്തിന് നമ്മുടെ പ്രാതിനിധ്യം വഹിച്ചു് നമ്മെ ഉദ്ധരിക്കാൻ സൌകൎയ്യമോ ശക്തിയൊ ഇല്ലെന്നുള്ളതിനാൽ നമ്മുടെ മാനസികവും സാമൂഹ്യവും സാമ്പത്തികവും ആയ ഉല്ക്കർഷങ്ങൾ ലാക്കാക്കി ഒരു അഖിലതിരുവിതാംകൂർ നാട്ടുഭാഷാധ്യാപകസമാജം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാകുന്നു. കുളംവെട്ടുമ്പോൾ കുററി വേറെ പറിക്കേണ്ട എന്ന ചൊല്ലുപോലെ എണ്ണത്തിൽ പന്തീരായിരം പോരുന്ന നമ്മൾക്ക് ഒരു വ്യവസ്ഥാപിതസംഘടന ഉണ്ടായിക്കഴിഞ്ഞാൽ പ്രാവിഡൻറുഫണ്ട് തുടങ്ങി സീമാതീതങ്ങളായ അനവധി അനുഗ്രഹങ്ങൾ താനെ ഉണ്ടായിക്കൊള്ളും എന്നു് പൂൎണ്ണമായി വിശ്വസിക്കുന്ന അനേകരിൽ ഒരാളാകുന്നു ഞാൻ. പ്രാവിഡൻറുഫണ്ട് സ്കീമിന് ഞാൻ സ്വാഗതം അരുളുന്നു. പക്ഷെ ഗ്രാൻറുസ്കൂളുകാരെ അതിൽ നിന്നും ഒഴിക്കേണ്ടതല്ല. കണ്ട നിൎദ്ദേശത്തിൽ മററുചില ന്യൂനതകൾ തോന്നുന്നു. നമ്മുടെ പൊതുസംഘടനയെപ്പററി കൂടുതൽ നടപടി തുടങ്ങുമ്പോൾ അതേപ്പററിയും വിമൎശിക്കാമെന്നു കരുതി വിരമിക്കുന്ന അടുത്ത വേനൽ ഒഴിവുകാലത്തു് ഈ മഹദുദ്യമത്തിന് ഒരാരംഭം ഉണ്ടാകുവാൻ അദ്ധ്യാപകദ്വാദശസഹസ്രം ഉണൎന്ന് ഏകാഗ്രമായി വൎത്തിക്കണമെന്നു് വിനീതമായ അപേക്ഷയെ ഗുരുനാഥൻവഴി സമർപ്പിച്ചുകൊള്ളുന്നു.

ഇക്കാൎയ്യം രാജശ്രീമാനായ ചീഫ് ഇൻസ്പെക്ടർ അവർകളെ മീനമാസത്തിൽ ഒരു നിവേദകസംഘം സന്ദൎശിച്ചു് നമ്മുടെ അഭിമതം അറിയിച്ചു് അനുമതി സമ്പാദിക്കുകയാണ് ഒന്നാമത്തെ കൃത്യം എന്ന് തോന്നുന്നു. ഇതരവ്യവസ്ഥകൾ ഉണ്ടാകുംവരെയ്ക്കു് ഇതുസംബന്ധിച്ചുള്ള പ്രാരംഭജോലികൾ മദ്ധ്യതിരുവിതാംകൂർ അദ്ധ്യാപകന്മാർ വഹിക്കുന്നതിൽ ഉത്സുകരാകയാൽ നിവേദകസംഘത്തിൽ സംബന്ധിക്കാമെന്നാഗ്രഹമുള്ള സഹോദരങ്ങൾ വിവരം തിരുവല്ല, ചെങ്ങന്നൂർ, കോഴഞ്ചേരി, ചെറിങ്ങര ഈ വി. എം. സ്കൂൾ ഹെഡ്മാസ്റ്റർമാരെ ദയവായി അറിയിക്കണമെന്നാപേക്ഷ.

ട്രയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരുടെ ദുർഭിക്ഷതമൂലം ആരംഭകാലത്ത് പ്രയോജനകരമോ ഹൃദ്യമൊ ആയിരുന്ന അദ്ധ്യാപകസംഘങ്ങൾ ഇന്നു മഹാമുഷിപ്പനായിക്കഴിഞ്ഞിരിക്കുന്നു. പയറും വാഴയ്ക്കയും, വാഴയ്ക്കയും പയറും എന്ന ഉപദംശചക്രഭ്രമണം പോലെ പണ്ടു് ആരോ വാർത്തിട്ടിട്ടുള്ള ഏതാനും വിഷയങ്ങൾ പഠിപ്പിച്ചും പ്രസംഗിച്ചും, പ്രസംഗിച്ചും പഠിപ്പിച്ചും എല്ലാവക്കും മതിയായിക്കഴിഞ്ഞിരിക്കുകയാൽ ഈ ശല്യത്തിൽനിന്നു് ഞങ്ങളെ രക്ഷിക്കുവാൻ പ്രിയഗുരുനാഥാ! ഭവാൻ ശ്രമം ചെയ്യുമാറാകണം. ബ്രഹ്മമുഖതേജസ്വിയായ അധ്യാപകമഹായോഗം സംസ്ഥാപിതമാകുമ്പോൾ ഇപ്പോഴത്തെ വാത്തെട്ടത്ത സംഘങ്ങൾ ഡിഫാറം മുതലായ അതിൻെറ പരിവാരങ്ങൾ സഹിതം അന്തർദ്ധാനം ചെയ്തുകൊള്ളേണ്ടതും ആണല്ലൊ. ഈ വിഷയങ്ങളെപ്പററി 'ഗുരുനാഥ'ൻെറയും ഗുരുനാഥന്മാരുടേയും വിലയേറിയ അഭിപ്രായങ്ങൾ പരസ്യപ്പെടുത്തി അദ്ധ്യാപകന്മാരുടെ ചിതറിക്കിടക്കുന്ന യുക്തികളെ സംഘടിപ്പിച്ചു് ഏകമുഖീകരിക്കുകയും ഒന്നുചേന്നു പ്രവൎത്തിച്ചു് നമുക്കും ഭാഷയ്ക്കും രാജ്യത്തിനും ശ്രേയസ്സുണ്ടാക്കുകയും ചെയ്യുവാൻ ഉള്ള ഈ ശുഭാവസരം നഷ്ടമാക്കരുതെന്നു് സാദരം അഭ്യൎത്ഥിച്ചുകൊള്ളുന്നു.

വി. കെ. ഈപ്പൻ. കോഴഞ്ചേരി വി. എം. സ്കൂൾ ഹെഡ്മാസ്റ്റർ.

II

മലയാളംസ്കൂൾ അധ്യാപകന്മാരുടെ ശോചനീയനിലയെ പരിഹരിപ്പാനുള്ള മാൎഗ്ഗങ്ങളെപ്പററി പലരും പൎയ്യാലോചിച്ചുതുടങ്ങീട്ട് കാലം കുറെ അധികമായി. എന്നാൽ ഇതേവരെ സുസ്ഥിരവും സൎവ്വസമ്മതവും ഉത്തമവുമായ ഒരു മാൎഗ്ഗം ഏതെന്നു നിൎണ്ണയിക്കുകയോ പ്രവൃത്തിയിൽ പ്രവേശിക്കയോ ചെയ്തിട്ടില്ലെന്നു കാണുന്നതു് സങ്കടകരം തന്നെ. ആദ്ധ്യാപകലോകം അനുഭവിക്കുന്ന അനിവൎച്ചനീയമായ ദാരിദ്ര്യദുഃഖത്തിൽ അനുശോചിക്കാത്തവർ ആരുംതന്നെ ഉണ്ടോ എന്നു് സംശയമാണു്. അവരുടെ കഷ്ടതയ്ക്കു പരിഹാരം ഉണ്ടാക്കേണ്ടതു ആവശ്യമെന്നു് ആരും സംവദിക്കും. അതിന്നുതകുന്ന മാൎഗ്ഗങ്ങളെ നിൎദ്ദേശിപ്പാനും ആളുകൾ ധാരാളമുണ്ടു്. പക്ഷെ രക്ഷാമാൎഗ്ഗം പ്രവൃത്തിപഥത്തിൽ വരുത്താൻ ആൾ ചുരുങ്ങും. ഗവമ്മെൻറിൻെറ സഹകരണമില്ലെങ്കിൽ ഏതു പ്രവൎത്തനവും വിജയകരമാകാൻ വിഷമമാണു്. അഭിവൃദ്ധിക്കു് ആശ എല്ലാവക്കും കാണുമെങ്കിലും ഗവമ്മെൻറിനെ ഉണൎത്തി, മുന്നിട്ടിറങ്ങി പ്രവൎത്തിച്ചു പൊതുഗുണത്തിനു വേണ്ടി ശ്രമിക്കാൻ ആരെല്ലാം സന്നദ്ധരാകുമെന്നും കണ്ടുതന്നെ

അറിയണം. അഭിനന്ദനീയമായ പ്രവൃത്തികളിലും പ്രവൎത്തനങ്ങളിലും സ ഹകരിപ്പാനും സഹായിപ്പാനും ആശയുള്ള ജനങ്ങളെ, അവരുടെ ഭയവും ശങ്കയും ശത്രുക്കളായി നിന്നുകൊണ്ടു് വിസംവദിക്കുന്നതു കാണാം. ഇന്ന ത്തെ പ്രവൎത്തനങ്ങൾ സംബന്ധിച്ചുള്ള അനുഭവവും, ആ ശങ്കയ്ക്കു് അനുകൂ ലമായിട്ടുതന്നെയാണു കണ്ടുവരുന്നതു്.

ഗവൎമ്മെൻറിൻെറ മേൽനോട്ടത്തിൽ നടത്തുന്ന പ്രവൎത്തനങ്ങളിൽ മാത്രമെ പൂൎണ്ണമായ വിശ്വാസവും വിജയവും കണ്ടുവരുന്നൊള്ളു. അതറി ഞ്ഞുകൊണ്ടുതന്നെയായിരിക്കാം എക്സൈസുവകുപ്പുകാർ, ഗവൎമ്മെൻറുനോ ട്ടത്തിൽ ഒരു ഫണ്ടു ഏൎപ്പെടുത്തി നടപ്പിൽ വരുത്തിയിരിക്കുന്നതു്. അതു പോലെ ഒരു ഫണ്ടു് അദ്ധ്യാപകന്മാൎക്കുവേണ്ടിയും ഏൎപ്പെടുത്തുന്നതു് വലി യൊരു രക്ഷയും അനുഗ്രഹവും ആയിരിക്കും. അൎദ്ധപട്ടിണിക്കാരായ അ ദ്ധ്യാപകന്മാരുടെ അതിദയനീയമായ സ്ഥിതിക്കു് ഈ ഏർപ്പാടു് ഒരു ന ല്ല പരിഹാരമാൎഗ്ഗമാണെന്നുള്ളതിനു തൎക്കമില്ല. പ്രവൃത്തിശക്തി ക്ഷയിച്ചി രിക്കുന്ന വാൎദ്ധക്യദശയിൽ ഉപയോഗപ്പെടത്തക്കവിധം രൂപീകരിക്കുന്ന പ്രാവിഡണ്ടുഫണ്ടു് ഒരുതരത്തിലും അയോഗ്യമെന്നോ അനൎഹമെന്നോ അ ഭിപ്രായപ്പെടുവാൻ ആരുംതന്നെ ഉണ്ടാകുമെന്നു് തോന്നുന്നില്ല. എന്നുമാ ത്രമല്ലാ അപ്രകാരം അഭിനന്ദനീയവും അനുയോജ്യവുമായ ഒരു ഫണ്ടു സ്ഥാ പിച്ചു് ഉടൻ പ്രവൃത്തിതുടങ്ങാത്തപക്ഷം അധികം താമസിയാതെ, ദാരി ദ്ര്യദേവത നൃത്തംചെയ്യുന്ന ചെററക്കുടിലുകൾകൊണ്ടു രാജ്യം നിറയുവാനി ടവരുന്നതും അതു രാജ്യത്തിനും ഗവൎമ്മെൻറിനും ആക്ഷേപകരവും അസു ഖജനകവും ആയിത്തീരുന്നതും ആകുന്നു. അതിനാൽ എത്രയും വേഗം ഒ രു ഫണ്ടു് ഏർപ്പെടുത്തുന്നതിനായി അദ്ധ്യാപകലോകം പൊതുവെ ഉണ്ണ ന്നു പരിശ്രമിക്കേണ്ടതത്യാവശ്യമായിരിക്കുന്നു.

പ്രസ്തുതഫണ്ടിനെ സംബന്ധിച്ചു് 106 തുലാത്തിലെ ഗുരുനാഥ നിൽ ഒരു മാന്യസുഹൃത്തു എഴുതീട്ടുള്ള ലേഖനം അദ്ധ്യാപകന്മാരുടെ ശ്ര ദ്ധയ്ക്കു് വിഷയീഭവിച്ചിട്ടുണ്ടെന്നു് വിശ്വസിക്കുന്നു. ആ ലേഖനത്തിൽ വി വരിക്കുന്നവിധം ഒരു പുതിയഫണ്ടു് ഏൎപ്പെടുത്തുന്നതിനുള്ള കാലം അതി ക്രമിച്ചിരിക്കുന്നു എന്നു ധരിച്ചു് അദ്ധ്യാപകന്മാർ ഉടനെ അതിനുവേണ്ടി വേല തുടങ്ങേണ്ടതാണു്. പ്രാവിഡണ്ടുഫണ്ടിൻെറ രീതിയെപ്പററി അ തിൽ വിവരിച്ചിട്ടുള്ളതുകൊണ്ടു് അവയെ വീണ്ടും ചവിതചൎവ്വണം ചെയ്യേ ണ്ട കാൎയ്യമില്ലല്ലൊ.

അതിൽ വിവരിച്ചിട്ടുള്ളതിനുപുറമെ, അംഗങ്ങൾക്കു ആവശ്യമുള്ള പക്ഷം ശരിയായ വ്യവസ്ഥയിൽ 100 രൂപയിൽ കവിയാത്ത ഒരു തുക ക ടംകൊടുക്കേണ്ടതാണെന്നുകൂടി ചേൎത്താൽ കൊള്ളാമെന്നു അഭിപ്രായമുണ്ടു്. കൂടാതെ 15-ാംവകുപ്പിനെ ഒന്നുകൂടി ഭേദപ്പെടുത്തുന്നതു നന്നാണെന്നു തോ

ന്നുന്നു. ഭാര്യയും മക്കളും മാതാവുമില്ലാത്ത അധ്യാപകന്മാർ ധാരാളമുണ്ടായിരിക്കും. അത്തരക്കാരുടെ മരണശേഷം അവൎക്ക് അവകാശമുള്ള തുക പൊതുഫണ്ടിലേക്ക് കൂട്ടിച്ചേൎക്കുന്നതും മററാൎക്കും അതിലവകാശമില്ലാത്തതും ആണെന്നുള്ള വ്യവസ്ഥ എല്ലാവൎക്കും എത്രമാത്രം രുചിക്കുമെന്ന് കണ്ടുതന്നെ അറിയണം. അതിനാൽ മരണശേഷം മക്കൾക്കൊ ഭാൎയ്യയ്ക്കൊ മാതാവിനൊ അവർ മൂവരും ഇല്ലാത്തപക്ഷം പിതാവിനൊ സ്വന്തം സഹോദരന്മാൎക്കൊ അവകാശമുള്ള തുക കൊടുക്കേണ്ടതാണെന്നും അവരും ഇല്ലെങ്കിൽ മാത്രമെ പൊതുഫണ്ടിൽ മുതൽക്കൂട്ടാവു എന്നും വിവരിക്കേണ്ടതാണ്.

19—A. എന്ന വകുപ്പിൽ അശക്തതയാലൊ രോഗത്താലൊ സൎവീസു വിടുന്ന അധ്യാപകന്മാൎക്കു കൊടുക്കുവാൻ നിൎദ്ദേശിച്ചിരിക്കുന്ന തുക തീരെ കുറഞ്ഞുപോയിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. അനാരോഗ്യം നിമിത്തം സൎവീസു വിടുവാൻ നിൎബ്ബന്ധിതരാകുന്നവരുടെ കഷ്ടാവസ്ഥയെപ്പററിയും നാം ചിന്തിക്കേണ്ടതും അവരുടെ രക്ഷയെ തീരെ വിസ്മരിക്കാൻ പാടില്ലാത്തതുമാകുന്നു. അതിനാൽ പെൻഷൻകാലത്തു ലഭിക്കാവുന്ന തുകയുടെ പകുതിഭാഗമെങ്കിലും അവൎക്കു നൽകേണ്ടതാണെന്നു ഭേദപ്പെടുത്തുന്നതു് അഭിനന്ദനീയമായിരിക്കും. മററുഭാഗങ്ങളെപ്പററി കൂടുതലായി വിവരിക്കേണ്ടതില്ലാത്തതിനാൽ അവയോടു ഞാൻ യോജിച്ചുകൊള്ളുന്നു.

പ്രസ്തുത പ്രവൎത്തനത്തിനും സ്ഥാപനത്തിനുമായി ഒരു കമ്മററിയെ ഏല്പ്പെടുത്തി എത്രയും വേഗം നടപ്പിൽവരുത്താൻ ശ്രമിക്കേണ്ടതാണ്. അതിലേക്ക് ഗുരുനാഥൻ മുഖാന്തരം തന്നെ പ്രവൃത്തി തുടങ്ങുന്നതു് ഉത്തമമായിരിക്കുമെന്നും എനിക്കഭിപ്രായമുണ്ടു്. ഈ ഫണ്ടു സംബന്ധിച്ചു് എല്ലാ അധ്യാപകസംഘങ്ങളിൽനിന്നും പ്രമേയം പാസ്സാക്കി മേലധികാരികൾക്കു അയച്ചു് അവരെ പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമാകുന്നു. അതിനാൽ തിരുവിതാംകൂറിലെ വൎണ്ണാക്യുലർ സ്കൂൾ അധ്യാപകന്മാരുടേയും സകല അധ്യാപകസംഘങ്ങളുടേയും ശ്രദ്ധയെ ഇതിലേക്കു പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

പി. വി. നീലകണ്ഠപ്പിള്ള

# എഴുത്തും വായനയും.

(ഡി. ഗോവിന്ദൻ കൎത്താവു്)

മലയാളഭാഷ എഴുതാനും വായിക്കാനുമുള്ള പരിചയത്തെ പരാമ

ശിച്ചു മാത്രമെ പ്രതിപാദ്യവിഷയത്തിന് വ്യാപ്തിയുള്ളൂ എന്ന് ആദ്യമായി പറഞ്ഞുകൊള്ളട്ടെ. മാതൃഭാഷയുടെ എഴുത്തിലും വായനയിലും അനഭിജ്ഞന്മാരുടെ കുറവ് ഒരു രാഷ്ട്രത്തിലെ വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിയെ കാണിക്കുന്നതായി എല്ലാവരും സമ്മതിക്കുന്നുണ്ട്. എഴുതാനും വായിക്കാനും പരിചയമില്ലാത്തവരെ "നിരക്ഷരകുക്ഷികൾ" എന്നു പറഞ്ഞു് പരിഹസിക്കുക സാധാരണമാണെങ്കിലും അവരിലും അപൂർവം വിദ്വാന്മാരുണ്ടായേക്കുമെന്നുള്ള വാസ്തവവും മറക്കത്തക്കതല്ല. എന്നിരുന്നാലും സ്വഭാഷ എഴുതാനും വായിക്കാനും പരിചയമില്ലാതെ വരുന്നതു് ഒരു ഗവൺമെന്റിനും അഭിമാനകരമല്ല. തന്നിമിത്തമാണല്ലൊ പല പരിഷ്കൃത ഗവൺമെന്റുകളും നിർബന്ധപ്രാഥമികവിദ്യാഭ്യാസവും സൌജന്യപ്രാഥമികവിദ്യാഭ്യാസവും നടപ്പാക്കിയിരിക്കുന്നതു്. എഴുതാനും വായിക്കാനുമുള്ള പരിചയം ഒരുവനെ സ്വതന്ത്രനാക്കുന്നു. എന്നുവച്ചാൽ ഇതരാപേക്ഷയാ പരസഹായം കഴിയുന്നതും കുറച്ചു് അവനു ജീവിക്കുവാൻ സാധിക്കുന്നു.

ജനസംഖ്യക്കണക്കെടുപ്പിൽ, എഴുതാനും വായിക്കാനുമറിയാമൊ എന്നു നിർണ്ണയിക്കുന്നതു്, ഒരു എഴുത്തെഴുതാനും വരുന്ന ഒരുഎഴുത്തു് വായിക്കാനും പരിചയമുണ്ടോ എന്നതിനെ മാനദണ്ഡമാക്കി വേണമെന്ന് എന്യൂമറേറ്ററന്മാർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽതന്നെ, നാലാം ക്ലാസുപരീക്ഷയിൽ ജയിച്ചിട്ടുണ്ടോ എന്നുകൂടി അന്വേഷിച്ചറിഞ്ഞു് വിവരം കുറിക്കണമെന്നും വിവരിച്ചിരിക്കുന്നു. നാലാംക്ലാസുപരീക്ഷ ജയിച്ചാൽ എഴുത്തുംവായനയും അറിഞ്ഞിരിക്കുമെന്നോ, നാലാംക്ലാസുപരീക്ഷ ജയിച്ചാലെ എഴുത്തുംവായനയും അറിയാവൂ എന്നോ അനുമാനിക്കേണ്ടതെന്നു വ്യക്തമാകുന്നില്ല. പ്രൈമറി പാഠശാലകളിലെ അഭ്യസനം പൂർത്തിയാക്കിയാൽ മാതൃഭാഷ (തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം മലയാളമൊ തമിഴൊ) യിൽ അക്ഷരജ്ഞാനമുണ്ടെന്ന് സാമാന്യമായി കരുതാം. എന്നാൽ ഇതിലും പരീക്ഷാവിജയത്തെ തോതാക്കണമൊ എന്ന് സംശയിക്കുന്നു. സൌജന്യനിരക്കിലുള്ള നമ്മുടെ പ്രാഥമികവിദ്യാഭ്യാസം അക്ഷരജ്ഞാനത്തെക്കാൾ ഉപരിയായ ഫലത്തെ ആഗ്രഹിക്കുന്നുമില്ലല്ലൊ.

എഴുത്തറിയാമെന്ന് പൂർണ്ണമായി സമ്മതിക്കണമെങ്കിൽ 1-ാമതു് എഴുതുന്നതു നിഷ്പ്രയാസം അന്യനു വായിക്കാൻ കഴിയണം. 2-ാമതു് എഴുതുന്ന ആളുടെ ആശയം അതേപ്രകാരം വായിക്കുന്ന ആൾ ഗ്രഹിക്കണം. 3-ാമതു് അപശബ്ദങ്ങളും അനക്ഷരങ്ങളും എഴുത്തിൽ വരാതിരിക്കണം. ഇപ്രകാരമൊരുതോതു് വായനയ്ക്കും നിശ്ചയിക്കാം. സാധാരണ എഴുത്തുകളെ വായിച്ചു ഗ്രഹിക്കാനും ഗ്രഹിപ്പിക്കാനും പാടവമുണ്ടായിരിക്കുന്നതിനും പുറമെ വായിക്കുന്നതു് ശ്രോതാക്കൾക്കു് വ്യാഖ്യാനം കൂടാതെ ഗ്രാഹ്യമായി വരുകയും വേണം. നമ്മുടെ പ്രാഥമികപാഠശാലകളിൽ–അഥവാ

മിഡിൽസ്കൂളുകളിൽ – ഇതിനു തക്ക അധ്യാപനം നടത്തിപ്പോരുന്നുണ്ടെങ്കിലും ആതിൽ സാധാരണ കാണാറുള്ള ചില പോരായ്മകളെയാണു് ഈ ലേഖനദ്വാരാ പ്രത്യക്ഷപ്പെടുത്തുവാൻ മോഹിക്കുന്നതു്.

എഴുതുന്നതു് അന്യൻ വായിച്ചറിയണമെങ്കിൽ അക്ഷരവ്യക്തി അത്യാവശ്യമാണല്ലോ. നാലാംക്ലാസുപരീക്ഷാവിജയികളായി രംഗപ്രവേശം ചെയ്യുന്ന ഭൂരിപക്ഷം വിദ്യാൎത്ഥികളുടേയും എഴുത്തിന് ഈ ഗുണമില്ലെന്നു മാത്രമല്ല അവർ എഴുതുന്നതു് മലയാളലിപികളാണോ എന്നു് സൂക്ഷ്മപരിശോധന ചെയ്തു് അറിയേണ്ടതായും ഇരിക്കുന്നു. ചളിത്തടങ്ങളിൽ ഇരുന്ന പക്ഷി പറന്നുവന്നു് ഒരു വെള്ളക്കടലാസിൽ ഇരുന്നു് ആ കടലാസിനു വലിയ കേടുവരുത്താതെ വീണ്ടും പറന്നുപോവുന്നെങ്കിൽ ചില അടയാളങ്ങൾ അതിൽ പതിഞ്ഞുകാണുമല്ലോ. ഏതാണ്ടീരൂപത്തിലാണു് അവരുടെ എഴുത്തെന്നു പറഞ്ഞാൽ പരിഭവിക്കുന്ന വായനക്കാരോടു് ഒന്നു പരിശോധിച്ചുനോക്കുന്നതുവരെ ക്ഷമിക്കണമെന്നു് അപേക്ഷിക്കുന്നു. മലയാളം മിഡിൽസ്കൂളുകളിലെ മൂന്നുകൊല്ലത്തെ പരിചയംകൊണ്ടു് ഈ വടിവിനു അല്പം മിനുസംകൂടി ഉണ്ടായേക്കാമെന്നേയുള്ളു. ഗവമ്മെൻറു് അച്ചടിക്കോപ്പിബുക്ക് ഓരോ ക്ലാസിലും രണ്ടുംമൂന്നും പ്രതിവീതം വാങ്ങി എഴുതുന്നുണ്ടെങ്കിലും അക്ഷരങ്ങളുടെ വികൃതരൂപത്തിലുള്ള ലേഖനം കുറഞ്ഞുവരുന്നില്ല. അക്ഷരങ്ങളെ ചില അവയവങ്ങളെ വലുതാക്കിയും ചിലതു് ചെറുതാക്കിയും എഴുതുന്നതു് ഒരു ആഹാത്മ്യമോടിയായി വിദ്യാൎത്ഥികൾ തെററിദ്ധരിക്കുന്നു. ഈ ധാരണ വള്ളിപുള്ളിദീർഘവിസൎഗ്ഗങ്ങളേയും വികൃതമാക്കി ചെയ്യുന്നുണ്ടു്. ദീർഘവും(ാ) വള്ളിയും(ി) തിരിച്ചറിയാൻ പാടില്ലാത്തവണ്ണം എഴുതുന്നവരും ചുരുക്കമല്ല. പ, വ; ള, ഇ; ണ, ഞ; ഡ, സ; ര, റ; ത, ന; ഇത്യാദി പരസ്പരസാമ്യമുള്ള ലിപികളെ വേർതിരിച്ചറിവാൻ പാടില്ലാത്ത വിധവും ക മുതലായ ലിപികളെ വികൃതമാക്കിയും അനാവശ്യ ചുററിക്കെട്ടലുകളോടു കൂടിയും എഴുതുന്നവർ നല്ല എഴുത്തുകാരിലും അപൂർവ്വമല്ലാത്തതുകൊണ്ടു് വിദ്യാർത്ഥികളുടെ അനുകരണഭ്രമത്തിൽ അവരെ പഴിക്കേണ്ട ആവശ്യമില്ല.

കൈയക്ഷരത്തിൽ നിന്നു് ഒരുവൻെറ സ്വഭാവം അനുമാനിക്കാമെന്നു് ഒരു മാന്യൻ പറഞ്ഞിട്ടുള്ളതു വിസ്മരിക്കാവുന്നതല്ല. അദ്ദേഹം പറയുന്നതിങ്ങനെയാണു്. "വൃത്തിയും വടിവുമില്ലാത്ത കൈപ്പടക്കാരൻ മലിനഹൃദയനും, ചഞ്ചലവടിവുകാരൻ മനോനിയന്ത്രണമില്ലാത്തയാളും, വളരെ ചെറുതായ അക്ഷരത്തിൽ എഴുതുന്നയാൾ സംഗ്രഹണശീലനും, എഴുത്തിൽ അനാവശ്യഗോഷ്ടികൾകൊണ്ടു ചിത്രമുണ്ടാക്കുന്നവൻ ആഡംബരപ്രിയനും ആകുന്നു." ഇതു് സാർവത്രികമായി ശരിയായിരിക്കുമെന്നു പറവാൻ നിവൃത്തിയില്ലെങ്കിലും മനസ്ഥിതിക്കും കൈപ്പടക്കും എന്തോ ഒരു

പൊരുത്തമുണ്ടെന്നുള്ളതിന് തക്കമില്ല. അതിനാൽ ഹൃദയവിശാലത വരുത്തുന്ന വിദ്യാഭ്യാസത്തിൽ കൈയെഴുത്തിന് ഒരു പ്രധാനസ്ഥാനം കല്പിക്കേണ്ടതും, മുഴുത്ത അക്ഷരത്തിലും തുടരക്ഷരങ്ങൾ ആകാതേയും അനാവശ്യചുററിക്കെട്ടലും മററും കൂടാതെയും സംശയരഹിതമായും വായനക്കാരെ വിഷമിപ്പിക്കാതെയും വാക്കുകളെ ഇടവിട്ടും എഴുതുവാൻ വിദ്യാർത്ഥികളെ ശീലിപ്പിക്കേണ്ടതും, അതിന്നു അധ്യാപകന്മാർ മാതൃകയായിരിക്കേണ്ടതും ആകുന്നു.

ഇത്രയും പറഞ്ഞതു കൈയെഴുത്തിനെപ്പററിയാണ്. ആശയം അന്യന്നു വ്യക്തമായി മനസ്സിലാകണം എന്ന ഉന്നം വാചകരചനയെ ആശ്രയിച്ചാണിരിക്കുന്നതു്. വാക്യരചനാപാടവത്താൽ പല വിദ്യാർത്ഥികളും എഴുതി ഫലിപ്പിക്കാൻ കഴിവില്ലാതെ വരുന്നതുകൊണ്ട് പരീക്ഷയിൽ തോല്ക്കുന്നുണ്ട്. ഇക്കാലത്തു് വാക്യരചനക്കു പ്രാധാന്യം കല്പിച്ചിട്ടുണ്ടെങ്കിലും ഏതദദ്ധ്യാപനം ഒരു 'കഥ'യാണ്. എഴുത്തിൻെറ മാതൃകകളും ലഘുവിവരണങ്ങളും പ്രാഥമികക്ലാസുകളിലെ വാക്യരചനാവിഷയമാണെങ്കിലും കഥാകഥനത്തിലാണ് അത്യൌത്സുക്യം കാണുന്നതു്. കഥ പറയാനും കേൾക്കാനും രസമേറുമെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ കഥയെഴുതിയതു തിരുത്തുന്നതിൽ രസക്കുറവല്ല നീരസമാണു കാണാറുള്ളതു്. ബന്ധം, സന്ധാനം മുതലായ രചനാഗുണങ്ങളെ മിക്കവാറും വിസ്മരിച്ചും സമുച്ചയിച്ചു് അന്വയമില്ലാതെയും എഴുതുന്നതു ക്ഷമിക്കാം. ഒരേ സർവ്വനാമങ്ങളുടെ ആവർത്തനവും ഒരേ ജാതിക്രിയാപദങ്ങളുടെ പ്രയോഗവും, ആഹാര്യശോഭക്കുവേണ്ടി അസ്ഥാനസ്ഥസംസ്കൃതപദങ്ങളുടെ പ്രയോഗവും വാചകങ്ങളുടെ വക്രതയും അസഹ്യമായിട്ടുണ്ട്. പദങ്ങളെ സ്ഥാനം തെററാതെ പ്രയോഗിക്കാനുള്ള വൈദഗ്ദ്ധ്യക്കുറവിനാൽ വിപരീതാർത്ഥധാരണ ഉണ്ടാവുന്നതാണല്ലൊ. കുമാരസംഭവം തർജ്ജമയിൽ നിന്നു ഇതിലേക്ക് ഒരുദാഹരണം കാണിക്കാം.

"അംഗത്തിനെങ്ങുമണിയാത്തൊരുഭൂഷണംതാൻ
മദ്യാഖ്യയെന്നിയെ മദത്തിനൊരൌഷധംതാൻ
കാമന്നുപൂമലരൊഴിഞ്ഞൊരുസായകംതാൻ
ബാല്യംകഴിഞ്ഞൊരുവയസ്സവളാശ്രയിച്ചാൾ"

പാർവ്വതിയുടെ യൌവനവർണ്ണനയായ ഈ പദ്യത്തിലെ രണ്ടാംവരി "അനാസവാഖ്യംകരണംമദസ്യ" എന്ന മൂലത്തിൻെറ തർജ്ജമയാണ്. മദത്തിനൌഷധം എന്നു കേട്ടാൽ മദശമനൌഷധം എന്ന പ്രതീതിയാണുണ്ടാവുന്നതു്. മൂലം ഇതിനു വിപരീതാർത്ഥത്തെയാണല്ലൊ വചിക്കുന്നതും. അസ്ഥാനസ്ഥപദദോഷമല്ലെ ഈ വിപരീതാർത്ഥപ്രതീതിക്കു ഹേതു. എഴു

ത്തുകാരൻ ഉദ്ദേശിക്കുന്നതിന് വിപരീതമായ അർത്ഥഗ്രഹണം പദങ്ങളെ സ്ഥാനംതെററി പ്രയോഗിച്ചാൽ ഉണ്ടാവുമെന്നുള്ള വിചാരണ ഇവിടെ അവസാനിപ്പിച്ചുകൊണ്ട് വാക്യരചനയിൽ ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു സംഗതികൾ പ്രസ്താവിക്കാം.

വിദ്യാർത്ഥികൾക്ക് നല്ലപോലെ ഗ്രാഹ്യമായ വിഷയങ്ങൾ വേണം രചനാപാഠത്തിനു സ്വീകരിക്കാൻ. അവ വേണ്ടപോലെ ക്രമപ്പെടുത്തി ധരിപ്പിച്ചതിനു ശേഷം വേണം രചിപ്പിക്കുവാൻ. ആദ്യം പറയിക്കണം; അതിൽവരുന്ന തെററുകളെ പലപ്രാവശ്യം തിരുത്തിയതിനു ശേഷംവേണം എഴുതിക്കുവാൻ. എഴുതുമ്പോൾ വരുന്ന തെററുകളെയും നിഷ്കൃഷ്ടയോടെ തിരുത്തണം. അതിൽ അരോചകം അരുത്. വീണ്ടും എഴുതിക്കണം, പിന്നേയും തിരുത്തണം. വാക്യരചനാപാഠങ്ങൾ പലവിഷയങ്ങളെപ്പററി നടത്തണമെന്നില്ല. ഒരു വിഷയത്തെപ്പററി പല പാഠങ്ങളും നടത്താവുന്നതാണ്. അറിയാവുന്നതിനെ വ്യക്തമായി പറയാനും എഴുതി അറിയിക്കാനുമുള്ള പരിശീലനമാണല്ലോ വേണ്ടത്.

അപശബ്ദപ്രയോഗങ്ങളും അനക്ഷരങ്ങളും മലയാളംസ്കൂളുകളിൽ ഒട്ടും കുറവല്ല. എഴുതുമ്പോൾ ചില അക്ഷരങ്ങൾ വിട്ടുപോവാറുള്ളത് ഒരുതരം സൂക്ഷ്മക്കുറവാണ്. എന്നാൽ അപശബ്ദപ്രയോഗം വ്യുല്പത്തിക്കുറവിനെ തെളിയിക്കുന്നു. ഏസ്വം, വീട് എന്ന അർത്ഥത്തിൽ ഗ്രഹം, ആണങ്കിൽ, അശ്ചൻ, ഗരുഢൻ, അഥിതി, ഭാലദേശം, ഗെജം, പരമീശ്വരൻ, ജെഗതീശൻ, അമ്മുധി, ഗ്രുഢം, വാദ്ധ്യാർ, പോകുന്നുണ്ടെ, പ്രസ്ഥാപിക്ക (പറയുക എന്നു അർത്ഥത്തിൽ) പ്രസ്താനം ഇത്യാദി എഴുത്തിൽ വരുത്തുന്ന അബദ്ധങ്ങൾ അധ്യേതാക്കളിൽ മാത്രമല്ല കാണുന്നതു്. ഇന്നത്തെ വിദ്യാർത്ഥിയാണല്ലോ നാളത്തെ അധ്യാപകൻ. പോകുന്നു, ആകുന്നു, ഇത്യാദി വർത്തമാനകാലക്രിയകൾ, പോകുന്നൂ, ആകുന്നൂ, എന്നിങ്ങനെ എഴുതുന്ന എഴുത്തുകാർ ധാരാളമുണ്ടെങ്കിലും അതു പാഠശാലകളിൽ പകരണമെന്നില്ലല്ലൊ. വാക്യാവസാനത്തിൽ വിരാമം ഇടാതെ എഴുതി ശീലിക്കുന്നതും ആശാസ്യമല്ല. സാർവ്വത്രികമായി കണ്ടുവരുന്ന തെററുകളിൽ ചിലവ ചൂണ്ടിക്കാണിച്ചു എന്നല്ലാതെ വേറെതരം തെററുകൾ ഇല്ലെന്ന് ഇതുകൊണ്ടു ആരും ധരിക്കുമെന്നു വിചാരിക്കുന്നില്ല. മാതൃഭാഷ എഴുതുന്നതിൽ വരുന്ന ഇത്തരം ഭീമാബദ്ധങ്ങൾ കഴിയുന്ന വേഗത്തിൽ പരിഹരിക്കാനുള്ള ചുമതല അധ്യാപകന്മാൎക്കുള്ളതാണല്ലൊ. ആദിമുതൽ നിഷ്കൃഷിച്ചില്ലെങ്കിൽ ഇവ അപരിഹരണീയമായ ന്യൂനതയായിത്തീരുമെന്നു അനുഭവം തെളിയിക്കുന്നുണ്ട്.

വായനയിലും പല ന്യൂനതകൾ കണ്ടുവരുന്നുണ്ട്. അവ (1) ഓരോ വാക്കായി നിറുത്തി വായിക്കുക. താണതരം ക്ലാസുകളിലാണ ഈ ദോ

ഷം വളരെ പ്രത്യക്ഷപ്പെട്ടുന്നതു്. അൎത്ഥഗ്രഹണമില്ലായ്മയാണു് ഇതിന്നു കാരണം. പൂച്ച, പൂച്ചട്ടി ഇത്യാദികളുടെ ലിപിചിത്രം ഒന്നായി നോക്കി വായിച്ചു ശീലിച്ച ബാലന്മാരെ പിന്നീടു് പൂ, ച്ച; പൂച്ച എന്നു് ഓരോ അക്ഷരങ്ങളായി പിരിച്ചു വായിപ്പിക്കുന്നതുകൊണ്ടും ഈ ദൂഷ്യം ഉണ്ടാവാം. (2) വിശേഷണവിശേഷ്യങ്ങളെ ചേൎത്തു വായിക്കാതിരിക്കുക. ഇതിന്നും കാരണം അൎത്ഥം ഗ്രഹിക്കായ്കയാണു്. (3) ഉചിതംപോലെ നിറുത്താതെയും അസ്ഥാനത്തു് നിറുത്തിയും വായിക്കുക. (4) ആദ്യന്തം ഒരേ സ്വരത്തിൽ വായിക്കുക. (5) ദ്രുതഗതിയിലൊ ഇഴഞ്ഞ മട്ടിലൊ വായിക്കുക. (6) പദങ്ങളെ ആവൎത്തിച്ചു വായിക്കുക. (7) ഉച്ചാരണശുദ്ധിയില്ലാതെ വായിക്കുക. ഇത്യാദി വായനദൂഷ്യങ്ങൾ അപ്പഴപ്പോൾ പരിഹരിക്കാതെ മുന്നോട്ടുപോരുന്നതു് അദ്ധ്യാപകന്റേയും സഹപാഠികളുടേയും സന്മാതൃകയാണു് ഈ വ്യാധിക്കു ദിവ്യൌഷധം. ഉച്ചാരണദൂഷ്യം വീട്ടുഭാഷയുടെ ന്യൂനതകൊണ്ടും കൊഞ്ഞൽ വിക്കു് മുതലായ പ്രകൃതിദോഷംകൊണ്ടും ഉണ്ടാകാവുന്നതാണു്. ഉണ്ടസക്കര, സൊളതിമാല എന്നു് ഉച്ചാരണത്തിൽ വന്ന തെററു പരിഹരിക്കാൻ ഒരാഴ്ചവട്ടത്തെ ശ്രമംകൊണ്ടും സാധിക്കാതെ പിന്മാറേണ്ടിവന്ന അനുഭവം ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ മിക്കവാറും അബദ്ധോച്ചാരണം പദത്തിന്റേയും പദാൎത്ഥത്തിന്റേയും സ്വരൂപം ഗ്രഹിക്കാത്തതുകൊണ്ടാണുണ്ടാവുന്നതു്. അതിന്നു് പദങ്ങളെ എഴുതിക്കയും അൎത്ഥബോധമുണ്ടാക്കയും ചെയ്തിട്ടു് ഉച്ചരിപ്പിക്കണം. വൎണ്ണങ്ങളെ സ്ഥാനം മനസ്സിലാക്കി ഉച്ചരിപ്പിച്ചും പരിഹരിക്കാം. കൊച്ചമ്മയെ കൊച്ഛമ്മയെന്നും ഇച്ഛയെ ഇച്ചയെന്നും ഉച്ചരിക്കുന്നവരുടെ കാൎയ്യത്തിൽ അദ്ധ്യാപകൻ തോല്ക്കേണ്ടിവരുന്നെങ്കിൽ അതു അപൂൎവ്വമാണെന്നു് സമാധാനപ്പെടാം. "എള്ളുപുല്ലാജ്യബോജ്യാദിസംബാരങ്ങൾ" എന്നുച്ചരിക്കുന്ന മാതാപിതാക്കന്മാരുടേയൊ അദ്ധ്യാപകന്മാരുടേയൊ അനുകരണത്താൽ വേരുറച്ച ഉച്ചാരണദൂഷ്യം ഇല്ലായ്മചെയ്യുക തൊട്ടാവാടിക്കാട്ടു വെട്ടിനശിപ്പിക്കുന്നതിനേക്കാൾ പ്രയാസമേറിയതാണു്. ആവുന്നതു ശ്രമിക്കാം. അപ്പോൾ ഫലിക്കാതെ വരികയില്ല. 'എറുമ്പൂരക്കല്ലുംതേയും' എന്നാണല്ലൊ പഴമൊഴി.

## സത്യസൌന്ദൎയ്യം.

(എൻ. എൻ. ആർ. പി.)

സൌന്ദൎയ്യം സമ്പന്നമാംവണ്ണം സ്ഥിതിചെയ്യുന്നിടത്തുള്ള വാസം

പരമഭാഗ്യംതന്നെയാണ്. അതിൻെറ വീക്ഷണം കൂടാതെ നയനോന്മീലനം സുസാദ്ധ്യമല്ല. രാവും പകലും സൌന്ദൎയ്യസമ്പൂൎണ്ണം തന്നെ. എല്ലാ ഋതുക്കളും അങ്ങിനെയാണ്.

സൌന്ദൎയ്യം വിവിധരൂപങ്ങളെ ധരിക്കുന്നു. അചേതനങ്ങളായ വസ്തുക്കളിലും—ആകാശം, സമുദ്രം, അസ്തമയം, പ്രഭാതം—സൗന്ദൎയ്യം പരിലസിക്കുന്നുണ്ട്. വിവിധവും, വിസ്തൃതവും, വിസ്മയാവഹവും ആയ നിലയിൽ സസ്യലോകവും സൗന്ദൎയ്യസമൃദ്ധമായി കാണപ്പെടുന്നു. സൂക്ഷ്മദൎശിനിയിൽകൂടി മാത്രം വീക്ഷണക്ഷമമായ ജീവരാശികൾ തുടങ്ങി മനുഷ്യപൎയ്യന്തമായി പ്രപഞ്ചത്തിൻെറ സൎവ്വിദിതസുഷമകൊണ്ട് നിത്യസൗന്ദൎയ്യം പ്രസാദിതമായിരിക്കുന്നു.

ആകാശം, ഭൂമി, സമുദ്രം എന്നുവേണ്ട പ്രപഞ്ചത്തിൻെറതന്നെ അത്യഗാധമായ സൌന്ദൎയ്യം അമൂല്യമായ ഒരു കാൎയ്യത്തിന് സാധകമല്ലെങ്കിൽ അതിൻെറ സാന്നിദ്ധ്യം ഇവിടെ കാണുന്നതല്ലെന്നത്രെ പരസ്യമായി സമ്മതിക്കേണ്ടതു്. സൃഷ്ടിയുടെ മഹിമയിൽ വിശ്വസിക്കുന്ന ഒരുവനും ഇതിനെ അപലപിക്കാവുന്നതല്ല. പ്രപഞ്ചകൎത്താവുതന്നെ ഈ സത്യസൗന്ദൎയ്യത്തിൽ സന്തുഷ്ടനെന്ന് തോന്നിപ്പോകുന്നു. അല്ലെങ്കിൽ ഇത്ര വശ്യവസ്തുക്കളുടെ സാന്നിദ്ധ്യം പ്രപഞ്ചരൂപമാക്കുകയില്ലായിരുന്നു.

ദൈവംതന്നെ സൗന്ദൎയ്യത്തിൽ അനുരക്തനെങ്കിൽ എന്തുകൊണ്ട് നമുക്കു അങ്ങിനെ ആയിക്കൂട. പ്രപഞ്ചത്തിൻേറയും അതിൻെറ അന്തൎയ്യാമത്തിൻേറയും സുശോഭിതവിഭാഗത്തെ കണ്ടാനന്ദിപ്പാനും അനുഭവിപ്പാനും ഉള്ള ശക്തി നമുക്ക് ഉത്തമെങ്കിൽ അവയെ ദുരുപയോഗപ്പെടുത്തുകയൊ നിരുപയോഗമാക്കുകയൊ ചെയ്യുന്നതു ധൎമ്മമാണോ.? പ്രപഞ്ചത്തിൽ ഉണ്ടെന്നു നാം അറിയുന്നതും സുമധുരവും, അപരാജിതവും ആയ സുഖകാരണങ്ങളൊന്നിൽനിന്നു നാം വിരമിക്കുന്നത് സന്തോഷത്തോടെ സാധിക്കുന്നതാണോ.?

സകലവിധസൗന്ദൎയ്യവും ഒരേ തലത്തിൽ സ്ഥിതിചെയ്യുന്നില്ല. ഏതൊന്നിലാണ് നാം അധികം സന്തോഷിക്കുന്നതും നമുക്ക് സുഖാനുഭൂതി ഉണ്ടാകുന്നതുമെന്നും നോക്കുക. ലോകസൗന്ദൎയ്യത്തിൻെറ പരമോച്ചസ്ഥാനം ഏതാണ്?. അതു് ഒരു വികസിതസുമത്തിലൊ, സുമധുരപകാത്തിലൊ സ്ഥിതിചെയ്യുന്നുണ്ടോ?. മേഘാവരണദിനത്തിൽ കാണുന്ന മഴവില്ലിൻെറ വിവിധനിറത്തിൽ അതു സ്ഥിതിചെയ്യുന്നുണ്ടോ.? ചന്ദ്രതാരങ്ങളാൽ പ്രതിഫലിതജലാശയങ്ങളിൽ തെളിയുന്നുവോ.? ഇവയ്ക്കെല്ലാം ഉത്തരം പറയേണ്ടിവരും. ഇവയൊന്നിലും സൗന്ദൎയ്യം അതിൻെറ പരമസീമയിൽ ഇരിക്കുന്നില്ല. എന്നാൽ അതു പൂൎണ്ണമായി മനുഷ്യവദനങ്ങളിലും അവൻെറ രൂപത്തിലും സ്ഥിതിചെയ്യുന്നു.

ആങ്ങിനെയാണെങ്കിൽ മനുഷ്യസൗന്ദൎയ്യത്തെ നാം അത്ര അഭിമാനിക്കാത്തതു എന്തുകൊണ്ടാണ്?. അതിനെ നമ്മിലും നാം സ്നേഹിക്കുന്നവരിലും ഉള്ളതായിട്ടനുഭവിക്കാത്തതു എന്തുകൊണ്ട്?. ഇതിലുമധികം അൎഹിക്കുന്ന മറെറാരു വസ്തുവിന് മനുഷ്യഹൃദയത്തിൽ ആവാസത്തിന് അവകാശമുണ്ടോ.?

സകല സ്ത്രീകൾക്കും സൗന്ദൎയ്യസമ്പത്തിയിൽ ഉള്ള തൃഷ്ണ നിശ്ചയമായി പൂജനീയം തന്നെ. പക്ഷേ അവർ മനോഹരമായ ഒരു പാവയായിരിക്കണമെന്ന് എനിക്കുപക്ഷമില്ല. അന്ത്യത്തിൽ അവഹേളനയോഗ്യമായ വഞ്ചന, സൗന്ദൎയ്യദായകമാക്കുന്നതും പരിത്യജിക്കേണ്ടതത്രെ. അരോഗതയും, സൗഷ്ഠവവുമുള്ള ആകാരവും ബുദ്ധിപ്രസരണംകൊണ്ടു ജീവസ്ഫുരണം ചെയ്യുന്ന മുഖവും, സംസ്കാരംകൊണ്ടുള്ള സുജനതവും, ശുദ്ധനിൎമ്മലമായ ആത്മചോദനവും ഉണ്ടായിരിക്കുന്നത് ഒരു യുവതിക്ക് കാംക്ഷിക്കാവുന്ന സൗന്ദൎയ്യങ്ങളിൽ അഗ്ര്യസ്ഥാനത്തു ആരാധിക്കപ്പെടേണ്ടതാണ്.

ഒരു പുരുഷനും സൂക്ഷ്മാന്വേഷണഫലമായി സൗന്ദൎയ്യസമ്പാദനം ആശാസ്യംതന്നെയാണ്. രൂപസൗഷ്ഠവം, ഋജുശരീരം, ഉൽകൃഷ്ടഭാവം, പരിപൂൎണ്ണവളൎച്ചവന്ന അവയവസമ്പൂൎണ്ണത, സുശ്രാവവും മധുരവുമായ സ്വരം, ബുദ്ധി, സുജനതചം, ധൈൎയ്യം, ബലം ഇവയെ പ്രസ്ഫുടീകരിക്കുന്ന മുഖം എന്നിവയോരോന്നും ഒരു പുരുഷന് തിരസ്കരിക്കാവുന്ന സൗന്ദൎയ്യലക്ഷണങ്ങളല്ല.

പിതാക്കളായിരിപ്പാൻ സംഗതിവന്നിട്ടുള്ള എല്ലാവരും തങ്ങളുടെ കുട്ടികൾ സൗന്ദൎയ്യത്തെ അവഗണിപ്പാൻ അനുവദിക്കരുതാത്തതാണ്. സൗന്ദൎയ്യസമ്പാദനത്തിനും അതു അനുഭവിക്കുന്നതിനും അവരെ പരിശീലിപ്പിക്കതന്നെ വേണം. അലങ്കരണോപകരണസംഭൃതമായ ഒരു തട്ടത്തേക്കാൾ തുലോം നിസ്സാരമായ തൊലിയേയൊ തലമുടിയേയൊ അലങ്കരിക്കുന്നതാണ് സൗന്ദൎയ്യസമ്പാദനം എന്നുള്ള മിഥ്യാബോധം അവരിൽ ഒരിക്കലും വളൎത്തരുതു്. അപ്രകാരമുണ്ടാകുന്ന സൗന്ദൎയ്യം ക്ഷണഭംഗുരങ്ങളത്രെ. ഉപരിതലത്തിൽ കാണുന്നപോലെ അല്ലാതെ ഉൽകൃഷ്ടചിന്തകളിൽനിന്നും ഉണ്ടാകാവുന്ന സൗന്ദൎയ്യത്തെക്കുറിച്ച് ചിന്തിപ്പാൻപോലും അവർ ശക്തരല്ലാതെയും ഭവിച്ചേക്കാം.

സൗന്ദൎയ്യം അതിവ്യക്തമായ രണ്ടു വിഭജനത്തോടു കൂടിയതത്രെ. ഒന്നിനെ നമുക്ക് തള്ളുകയൊ കൊള്ളുകയൊ ചെയ്യാം. മറേറതു് നമ്മിൽ നിന്നും അപരിച്ഛേദ്യമായ ഒരവയവമാകുന്നു.

ത്യാജ്യമോ ഗ്രാഹ്യമൊ ആയ സൗന്ദൎയ്യത്തിനും അതിൻെറ സ്ഥാനത്തു് ഒരു ഉചിതവിലയുണ്ടെന്നുള്ളതു് നിൎവിവാദമത്രെ. അതിനെ ഞാനൊരിക്കലും നിന്ദിക്കുന്നുമില്ല. സുന്ദരമായ രീതിയിൽ വസ്ത്രധാരണമുണ്ട്.

ശരീരത്തെ മററുവിധഅലങ്കാരംകൊണ്ടും സുന്ദരമാക്കാറുണ്ട്. ന്യായാനുസൃതമുള്ള ഈ അലങ്കരണത്തെ ഒരിക്കലും ആക്ഷേപിക്കത്തക്കതുമല്ല. മനുഷ്യകൃതമായ അതിമോഹനപദാൎത്ഥങ്ങളും സമുദ്രഗർഭമൊ ഭൂഗർഭമൊ ആയ ഏതു വിശിഷ്ടപദാർത്ഥങ്ങളും മനുഷ്യാകൃതിയുടെ സൗന്ദര്യത്തിനു ഉണപൌഷ്കല്യം വരുത്തുന്നു എന്നല്ലാതെ മററൊന്നിനും കഴിവുള്ളതല്ല.

മനസ്സും ജഡവും തമ്മിലുള്ള അന്തരം എത്രയുണ്ടോ അത്രയും വ്യത്യാസമുള്ള ഒരുതരം പ്രത്യേകസൗന്ദര്യം വേറെയുണ്ട്. അതിനു ആന്തരസൗന്ദര്യം എന്നു പറയാം. ആന്തരസത്വത്തിൽനിന്നും മാത്രമാണ് ബാഹ്യമായ സകലവിധ ഉച്ചനീചത്വങ്ങളും പ്രത്യക്ഷപ്പെടുന്നതു്.

ഇവരണ്ടിനേയും ഒരു ഉദാഹരണംകൊണ്ട് വിശദപ്പെടുത്താം. ഇതാ ഒരു വൃക്ഷം നില്ക്കുന്നു. അതിനുള്ള സകലവിധബാഹ്യമോടിയും ഉണ്ടാക്കിയിരിക്കുന്നു. കൃത്രിമമായ ഇല, പൂവ്, കായ് ഇതുകളും നിൎമ്മിച്ചിട്ടുണ്ട്. തല്ക്കാലത്തേക്ക് ആകൃതി നയനമോഹനവും ആയിരിക്കുന്നു. പക്ഷെ, അതിന് ജീവചൈതന്യം കാണുന്നില്ല. അതിനാൽ ആ തോന്നൽ വെറും വ്യാമോഹവും ക്ഷണചഞ്ചലവുമത്രെ.

ആന്തരവും പ്രാകൃതികവും ആയ സൗന്ദര്യം മഴ, വെയില്, മണ്ണ്, ആന്തരസത്വചോദനം എന്നിവയിൽനിന്ന് വൃക്ഷത്തിന് സിദ്ധിക്കുന്നു. വൃക്ഷത്തിൻെറ ആന്തരസത്വഫലം ബാഹ്യമായി വെളിപ്പെടുന്നതു് നമുക്കു കാണാം. ഓരോ ചില്ലകളിലും മൊട്ടും അവിടെത്തന്നെ വികസിതസുമങ്ങളും കാണാറാകുന്നു. സുമങ്ങളുടെ സമൂഹരൂപം ഒരു ഭൃംഖലമെന്നപോലെയും ഇലകൾ പച്ചപ്പട്ടു പോലെയും കാണപ്പെടുന്നു. അനന്തരകാലത്ത് ഫലനമ്രമായി കാണപ്പെടുന്ന ആ വൃക്ഷം അത്യാഹ്ലാദകരംതന്നെ. ഇങ്ങിനെ സൗന്ദര്യം പടിപടിയായി കാണപ്പെടുന്നു. ഇതു വൃക്ഷത്തിൽനിന്നു തന്നെ പ്രസരിക്കുന്ന സൗന്ദര്യമാണ്. വൃക്ഷത്തിൻെറ അന്തർഹിതമായ സൗന്ദര്യം ബഹിസ്ഫുരണം ചെയ്യുന്നതായി കാണാം.

നമ്മെ സംബന്ധിക്കുന്നവയും മററു മനുഷ്യജീവികളെ സംബന്ധിക്കുന്നവയുമായി അത്യന്തം പ്രശംസാൎഹമായി കാണപ്പെടുന്ന സൗന്ദര്യം വസ്ത്രാലങ്കാരങ്ങളെപ്പോലെ പ്രത്യേകാവസരങ്ങളിൽ മാത്രം ധരിക്കപ്പെടുന്നതുകൊണ്ടുണ്ടാകുന്നതല്ലെന്നും അതു നമ്മളിൽതന്നെ സ്ഥിതിചെയ്യുന്നതാണെന്നും നമ്മുടെ ആന്തരസത്വപ്രചോദനങ്ങളുടെ പ്രതിഫലനം മാത്രമെന്നും ധരിച്ചിരിക്കേണ്ടതാണ്. ഈ വിധമുള്ള സൗന്ദര്യം ദീർഘകാലം നില്ക്കുന്നതാണെന്നും കാലം ചെല്ലുന്തോറും അതു സമ്പന്നപൂൎണ്ണമാകുമെന്നും നിശ്ചയം തന്നെ.

ബാഹ്യപദാൎത്ഥങ്ങളെ സംഭരിച്ചു് അതുകൊണ്ടുള്ള അലങ്കരണം ഒരു നിശ്ചിതപരിധിയോളം സംതൃപ്തിക്കു കാരണമാകുകയെ ചെയ്യുന്നുള്ളൂ.

ആവത്തിച്ചാവത്തിച്ച് സംഭരണവും അലങ്കരണവും ചെയ്യേണ്ടിവരുന്നു. അതിന് ദ്രവ്യവ്യയവും അധികംതന്നെ. ഫലസുമങ്ങളാൽ അലംകൃതവും ഫലസങ്കുലങ്ങളാൽ അവനമ്രവുമായ ഒരു വൃക്ഷത്തെ ക്രിത്രിമമാർഗ്ഗേണ സമ്പാദിപ്പാൻ ഒരുങ്ങുന്ന എല്ലാവക്കമതു് സുസാധകമെന്നു തോന്നുന്നില്ല. ഒരു മനുഷ്യൻ അവൻെറ സൗന്ദര്യോപകരണങ്ങൾ പുറത്തുനിന്നു സമ്പാദിക്കുന്നതു് ഇതിലും സുകരമെന്നു വരുമോ.?

വസ്ത്രം ആഭരണം എന്നിവയെപ്പോലുള്ള അലങ്കരണസാധനങ്ങൾ ബാഹ്യമോടിക്കു മാത്രം യോജിച്ചവയാകകൊണ്ട് അവ നമ്മെ സുന്ദരരൂപികളാക്കുന്നതിന് പര്യാപ്തങ്ങളാകുന്നില്ല. ആത്മശുദ്ധിയിലും മനോനൈമ്മല്യത്തിലും നാം വിരൂപികളായിരുന്നു എങ്കിൽ നാം ഇവയുടെ സമ്പന്നതയിലും അങ്ങിനെതന്നെ ഇരിക്കുന്നതാണ്. സുന്ദരങ്ങളായ അലങ്കാരങ്ങൾ പക്ഷെ സ്വല്പസമയത്തേക്കു നമ്മുടെ വൈരൂപ്യത്തിനു ഒരു തിരസ്കരണി ആയേക്കാം. എന്നാൽ നമ്മുടെ നിലക്കു ഒരു മാററവും വരുന്നതല്ല. നമ്മുടെ സാഹചര്യം ലഭിക്കുന്നവർ അതറിയും; നാം അതു അറിയുന്നു; ദൈവം സൂക്ഷ്മമായി അറിയുന്നു.

നമ്മുടെ വൈരൂപ്യത്തിൻെറ തിരസ്കാരത്തേക്കാൾ കൂടുതലായി ചിലതുകൂടി നാം ആഗ്രഹിക്കണം. കാലത്തിൻെറ ആക്രമണത്തിൽനിന്നും, നമ്മുടെ അയൽവാസികളുടെ നിരൂപണത്തിൽനിന്നും, നമ്മുടെ കണ്ണുകളുടെ സൂക്ഷ്മബോധത്തിൽനിന്നും, ഒരിക്കലും മറക്കാൻ സാധിക്കാത്ത ലോകസാക്ഷിയിൽനിന്നും അവഹേളനയ്ക്കു് ആസ്പദമല്ലാത്തതായ സൗന്ദര്യമാണ് സവ്വോപരി നാം ഇച്ഛിക്കേണ്ടതു്.

നാം എല്ലാവരും എങ്ങിനെയാണ് സൗന്ദര്യമുള്ളവരാകേണ്ടതു്? മാനുഷികസൗന്ദര്യത്തിനു ത്രിവിധാസ്പദങ്ങളുണ്ട്. ശാരീരികമാനസികസാന്മാർഗ്ഗികങ്ങളെന്നു അവയെ വിഭജിക്കാം. അരോഗതയും അംഗസൗഷ്ഠവവും ശാരീരികവും, വിജ്ഞാനവും കമ്മതത്വവും മാനസികവും, ശമാദിസമ്പത്തും ഔൽകൃഷ്ട്യവും സാന്മാർഗ്ഗികവും ആയ സൗന്ദര്യംതന്നെയാണ്. ഇവയിൽ അന്തർഭവിച്ചിരിക്കുന്ന തത്വമെന്തെന്നു നോക്കുകതന്നെ.

ശരീരത്തെ ആസ്പദമാക്കിപ്പറയുന്ന സൗന്ദര്യം പ്രായേണ എല്ലാവരും സമ്മതിക്കുന്നതാണ്. ശരീരാവയവങ്ങളുടെ പരിപൂണ്ണവളച്ചയും അരോഗദൃഢഗാത്രതയുമാണ് സൗന്ദര്യമെന്നുള്ളതു് അത്ര സർവസാധാരണസമ്മതി ലഭിച്ചിട്ടുള്ളതാണോ എന്നു സംശയമാണ്. ശരീരസൗന്ദര്യസമ്പാദനം കൃത്രിമവസ്തുക്കളെ ആശ്രയിച്ചാണെന്ന് ഒരു വിശ്വാസം ഉണ്ട്. പാദങ്ങളുടെ ഹ്രസ്വതയ്ക്കും കടിപ്രദേശത്തിൻെറ കൃശതയ്ക്കും കൃത്രിമമാർഗ്ഗം തേടിയിരുന്ന കാലം അത്ര പ്രാചീനമെന്നുതോന്നുന്നില്ല. തൊലിയുടെ വെള്ള

ച്ചിനും അധരങ്ങളുടെ ചുവപ്പിനും കൃത്രിമസാധനങ്ങൾ ഇന്നും അപൂർവം ചിലർ ഉപയോഗിക്കുന്നില്ലെന്നില്ല.

ഗണ്ഡത്തിന്റെ വിളർച്ചയും, അബല എന്ന പേരും സ്ത്രീസൗന്ദര്യമായി നാം ഗണിക്കാറില്ലെ. ഇന്നത്തെ ചിന്താഗതികൾ മാറിത്തുടങ്ങിയിരിക്കുന്നു. ധൈര്യമായ പാദന്യാസം, പുരുഷോചിതമെന്നു അഭിമാനിച്ചിരുന്ന പലതുംചെയ്യാൻ സന്നദ്ധത, ലോകസമക്ഷം ഇറങ്ങി അതിന്റെ ഉദാരകകർമ്മങ്ങളിൽ ഭാഗഭാക്കായിരിക്ക എന്നിവ സൗന്ദര്യചിഹ്നങ്ങളായി ഗണിക്കുന്നുണ്ട്. സൗന്ദര്യോപകരണങ്ങളായി അട്ടത്തകാലത്തു ശുദ്ധവായു, സൂര്യരശ്മി, വ്യായാമം, സാത്വികാഹാരം, നിയന്ത്രിതസുഷുപ്തി, ജീവിതസംഭരണത്തിനു ഉചിതമായ വൃത്തി,ശാന്തം, നിയതം, കർമ്മപരം, പ്രാകൃതികം, ഔപയോഗികം എന്നിങ്ങനെയുള്ള ജീവിതം എന്നിവയായിത്തീരുന്നതാണ്.

ശരീരസംസ്കരണംവഴിയായിട്ടല്ലാതെ ആരോഗ്യം, സുരൂപം, പ്രസന്നവദനം എന്നിവ സിദ്ധിക്കുന്നതല്ലെന്നു സ്ത്രീകൾ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനാൽ അവരുടെ യത്നം ആ വഴിക്കു തിരിഞ്ഞുകാണുന്നതു് ആശാജനകംതന്നെ. അപൂർവം ചിലരിൽ ഇതുനിമിത്തമുള്ള ഗുണങ്ങളും കാണുന്നുണ്ട്. ഈ വഴിയിൽക്കൂടി പുരുഷപ്രയത്നം തുടങ്ങിയിട്ടു ശതാബ്ദം പലതും കഴിഞ്ഞു. സ്ത്രീകളുടെ ആന്തരസത്വം സുപ്തമായിരുന്നു. ഇപ്പോൾ അവർ ലക്ഷ്യത്തിലേക്കു പ്രയാണംചെയ്തുതുടങ്ങി. അതിനാൽ അവരുടെ ഗതി ത്വരമാണമായേക്കാം. സ്വായത്തമെന്നു പുരുഷൻ അഭിമാനിക്കുന്ന ആ സ്ഥാനം സ്ത്രീകൾ പക്ഷെ കൈവശപ്പെടുത്തിയേക്കാം.

സ്ത്രീപുരുഷസൗന്ദര്യത്തിൽ കുതുകികളായ നാം അതിനെ സൂക്ഷ്മദൃഷ്ട്യാ കണ്ടറിയണം. അതു് ഒരിക്കലും ആഭരണപേടകങ്ങളിലോ, ലേപനചായങ്ങളിലോ ഇരിക്കുന്നില്ല. സ്നാനം, ശ്വസനം, വാതാതപികമായി നാം ദിവസവും ചെയ്യുന്ന ജോലി, ദൃഢഗാത്രതക്കു അവശ്യം ഉപയോഗിക്കുന്ന സത്വാഹാരം, മനുഷ്യത്വസമ്പാദനത്തിനുള്ള ചിന്താപാരമ്യം ഇവയത്രെ നമ്മുടെ പ്രഥമവീക്ഷണത്തിനു നിദാനമായിട്ടുള്ളതു്.

നമ്മുടെ സന്തതികളിൽ സൗന്ദര്യമുണ്ടായിരിക്കണമെന്നു കാംക്ഷിക്കുന്നവർ താഴെ പറയുന്നവയെ സശ്രദ്ധം പഠിച്ചു പരിപാലിപ്പാൻ ശ്രമിക്കണം. പ്രകൃത്യനുസരണവും ക്രമപ്രവൃദ്ധവും ആയ ശീലസ്ഥാപനം അവർ ചെയ്യുന്നുണ്ടോ? കൃത്യവും വേണ്ടവോളവും സമയം നിദ്രക്കു് അവർ വ്യയം ചെയ്യുന്നുണ്ടോ? ആരോഗ്യത്തെ അവഗണിച്ചു് അവർ പഠനമൊ ജോലിയൊ നടത്തുന്നുണ്ടോ? വിനോദങ്ങളിൽ വ്യയംചെയ്യുന്ന സമയത്തെ കുറച്ചുകളയുന്നുണ്ടോ? അനാഡംബരത്തോടും അവധാനപൂർവകപമായും ജീവിതത്തെ പൊതുവെ നയിക്കുന്നുണ്ടോ ?

ശാരീരികമായ ആരോഗ്യനിയമങ്ങളെ വിധിപൂർവ്വം ഒരു തലമുറ പരിശീലിക്കുന്നതായാൽ അടുത്ത തലമുറക്കാർ നിശ്ചയമായി സൗന്ദര്യമുള്ളവരായിരിക്കും. ഒരുപക്ഷെ ഇതു് ചിലരുടെ ദൃഷ്ടിയിൽ ആക്ഷേപമെന്ന് തോന്നുന്നുവെങ്കിലും പരമാർത്ഥത്തിൽനിന്ന് അണുമാത്രം തെററില്ലാത്ത ഒരു പ്രമാണമാണിതു്.

ലോകത്തിൽ ഉണ്ടായിട്ടുള്ള സകല വർഗ്ഗങ്ങളെ അപേക്ഷിച്ചും പുരാതനയവനന്മാർ (ഗ്രീക്കുകാർ) ശരീരസൗന്ദര്യത്തിൽ അദ്വിതീയരായിരുന്നു എന്ന് പ്രസിദ്ധമാണ്. എന്തുകൊണ്ടാണിങ്ങനെ വന്നതു്. ശരീരസൗന്ദര്യത്തെ വർദ്ധിപ്പിക്കത്തക്കവണ്ണം അവർ വിജ്ഞാനികളായതുകൊണ്ടു മാത്രമല്ല, എങ്ങിനെ ആയാൽ പരിപൂർണ്ണവിജയത്തോടെ സൗന്ദര്യം ഉണ്ടാകുമെന്നറിഞ്ഞു് അവരുടെ യുവലോകത്തെ അരോഗദൃഢഗാത്രത, ബലം, സഹനം, സൗഷ്ഠവം, ആരോഗ്യം ഇവയുടെ സമഗ്രസമ്പത്തുകൊണ്ടു് അനുഗ്രഹീതരാക്കിയിരുന്നു. മനുഷ്യശരീരത്തേയൊ, വൃക്ഷലതാദികളെത്തന്നെയൊ സുന്ദരമാക്കുന്നതിന് ചൈതന്യസ്ഫുരണത്തെ ദീപ്തിമത്താക്കുകതന്നെയെന്ന് അവർ അറിഞ്ഞിരുന്നു.

ഇനി നമുക്ക് അടുത്തതായ മാനസികസൗന്ദര്യമെന്ന രണ്ടാമത്തെ ഘട്ടത്തെ പരിശോധിക്കുക.

മാനുഷികസൗന്ദര്യം വെറും ശരീരത്തെ മാത്രം അവലംബിച്ചതായിരുന്നുകൂട. എന്നാൽ മൂർപ്രതിമകൾ ജീവരാശിയോളം സൗന്ദര്യമുള്ളവയായിരിക്കേണ്ടതാണ്. സംസ്കരണവിഷയത്തിൽ താഴ്ന്നപടിയിലുള്ളവർ സൗന്ദര്യമുള്ളവരെ അപൂർവ്വമായിട്ടേ കാണപ്പെടുന്നുള്ളൂ. സൗന്ദര്യം എന്നുപറയുന്ന ഗുണം അവരിൽ കുറച്ചുമാത്രമെ കാണുന്നുള്ളു എന്ന് സാരം. ഇതു എന്തുകൊണ്ടു്? ഇവരുടെ ശരീരസ്ഥിതി എങ്ങിനെയിരുന്നാലും, ആകർഷീയമല്ലാത്ത ഒരു രൂപമാണ് അവരിൽ കാണപ്പെടുന്നതു്. ഇവരിൽ വ്യാപാരശൂന്യമായ നിലയാണത്രെ ഇതിനുള്ള കാരണം. ശരീരാവയവങ്ങളിൽകൂടി അതിനെ ദീപ്തിമത്താക്കുന്നതിനുള്ള മാനസികസൗന്ദര്യത്തിൻെറ അഭാവമെ ഇവരിൽ ഉള്ളൂ. പരിഷ്കൃതലോകത്തിലും ഇന്ദ്രിയശിക്ഷണം നീചരീതിയിൽ നടത്തപ്പെടുന്നവർ ക്ഷണികവും, കർക്കശവും, ഹീനവുമായ സൗന്ദര്യത്തോടുകൂടിയവരാണ്. മനസ്സിന് സൗന്ദര്യത്തോടുള്ള ബന്ധം എത്രയുണ്ടെന്ന് നമുക്കു എളുപ്പത്തിൽ ഗ്രഹിക്കാം. നിറംകൊണ്ടും സൗഷ്ഠവംകൊണ്ടും ശാരീരികമായ തോതിൽ ഗണിക്കുന്നപക്ഷം വൈരൂപ്യമശേഷവുമില്ലെങ്കിലും അവർ അങ്ങിനെയുള്ളവരെന്ന് ഗണിക്കപ്പെടുന്നില്ല. എന്താണിതിനു കാരണം. അന്തർഭാഗത്തുനിന്ന് ബുദ്ധിചോദനമായ ഒരു പ്രസരണം മുഖത്തു കാണപ്പെടുന്നില്ലെന്നത്രെ ഇതിന് സമാ

ധാനം പറവാനുള്ളത്. കണ്ണുകൾ സജീവമല്ലാതെയും മുഖം പ്രസന്നമല്ലാതെയും കാണപ്പെടുന്നു.

നേരെമറിച്ച് സുന്ദരമല്ലാത്ത ചില മുഖം അതിവശ്യശക്തിയോടെ നമ്മിൽ പ്രവൎത്തിക്കുന്നതും നമുക്കനുഭവമുണ്ട്. ഇതിനുള്ള കാരണവും ഏറെ ദൂരെ തേടേണ്ടതില്ല. അങ്ങിനെയുള്ളവരെ നാം കാണുന്ന മാത്രയിൽ ചിന്താപരമ്പരകളാൽ ആവരുടെ നയനങ്ങൾ ദീപ്തിസ്ഫുരണമുള്ളവയായിത്തീരുന്നു. മുഖം ബുദ്ധിപ്രചോദനത്താൽ വികസിതമാകുന്നു ഇങ്ങിനെ പരിവൎത്തനം വന്ന ബാഹ്യരൂപത്തിൽ ചൈതന്യപ്രസരംകൊണ്ടു സാധാരണത്വം മറഞ്ഞു സൌന്ദൎയ്യം വിളങ്ങുന്നു.

"ഞാൻ ഒരു സ്ത്രീയെ അറിയും, അവൾ സുന്ദരിയെന്നു ബാഹ്യവേഷംകൊണ്ടു പറഞ്ഞുകൂടാ. എങ്കിലും അവൾ എന്തെങ്കിലും ഒന്നു പറവാൻ ഒരുങ്ങിയാൽ അവളുടെ മുഖം എന്തൊ ഒരു ദിവ്യസ്ഫുരണംകൊണ്ടു സൎവജനവശ്യതയുള്ളതായിത്തീരുന്നു" എന്നു ഒരു സ്ത്രീതന്നെ പറഞ്ഞുകേട്ടിട്ടുണ്ട്.

(തുടരും)

# കേരളം

## ഒരു സ്ഥൂലചിത്രം.

(ആർ. ഈശ്വരപിള്ള ബി. എ.)

"കേരളഭൂമി പരശുരാമനാൽ പടയ്ക്കപ്പെട്ടു" എന്നു പഴയ കേരളോല്പത്തി എന്ന കൃതിയിൽ പറഞ്ഞു കാണുന്നു. എന്നാൽ ഇതിൻെറ അടിസ്ഥാനം എന്താണെന്നു സുവ്യക്തമല്ല. പരശുരാമൻ പരാക്രമശാലി ആയിരുന്നുവെന്നു പുരാണങ്ങളിൽനിന്നും നമുക്കറിയാം. എന്നാൽ അദ്ദേഹം പ്രത്യേകം ഒരു ഭൂവിഭാഗത്തെ സൃഷ്ടിച്ചുവെന്നു അനുമാനിക്കുന്നതിനു മതിയായ തെളിവുള്ളതായി വിചാരിപ്പാൻ വഴികാണുന്നില്ല. പക്ഷെ കേരളത്തിനു "പരശുരാമക്ഷേത്രം" എന്നു ഒരു അഭിധാനം ഉള്ളതുകൊണ്ടു ഈ സ്ഥലത്തിനു അദ്ദേഹത്തോടു് എന്തോ ബന്ധം ഉണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ഒരു മഹാപുരുഷൻെറ നാമത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നതുതന്നെ കേരളത്തിൻെറ വിശേഷതയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. മററു സംഗതികൾ എങ്ങിനെയിരുന്നാലും പര

ശ്ശുരാമൻ ഈ സ്ഥലത്തെ സന്ദർശിച്ചുവെന്നുള്ളതുതന്നെ കേരളത്തിന്റെ മാഹാത്മ്യത്തേയും പുരാതനത്വത്തേയും സൂചിപ്പിക്കുന്നു. മേല്പത്തൂർ ഭട്ടതിരിയുടെ "നാരായണീയ"ത്തിൽ ഇങ്ങിനെ ഒരു ശ്ലോകം കാണുന്നു,

"ന്യസ്താസ്ത്രാണിമഹേന്ദ്രഭൂഭൃതിതപസ്തന്വൻപുനർമജ്ജിതം
ഗോകർണ്ണാവധിസാഗരേണധരണിംദൃഷ്ട്വാർത്ഥിതസ്താപസൈ
ധ്യാതേഷ്വാസധൃതാനലാസ്ത്രചകിതംസിന്ധുംസ്രുവക്ഷേപണാ
ദുത്സാര്യോദ്ധൃതകേരളോഭൃഗുപതേവാതേശസംരക്ഷമാം"

ഇതിൽനിന്നും കേരളം സമുദ്രത്തിൽ മുങ്ങിപ്പോയി എന്നും പരശ്ശുരാമൻ വീണ്ടും അതിനെ ഉയർത്തി എന്നും കാണുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനമായ ഭാഗവതശ്ലോകത്തിൽ ഇങ്ങിനെ ഒന്നും കാണുന്നില്ല. അതിങ്ങനെയാണു്.

"ആസ്തേദ്യാപിമഹേന്ദ്രാദ്രൗന്യസ്തദണ്ഡഃപ്രശാന്തധീഃ
ഉപഗീയമാനചരിതഃ സിദ്ധഗന്ധർവ്വചാരണൈഃ"

അതുകൊണ്ടു ഭട്ടതിരിക്കു് ഈ അറിവു് വേറെ വല്ലവഴിക്കും ലഭിച്ചതായിരിക്കാം. എന്നാൽ ഈ ലേഖനം കേരളത്തിന്റെ ഉല്പത്തിയെ കുറിച്ചോ, അതിന്റെ ചരിത്രത്തെ കുറിച്ചോ ഗവേഷണം ചെയ്യുന്ന ഒന്നല്ലാത്തതിനാൽ ഈ വിഷയത്തിൽ ഇതിലധികമൊന്നും ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഈ ഐതിഹ്യവും കേരളത്തിന്റെ ഉത്ഭവവൈശിഷ്ട്യത്തെ അവ്യക്തമായിട്ടെങ്കിലും കാണിക്കുന്നു. ഇതുകൂടാതെ കാളിദാസന്റെ രഘുവംശകാവ്യത്തിൽ രഘു തന്റെ ദിഗ്വിജയോദ്യമത്തിൽ കേരളത്തെക്കൂടി സന്ദർശിച്ചതായി പറയപ്പെട്ടിരിക്കുന്നു. ഇതും ഭാരതത്തിന്റെ തൊട്ടുകുറിയായി ലസിക്കുന്ന കേരളത്തിന്റെ പുരാതനത്വത്തേയും പ്രസിദ്ധിയേയും കാണിക്കുകതന്നെ ചെയ്യുന്നു. ഇനിയൊന്നു പറയാനുള്ളതു് ഭാരതഖണ്ഡം ഉയന്ന പർവ്വതനിരകളിൽനിന്നും ക്രമേണ താണു് വിസ്താരം കുറഞ്ഞും ഒടുവിൽ കൃശാഗ്രമായി ദക്ഷിണസമുദ്രത്തിൽ അവസാനിക്കുന്നതുകൊണ്ടു് അതിലുള്ള സകല ഭൌമസമ്പത്തുകളും ഇവിടെ സഞ്ചിതമായിരിക്കാൻ അവകാശമുണ്ടു്. വാസ്തവവും അങ്ങിനെതന്നെ ആണു്. ഭാരതം തന്നെ ലോകത്തിന്റെ ഒരു സംഗ്രഹമാണെന്നു വിചാരിക്കപ്പെട്ടുവരുന്നു. ആ സ്ഥിതിക്കു കേരളത്തെ ഭാരതത്തിന്റേയും സംഗ്രഹമായിട്ടും ഗണിക്കണം. ഭാരതത്തിനുള്ള സകല ഐശ്വര്യങ്ങളും കേരളത്തിൽ പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടു്. കുറച്ചു കൂടുതലും ഉണ്ടു്. അതിന്റെ കിടപ്പും ഒരു പ്രത്യേക രീതിയിലാണു്. ദക്ഷിണസമുദ്രത്തിന്റെ തരംഗകരങ്ങളുടെ നിരന്തരമായ സംവാഹനസുഖം അനുഭവിച്ചും സഹ്യന്റെ ഉപരിഭാഗത്തെ അലങ്കരിക്കുന്ന അഭ്രഗാമികളായ വനസ്പതികളുടെ നീരന്ധ്രവും നിബിഡവുമായ ഛാ

ഘയെ അവലംബിച്ചുമാണ് കേരളഭൂമി ശയിക്കുന്നത്. ഇതുകൊണ്ടു കേരളത്തിനു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ അനേകങ്ങളാണ്. ദോഷങ്ങളും ഇല്ലാതില്ല. ഇതുനിമിത്തം ഭാരതത്തിലെ ഇതരഭാഗങ്ങൾ നിരന്തരമായി സഹിച്ചുകൊണ്ടിരുന്ന മഹമ്മദീയ ആക്രമണങ്ങൾക്കു മററു കേരളം ആപേക്ഷികമായി അനധീനമായിരുന്നു. ഇതുകൂടാതെ കേരളീയസംസ്കാരവും പരിഷ്കാരവും സ്വച്ഛന്ദവും അതിരൂഢവുമായ ഒരു പ്രത്യേകരീതിയിലും വളരുന്നതിന് സൗകര്യമുണ്ടായിരുന്നു. കേരളത്തിലെ പ്രശസ്തമായ ഗ്രാമീണഘടനക്കും മററുദിക്കിൽ സംഭവിച്ചതുപോലെ വിദേശീയ ആക്രമണത്താൽ വിലയ ശൈഥില്യം സംഭവിച്ചിരിക്കാൻ ഇടയായിട്ടില്ല. കേരളത്തെ അധിവസിച്ചിരുന്ന വിവിധസമുദായങ്ങളും അവരവരുടെ പ്രത്യേകാചാരമതാനുഷ്ഠാനങ്ങളോടും പരസ്പര മൈത്രിയോടുംകൂടി നിർബാധം വത്തിച്ചുവന്നു. കേരളീയർ അവരുടെ ഉദാരമായ മാതൃഭൂമി നൽകിയതും സ്വപ്രയത്നംകൊണ്ടു സിദ്ധിച്ചതുമായ സമ്പത്തിനെ കൊള്ളക്കാരാലും മററും അപഹരിക്കപ്പെടാതെ ഇരുന്നതിനാൽ സുഭിക്ഷമായി ജീവിതം നയിച്ചും വന്നിരുന്നു. ദുർഭിക്ഷം എന്നതു കേരളീയക്ക് അപരിചിതമായ ഒരവസ്ഥയായിരുന്നു. കേരളത്തിലെ പ്രകൃതിവിലാസവും അനതിശയനീയമായിട്ടുള്ള ഒന്നുതന്നെയാണ്. കേരളത്തിൽ ഇദംപ്രഥമമായി പ്രവേശിക്കുന്ന ഒരു വിദേശീയന് ഏററവും നയനാഭിരാമമായ ഒരു കാഴ്ചയാണ് അഭിമുഖീകരിക്കുന്നത്.

സവ്തോലംകൃതംദിവ്യൈ
നിത്യപുഷ്പഫലദ്രുമൈ;

എന്നുള്ള സംക്ഷിപ്തമായ വിവരണം കേരളത്തിന് പററിയതുതന്നെയാണ്. കിഴക്കുഭാഗത്തു് ഉത്തുംഗശൃംഗങ്ങളോടുകൂടി നീണ്ടു് നിവന്ന് കിടക്കുന്ന പർവതനിരകളും വൃക്ഷലതാദികൾകൊണ്ടു നിബിഡങ്ങളും വിവിധമൃഗാദ്ധ്യാസിതങ്ങളുമായ നിതംബപ്രദേശങ്ങളും ശാദ്വലസങ്കീർണ്ണങ്ങളായ ഉപത്യകകളും ചരുവുകളിൽനിന്നും പ്രവഹിക്കുന്ന ഗിരിനിർഝരങ്ങളും അമോദകങ്ങളും തീരപ്രദേശങ്ങളെ ഫലപുഷ്ടങ്ങളാക്കിയുംകൊണ്ട് സമുദ്രസന്മുഖീനങ്ങളായി മന്ദമന്ദം ഗമിക്കുന്ന നദികളും ദേവമാതൃകകളും നദീമാതൃകകളും ആയ കൈദാരികങ്ങളും മണിവാലുകരമ്യങ്ങളായ സമുദ്രതീരങ്ങളും മററും കേരളഭൂമിയുടെ അനന്യസാധാരണങ്ങളായ പ്രകൃതിവിശേഷങ്ങളാണ്. സുരലോകസഹജങ്ങളായ രംഭയും കല്പകവൃക്ഷവും (കേരം) കല്പകവല്ലികളും (മുളകുകൊടി) കേരളത്തെ ഒരുവിധത്തിൽ സ്വർഗ്ഗതുല്യമാക്കിത്തീക്കുന്നുണ്ട്. ഇങ്ങിനെ ആണ് കേരളത്തിൻെറ പ്രകൃതിസൗഭാഗ്യവും സൗന്ദയ്യവും. കേരളം ശ്രീയുടെ നൃത്തരംഗംതന്നെയായി ലസിച്ചിരുന്നു.

ഇനി കേരളത്തെ അധിവസിക്കുന്ന ജനാവലിയെപ്പററി നോക്കാം.

ഇവിടേയും കേരളത്തിന് ഭാരതത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് ഒരു പ്രത്യേകതയുള്ളതായി കാണാം. ഇതുപോലെ വിവിധങ്ങളും ആചാരസ്വഭാവാദിഭേദങ്ങൾകൊണ്ട് ഭിന്നങ്ങളും ചരിത്രാന്വേഷികൾക്ക് അളവററ ഗവേഷണവിഷയങ്ങൾ നല്കുന്നതും വംശോല്പത്തിയും മററും ഇന്നും വാദവിഷയമായിരിക്കുന്നതുമായ സമുദായങ്ങൾ ഇൻഡ്യയിൽ മറെറങ്ങും ഉണ്ടെന്നുപറവാൻ തരമില്ല. ഇവരെല്ലാം ഏതുകാലത്തും സൗഹാർദ്ദഭാവത്തോട് തോളോട്ടതോൾ ഉരുമ്മി വസിച്ചിരുന്നു എങ്കിലും ഇപ്പോൾ അല്പം മത്സരിഭാവത്തിൽ അല്ലയോ അന്യോന്യം വീക്ഷിക്കുന്നത് എന്നും സംശയമുണ്ട്. ഇവരിൽ ആര്യാവർത്തത്തിൽനിന്നും വന്നവരും ആര്യസംസ്കാരത്തിൻെറ ഒരു ഛായയെ ഇങ്ങോട്ടാവാഹിച്ചവരും എന്ന് വിചാരിക്കപ്പെടുന്നതും ക്രമേണ കേരളത്തിലെ ഭൂസ്വാമികളായി ഇവിടെ പ്രാബല്യവും വൈദികാധികാരവും പ്രാപിച്ചവരും ആയ നമ്പൂരിമാരാണ് പ്രഥമഗണനീയന്മാരായിരിക്കുന്നത്. കേരളത്തിലെ വൈദികവും ലൗകികവുമായ ആചാരങ്ങളെ രൂപവൽക്കരിക്കുന്നതിന് ഇവർ ഒരു പ്രധാനഭാഗം വഹിച്ചിട്ടും ഉണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഈ സമുദായത്തിൻെറ ഇന്നത്തെ സ്ഥിതി ആശാജനകമായിട്ടല്ല ഇരിക്കുന്നത്. എങ്കിലും കേരളചരിത്രസൃഷ്ടിയിൽ ഇവർ ഒരു വലിയ ഭാഗം വഹിച്ചിട്ടുണ്ടെന്നുള്ളതിന് രണ്ടുപക്ഷമില്ല. ഇവരോട് അടുത്തവരായ എളയന്മാർ തമ്പാക്കന്മാർ തിരുമുല്പാടന്മാർ മുതലായവരും അമ്പലവാസികൾ എന്നു പറയുന്ന അനേകം വർഗ്ഗക്കാരും ഉണ്ട്. കേരളത്തിലെ മറെറാരു പ്രത്യേകസമുദായം ഉത്തരഇൻഡ്യയിൽനിന്നും തന്നെ വന്നവരും ആര്യവംശന്മാരെന്ന് വിചാരിക്കപ്പെടുന്നവരും ആയ നായന്മാരാണ്. ഇവരുടെ ആദ്യനിവാസസ്ഥാനം ഇന്നും അന്വേഷണവിഷയമായിട്ടിരിക്കുന്നതെ ഉള്ളു. ഇവർ ഒരുകാലത്ത് യുയുധാനന്മാരും "സ്വഹസ്താർജ്ജിതവീരശബ്ദന്മാരു"മായ നാട്ടുവാഴികളായിരുന്നു എന്നുള്ളതിന് പല ലക്ഷ്യങ്ങളുമുണ്ട്. എന്നാൽ യുദ്ധത്തിൻെറ അഭാവത്തിൽ പണ്ടത്തെ റോമൻകാരെപ്പോലെ അലസത ബാധിച്ച് ഇവർ ഏറക്കുറെ പൌരുഷഹീനന്മാരായി ഭവിക്കാൻ ഇടയായി. എങ്കിലും അതിൻെറ അവശിഷ്ടം ഇന്നും ഇവരിൽ വിവിധരൂപത്തിൽ പ്രകാശിക്കാതിരിക്കുന്നില്ല. പരിതസ്ഥിതിയുടെ മാററംകൊണ്ടും മററും പഴയ പ്രാബല്യത്തിന് അല്പം ഇടിവുതട്ടിയിട്ടുണ്ടെങ്കിലും അവരുടെ സഹജമായ അഭിമാനത്തിനും ഔദാര്യത്തിനും ഉൽപതിഷ്ണുത്വത്തിനും വലിയ ന്യൂനത സംഭവിച്ചതായി പറയാൻ തരമില്ല. അവർ ഇപ്പോൾ പല പുതിയ ഉപകരണങ്ങളെ സമ്പാദിച്ച് അവരെ ബാധിച്ചിരുന്ന അസ്വാതന്ത്ര്യത്തിൽനിന്നും വിമുക്തരായി പുരോഗമനോന്മുഖന്മാരായി വൎത്തിക്കയാണ്. എന്നാൽ ഇന്നും ഇവർ നിശ്ശേഷം സ്വസ്ഥഹസ്തന്മാരായി എന്ന് പറഞ്ഞുകൂട. കേ

രളത്തിലെ മറെറാരു പ്രബലസമുദായം സിംഹളദ്വീപിൽനിന്നും വന്നവരെന്ന് ഊഹിക്കപ്പെട്ടിരിക്കുന്ന ഈഴവർ പ്രായേണ വ്യവസായശീലന്മാരും തൊഴിലാളികളുമായിട്ടാണ് വാണിരുന്നതു്. കേരവൃക്ഷവും ഇവരുമായിട്ട് ഒരു പ്രത്യേകബന്ധമുള്ളതായും ഇതു് കേരളത്തിൽ ആദ്യം കൊണ്ടുവന്നതു് ഇവരാണെന്നും പറയപ്പെടുന്നു. അല്പകാലം മുമ്പുവരെ യാഥാസ്ഥിതികന്മാരും വലിയ വിദ്യാഭ്യാസം ഇല്ലാതിരുന്നവരും ആയ ഇവർ ശ്രീനാരായണഗുരുസ്വാമികളുടെ ഉച്ചൈസ്തരമായ സമാഹ്വാനത്താൽ സുപ്തോത്ഥിതന്മാരും ചിത്തപ്രബുദ്ധന്മാരുമായി ഉല്ക്കർഷപ്രാപ്തിക്കായിക്കൊണ്ട് പ്രവർത്തിച്ചുവരികയാണ്. അവർ ഇന്ന് വിദ്യാഭ്യാസത്തിലും സാമ്പത്തികവിഷയത്തിലും ഇതരസമുദായങ്ങളോടൊപ്പം എത്തിയിരിക്കുന്നു എന്ന് പറയാം. അവരുടെ ഭാവി ഭാസുരമായിത്തന്നെ ഇരിക്കുന്നു. ഒരിക്കൽ സ്വദേശം വിടുവാൻ മടികാണിച്ചിരുന്ന ഇവരും നായന്മാരും ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളേയും ജീവിതോപായസമ്പാദനത്തിനായി സധൈര്യം ആസ്കന്ദനം ചെയ്തുതുടങ്ങീട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്.

(തുടരും)

# ഉദ്ധാരണങ്ങൾ.

## ജീവശ്ശാസ്ത്രവും വിദ്യാഭ്യാസവും.

പ്രൊഫസ്സർ എ. വി. ഹിൽ., എഫ്. ആർ. എസ്സ്. കേംബ്രിഡ്ജിൽ സിഡ്ജ്വിക്ക്സ്മാരകപ്രസംഗം നടത്തിയപ്പോൾ ജീവശ്ശാസ്ത്രത്തിന് വിദ്യാഭ്യാസത്തിലുള്ള അതിപ്രധാനസ്ഥാനത്തെപ്പററി വിവരിക്കുകയുണ്ടായി. ആ പ്രസംഗത്തിൽ ജീവശ്ശാസ്ത്രത്തിന് ഏതു വിദ്യാഭ്യാസപദ്ധതിയിലുമുള്ള വിലയും ആ ശാസ്ത്രജ്ഞാനംകൊണ്ട് ലഭിക്കുന്ന പ്രയോജനവും വിശദമാക്കിയിരുന്നു. ആ പ്രസംഗത്തെ പററി ഹിന്ദുപ്പത്രത്തിൽ താഴെ പറയുംപ്രകാരം ഒരു മുഖപ്രസംഗമെഴുതിയിരിക്കുന്നു.

കഴിഞ്ഞ കാൽശതാബ്ദത്തിനിടയിൽ മനുഷ്യജീവിതത്തിൽ കായികശാസ്ത്രത്തെപ്പോലെ തന്നെ ജീവശ്ശാസ്ത്രത്തിനും ഒരു പ്രധാനസ്ഥാനമു

ണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ജീവശ്ശാസ്ത്രത്തെപ്പററിയുള്ള സാമാന്യമായ അജ്ഞാനത്തിൽ പാശ്ചാത്താപിക്കേണ്ടിയിരിക്കുന്നു. വ്യക്തിയുടേയും, മനുഷ്യവർഗ്ഗത്തിൻെറയും, സംഘടിതമായ സമുദായത്തിൻെറയും പ്രകൃതം ജീവശ്ശാസ്ത്രസംബന്ധമായ കാര്യങ്ങളെയാണ് അധികം ആശ്രയിച്ചിരിക്കുന്നതെന്ന് മനുഷ്യർ മനസ്സിലാക്കിയില്ലെങ്കിൽ അവർ സ്വയം വഞ്ചിതരായിത്തീരുന്നതാണ്. ഈ ശാസ്ത്രത്തിന് മററുശാസ്ത്രങ്ങളുമായുള്ള ബന്ധത്തെപ്പററി പറഞ്ഞപ്പോൾ, ഒരു കണക്കുശാസ്ത്രജ്ഞനൊ, രസതന്ത്രജ്ഞനൊ, പ്രകൃതിശാസ്ത്രജ്ഞനൊ ഇതരശാസ്ത്രങ്ങളെപ്പററി അറിവില്ലാതിരിക്കാമെങ്കിലും, ഒരു ജീവശ്ശാസ്ത്രജ്ഞനിൽ അങ്ങനെയുള്ള സങ്കുചിതബുദ്ധി കാണുവാൻ പ്രയാസമാണെന്ന് പ്രൊഫസർ ഹിൽ അഭിപ്രായപ്പെടുക ഉണ്ടായി. അയാളുടെ പ്രവൃത്തിക്ക് മററുശാസ്ത്രങ്ങളെപ്പററി ഒരു ചെറിയ ജ്ഞാനമെങ്കിലും അത്യന്താപേക്ഷിതമാണ്. ജീവശ്ശാസ്ത്രം വിദ്യാഭ്യാസത്തിലെ ഒരു പ്രധാനഭാഗമാകുന്നു. മനഃശിക്ഷണം എത്രതന്നെ പ്രധാനമായിട്ടുള്ളതാണെങ്കിലും, അതുമാത്രമല്ല വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം. ചരിത്രം, ഭൂമിശാസ്ത്രം, പദ്യപാഠം, സംഗീതം മുതലായ വിദ്യാലയങ്ങളിലെ പല വിഷയങ്ങളും വിനോദങ്ങളുടെ നിലയിലല്ല, സാംസ്കാരികമായ വിലയെ അടിസ്ഥാനമാക്കിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അനുഭവം കൊണ്ടു കാണുന്നത് പ്രാഥമികപാഠശാലകളിൽപോലും പാഠ്യവിഷയങ്ങളിൽ ജീവശ്ശാസ്ത്രം കൂടി ഉൾപ്പെടുത്താമെന്നാണ്. ഒരു ആദർശവിദ്യാലയത്തിൽ ജീവശ്ശാസ്ത്രത്തിന് സുനിശ്ചിതവും ബഹുമാന്യവുമായ സ്ഥാനം നൾകാമെന്നാണ് പ്രാസംഗികൻ വിചാരിക്കുന്നത്. ഒരുപ്രകാരത്തിൽ വൈദ്യവകുപ്പിൽ ഉൾപ്പെടുന്ന മാനസികവും കായികവുമായ ആരോഗ്യവിഷയങ്ങൾ, ആഹാരം, രോഗം മുതലായവയെ കുട്ടികളും പ്രായമായവരും ജീവശ്ശാസ്ത്രമാർഗ്ഗത്തിൽ കൂടിയാണ് സമീപിക്കുന്നത്.

രോഗങ്ങളെ തടയുന്ന വിഷയത്തിലാണ് ആധുനികജീവശ്ശാസ്ത്രത്തെ അധികം ഉപയോഗിച്ചുവരുന്നത്. ജലസംഭരണവും ശുചീകരണവും ജീവശ്ശാസ്ത്രജ്ഞാനത്തെ ആവശ്യപ്പെടുന്നു. ഒരുഭാഗത്തുനിന്നും മറെറാരു ഭാഗത്തേക്ക് പഴങ്ങൾ കൊണ്ടുപോകുന്നതും ജീവശ്ശാസ്ത്രസംബന്ധമായ ഒരു കാര്യമാണ്. മാംസം ഉണക്കുക, പാൽക്കട്ടിയുണ്ടാക്കുക, മത്സ്യം ഉണക്കുക മുതലായവയെല്ലാം ജീവശ്ശാസ്ത്രസംബന്ധമായ ജ്ഞാനം ആവശ്യമാണ്. മനുഷ്യജീവിതത്തിലെ ഈ പ്രധാനകാര്യങ്ങളെപ്പററി പഠിക്കുന്നതിന് ജീവശ്ശാസ്ത്രജ്ഞാനം അത്യന്താപേക്ഷിതമാണ്. നിത്യജീവിതത്തിൽ അതിൻെറ വില അവർണ്ണനീയമത്രെ. ലത്തീൻഭാഷയിൽ പദ്യം രചിക്കുന്നതൊ, ഗ്രീക്കുകാരുടെ തത്വശാസ്ത്രം പഠിക്കുന്നതൊ മനസ്സിന് അധികം യോജിച്ച വിനോദങ്ങളായിരിക്കാമെങ്കിലും മന്ത്രിമാർക്കും പത്രാധിപന്മാ

ക്കം ലോകത്തെ ശരിയായി മനസ്സിലാക്കുന്നതിന് അല്പം ജീവശ്ശാസ്ത്രം ഉപയോഗകരമായിരിക്കുമെന്നാണ് പണ്ഡിതനായ പ്രാസംഗികൻ ഫലിതത്തോടുകൂടി പറയുന്നത്. ജീവശ്ശാസ്ത്രംകൊണ്ടുണ്ടാകുന്ന അതിപ്രധാന സംഗതി മനുഷ്യൎക്കു ജീവിതത്തെപ്പററി ന്യായമായ വീക്ഷണശീലമുണ്ടാക്കുകയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മനുഷ്യപ്രകൃതിയെപ്പററി പഠിക്കുന്നതിന് ജീവശ്ശാസ്ത്രം മനസ്സിലാകാതെ കഴികയില്ല. ജീവശ്ശാസ്ത്രത്തിന്റെ സഹായത്തെ ഉപേക്ഷിക്കാവുന്ന മററു അധികം ജ്ഞാനവിഭാഗങ്ങൾ ഇല്ല. ഏതുതരത്തിലുള്ള ജീവിതരീതി നയിക്കുന്നതിനും ഈ ശാസ്ത്രം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒരു വിഷയം പാഠശാലയിലെ പാഠപദ്ധതിയിൽ ഒരു ഉത്തമസ്ഥാനമൎഹിക്കുന്നു എന്നും കലാശാലകളിൽ അതിൽക്കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാണെന്നും ഉള്ളതു നിൎവ്വിവാദമാണ്.

## സ്ക്കൂൾയാത്ര.

ഒരു പ്രസിദ്ധവിദ്യാഭ്യാസപ്രവൎത്തകയായ മിസ്സ്. കോറിഗോർഡൺ സ്കൂൾയാത്രയുടെ ഉദ്ദേശങ്ങളേയും അതിന്റെ സാംസ്കാരികവിലയേയും പററി ഇങ്ങനെ പറയുന്നു:—

ഒരു സ്കൂൾയാത്ര എന്നു പറയുന്നതു് ഒരുകൂട്ടം സ്കൂൾകുട്ടികൾ അവരുടെ അധ്യാപകന്മാരുടെ നേതൃത്വത്തിൽ ഒരുതരം പ്രത്യേകവിദ്യാഭ്യാസത്തിനായി ഒരാഴ്ചവട്ടമൊ അതിലധികം കാലമൊ വീട്ടിൽനിന്നും അകലെയുള്ള ഒരു സ്ഥലത്തേക്കു പോകുന്നതിനേയാണ്. വിദ്യാലയത്തിനടുത്തുള്ള സ്ഥലങ്ങളെ ഇങ്ങനെ സന്ദൎശിക്കുന്നതിനും ചിലപ്പോൾ 'സ്കൂൾയാത്രകൾ' എന്നു പറയാറുണ്ടു്.

സ്കൂൾയാത്രയുടെ ഉദ്ദേശങ്ങൾ താഴെ പറയുന്നവയാണ്. (1) അദ്ധ്യാപകനേയും അദ്ധ്യേതാവിനേയും നല്ലവണ്ണം അടുപ്പിക്കുക. (2) സ്വാശ്രയശീലവും സഹോദരസ്നേഹവും വളൎത്തുക. (3) പ്രകൃതിയെപ്പററി പഠിക്കുക. (4) പുസ്തകങ്ങളിൽനിന്നെന്നപോലെ ബാഹ്യലോകത്തുനിന്നും പഠിക്കുന്ന ശീലം ഉണ്ടാക്കുക. (5) മനുഷ്യവൎഗ്ഗത്തെപ്പററിയുള്ള നമ്മുടെ ജ്ഞാനത്തെ വൎദ്ധിപ്പിക്കുക. (6) മഹാന്മാരുടെ സ്മരണകളുമായി ബന്ധമുള്ള സ്ഥലങ്ങൾ സന്ദൎശിക്കുക. (7) കൃഷിസംബന്ധമായ പ്രയത്നസമ്പ്രദായങ്ങൾ പരിശോധിക്കുക. (8) (ലണ്ടനിൽ) അലഭ്യമായ പാറകളുടേയും ചെടികളുടേയും മാതൃകകൾ ശേഖരിക്കുക. (9) നാട്ടിൻപുറത്തെ പരിശുദ്ധവായുവേററു ആരോഗ്യവും ശക്തിയും സമ്പാദിക്കുക. (10) ഒരു ഒഴിവുദിവസം സുഖപ്രദവും ബുദ്ധിപൂൎവകവുമായ വിധത്തിൽ ചിലവാക്കുന്നതെങ്ങിനെയെന്നു പഠിക്കുക.

നാട്ടിൻപുറത്തുനിന്നും ലഭിക്കുന്ന ആരോഗ്യത്തിന് ഈ യാത്ര പ്രഥമസ്ഥാനം നൽകിയിട്ടില്ല. കുട്ടികൾക്ക് പുതിയ അറിവു വളരെ ഉണ്ടാകുന്നുണ്ടെങ്കിലും അതിന് പ്രാധാന്യം കല്പിച്ചിട്ടില്ല. മാനസികവും കായികവുമായ ലാഭത്തേക്കാൾ സാന്മാർഗ്ഗികമായ നേട്ടമാണ് മഹത്തായി കരുതുന്നത്. ഗുരു, ശിഷ്യൻ, മാതാപിതാക്കന്മാർ ഇവർതമ്മിലുണ്ടാകുന്ന പരിചയം, കുട്ടിയിൽ നിഗൂഢങ്ങളായിട്ടുള്ള ശക്തികളുടെ ഉത്തേജനം, സമുദായജീവിതത്തിൽ പരസ്പരം സഹായിക്കേണ്ട ആവശ്യം, വിശാലമായ വീക്ഷണശീലം മുതലായവ വിദ്യാലയത്തിൽ ചെന്നതിനുശേഷം ഉൽകൃഷ്ടമായ സ്വഭാവരൂപവൽക്കരണത്തിന് അടിസ്ഥാനമായി ഭവിക്കുന്നു. സാന്മാർഗ്ഗികവും മാനസികവും കായികവുമായ ലാഭത്തെപ്പററി ചിന്തിക്കുന്ന പക്ഷം ശരിയായ രീതിയിലുള്ള ഒരാഴ്ചവട്ടത്തെ സ്കൂൾയാത്ര അഞ്ചോ ആറോ ആഴ്ചകളിലെ ക്ലാസ്സുമുറിയിലെ പഠിത്തത്തോടു തുല്യവിലയുള്ളതാണെന്ന് ഇൻസ്പെക്ടർമാർ അഭിപ്രായപ്പെടുന്നതിൽ അതിശയോക്തിയില്ല.

ലണ്ഡനിലാണ് സ്കൂൾയാത്ര ആദ്യമായി ആരംഭിച്ചതെന്നു പറയാം. തലസ്ഥാനനഗരിയിലെ ജനനിബിഡങ്ങളായ തെരുവുകളിലെ കുട്ടികളുടെ ആവശ്യങ്ങൾ വലുതായിരുന്നു. അവിടത്തെ വലിയ ശമ്പളം അറിവും ചൊടിയുമുള്ള അധ്യാപകന്മാരെ ആകർഷിച്ചു. ലണ്ഡനിലെ വിദ്യാഭ്യാസാധികൃതന്മാർ അഭിവൃദ്ധിയുടെ മുന്നണിയിൽതന്നെയായിരുന്നു. ചെറുപ്പക്കാരായ അധ്യാപകന്മാർ ഒഴിവുദിവസങ്ങളിൽ അവരുടെ സ്വന്തം ചിലവിന്മേൽ യാത്രകൾ നടത്തിവന്നു. പത്തുകൊല്ലത്തോളം അവർ അങ്ങിനെ പരീക്ഷിച്ചുവന്നു. അനന്തരം അവർക്ക് സഹായധനം ലഭിച്ചുതുടങ്ങി. 1914-ൽ നൂറു വിദ്യാലയങ്ങൾ ഈ വിധം യാത്രനടത്തി. ഇപ്പോൾ അധ്യാപകന്മാരുടെ യാത്രച്ചിലവും ഭക്ഷണച്ചിലവുമെല്ലാം നഗരസഭ നൽകുന്നു. മാതാപിതാക്കന്മാരും ധനസ്ഥിതിയനുസരിച്ച് വിദ്യാലയങ്ങളെ തരംതിരിക്കുന്നു. ഓരോ തരത്തിലുള്ള കുട്ടികൾക്ക് ഓരോ ആഴ്ചയിലേക്കു സഹായധനം ഇന്നതെന്നു നിശ്ചയിച്ചിട്ടുണ്ട്. ഇരുപതു കുട്ടികൾക്ക് ഒരധ്യാപകൻവീതം വേണം.

അധ്യാപകന്മാരടങ്ങിയ 'സ്കൂൾയാത്രാസമിതി' എന്നാ ഒരു സഭയുണ്ട്. അതു് അത്യുത്സാഹമായി പ്രവർത്തിക്കുന്നുണ്ട്. ഈ സമിതിമൂലം പലരിൽനിന്നും പലവിധത്തിലുള്ള സഹായം ലഭിക്കുന്നുണ്ട്. ഇവർക്ക് റെയിൽവെക്കൂലിതന്നെ വളരെ ലഘുവാക്കിയിട്ടുണ്ട്. സന്ദർശിക്കുന്ന സ്ഥലത്തിൻെറ സമ്പ്രദായമാണ് വിദ്യാഭ്യാസജോലിയുടെ രീതി നിശ്ചയിക്കുന്നതു്. ചില യാത്രകൾ സസ്യശാസ്ത്രവും പ്രകൃതിശാസ്ത്രവും പഠിക്കുന്നതിനായിട്ടാണ് വിനിയോഗിക്കുന്നതു്. മററുചിലതു് ഭൂമിശാസ്ത്രവും ചരിത്രവും സാഹിത്യവും പഠിക്കുന്നതിനുമാണ്.